

ഉള്ളടക്കം

1. പെരുമാൾതിരുമൊഴിയിലെ രാമായണകഥ
2. രാമോ വിഗ്രഹവാൻ ധർമ്മഃ
   വാത്മീകിയുടെ രാമൻ
3. വലഭിയും ഭട്ടികാവ്യവും
4. ഭട്ടികാവ്യം പ്രകീർണ്ണിക

പെരുമാൾതിരുമൊഴിയിലെ രാമായണകഥ

നാലായിരം ദിവ്യപ്രബന്ധത്തിലെ പെരുമാൾ തിരുമൊഴി കേരളത്തിലെ കുലശേഖരപ്പെരുമാളാണ് എഴുതിയത്. ഇതിലെ പത്താം ഭാഗം കുലശേഖരരാമായണമെന്ന് പേരുള്ള സംക്ഷിപ്തരാമായണമാണ്. സംഘകാലത്തെ അകനാനൂറ്,പുറനാനൂറ്,പരിപാടൽ ഇവയിലും പിന്നീടുവന്ന ചിലപ്പതികാരം മണിമേഖലാകാവ്യങ്ങളിലും രാമകഥ സുപരിചിതമാണ്. ഒമ്പതാം നൂറ്റാണ്ടിൽ മഹാഭാരതം തമിഴിലെഴുതിയ പെരുന്തേവനാരും രാമകഥ പറയുന്നുണ്ട്. അതേ കാലത്തുവന്ന യാപ്പുറുംകലാവിരുത്തിയിലും വെംബാ വൃത്തത്തിലെഴുതിയ രാമകഥയേയും പുരാണസാഗരത്തേയും പറയുന്നു.കൂടാതെ വെംബാക്കൾ പല പുരാണഗ്രന്ഥങ്ങളിലും ഉദ്ധരിക്കപ്പെട്ടിരിക്കുന്നു.പല ആൾവാർ കൃതികളിലും രാമകഥാപരാമർശമുണ്ട്. പെരിയാൾവാർ ഹനുമാൻ സീതയുടെ വിശ്വാസം നേടാനായി രാമകഥ പറയുന്നത് പരാമർശിക്കുന്നു.പെരുമാൾതിരുമൊഴിയിലാണ് ശംബൂകവധം ഉള്ളത്.

ഗുപ്തകാലം മുതലേ ക്ഷേത്രങ്ങളിൽ(ദിയോഗാർഹ്, നാച്ച്നാ) രാമകഥാശിൽപ്പങ്ങൾ കൊത്തിവെച്ചിട്ടുണ്ട്. ചോളകാലത്തും ഇത് കാണുന്നുണ്ട്. കുംഭകോണം നാഗേശ്വരസ്വാമിക്ഷേത്രം, പുള്ളമങ്കൈ ബ്രഹ്മപുരീശ്വരക്ഷേത്രം ഇവിടങ്ങളിൽ രാമകഥ കൊത്തിവെച്ചിട്ടുണ്ട്. ഈ ശിൽപ്പങ്ങളിലെ കഥക്ക് കുലശേഖരന്റെ രാമകഥയോട് സാമ്യമുണ്ട്. നൃത്തം,ശിൽപ്പം,സംഗീതം ഇവയെല്ലാം വാത്മീകിരാമായണകഥയുമായി ബന്ധപ്പെട്ട് തെക്കേഇന്ത്യയിൽ പണ്ടേ നിലനിന്നിരിക്കണം. അഥവാ അതിൽനിന്ന് പലതും സ്വീകരിച്ചിരിക്കണം. കുലശേഖരനും ആ സംസ്കൃതി ഉൾക്കൊണ്ട് വളർന്ന രാജകുമാരനാണ്.അക്കാലത്ത് രാമായണമുൾപ്പെടെയുള്ള പുരാണങ്ങൾ വായിക്കാനായി രാജാക്കന്മാരും പ്രഭുക്കന്മാരും ക്ഷേത്രങ്ങൾക്ക് പ്രത്യേകദാനം ചെയ്തിരുന്നു.

കുലശേഖരനെ വാത്മീകിരാമായണം കൂടാതെ വേറെ വല്ല രാമായണവും സ്വാധീനിച്ചിരുന്നുവോ.

വാത്മീകിരാമായണത്തിൽനിന്ന് വ്യത്യസ്തമായി കുലശേഖരൻ രണ്ടു സ്ഥലത്ത് എഴുതിയിട്ടുണ്ട്. 1. ഗുഹന്റെ തോണിയിലുള്ള രാമലക്ഷ്മണാദികളുടെ പ്രയാണം. 2 ശൂർപ്പണഖയുടെ അപമാനം. ഇതുപോലുള്ള ഇക്കണോഗ്രാഫിക്ക് ശിൽപ്പങ്ങളും തെക്കേ ഇന്ത്യയിൽ കാണുന്നുണ്ട്.

തുറൈ കംകൈ തന്നൈ പറ്റി ഉടൈ കുകൻ കടത്ത (10.4.2) ഇതുപ്രകാരം ഗുഹനാണ് രാമന്റെ സംഘത്തെ ഗംഗാനദി കടത്തിയത്. ഇത് വാത്മീകിരാമായണത്തിലുള്ളതല്ല.

തതസ്തം സമനുജ്ഞായ ഗുഹം ഇക്ഷ്വാകുനന്ദന

ജഗാമ തൂർണ്ണം അവ്യഗ്ര സഭാര്യാ സലക്ഷ്മണ

സ ഭ്രാതൃശാസനം ശ്രുത്വാ സർവ്വം അപ്രതികൂലയൻ

ആരോപ്യ മൈഥിലീം പൂർവ്വം ആരുരാഹോത്മവാംസ്തത

അഥാരൂരോഹ തേജസ്വി സ്വയം ലക്ഷ്മണപൂർവ്വജ

തതോ നിഷാദാധിപതിർ ഗുഹോ ജ്ഞാതീൻ അചോദയത്

അനുജ്ഞായ സുമന്ത്രാം ച സബലം ചൈവ തം ഗുഹം

ആസ്തായ നാവം രാമസ്തു ചോദയാം ആസ നാവികാൻ (രാമായണം 2.46. 60, 63-65)

കുലശേഖരകാലത്തിനു തൊട്ടു പിന്നെ വന്ന കമ്പൻ പറയുന്നത്ഃ-

ചിന്തനൈ ഉണർക്കിർപ്പാൻ ചെന്റനൻ വിരൈവോടും

തന്തനൻ നേറ്റു നാവായ് താമരൈനയനത്താൽ

അന്തണർ തമൈയെല്ലാം അരുളുതിർ വിടൈ എന്നാ

ഇന്തുവിൻ നുതലാളോടു ഇളവലോടു ഇനിതു ഏറാ

വിതു നാനി കടിതുഎന്റാൻ മെയ് ഉയിർ അനൈയാനും

മുതുകിനാൻ നേതു നാവായ് മുറി തിറൈ നേതു നീർ വായ്

കടിത് ഇനി മാതാ അന്ന കടി അതു ചേല നിന്റാർ

ഇടർ ഉര മറൈയോരും എറി ഉരു മെളുകു ആനാർ

അത്തിച്ചൈ ഉറ്റു അയ്യൻ അൻപനൈ മുഖം നോക്കി

ചിത്തിരക്കൂടത്തിൻ ചെൽ നെറി പകർ എന്ന

ഉത്തമ അതി നായേൻ ഓതുവതു ഉളതു എന്റാൻ

ഇവിടെ ഭക്തിപൂർവ്വം തുഴയുന്നത് ഗുഹനാണ്. കമ്പനും കുലശേഖരനും ഒരേപോലെ പറയുന്നു. 5ആം നൂറ്റാണ്ടിലെ നരസിംഹപുരാണം രാമൻ ഗുഹൻ കൊണ്ടുവന്ന തോണിയിൽ കയറി എന്നേ പറയുന്നുള്ളു. വിമല സൂരിയുടെ പൌമചര്യ്യ എന്ന ജൈനരാമായണം (1-3 ശതകം) ശൃംഗവേര പുരത്തുനിന്ന് തോണിയിൽ കയറി എന്നല്ലാതെ ഗുഹനെ പറയുന്നതേയില്ല. 5ആം നൂറ്റാണ്ടിലെ രഘുവംശവും ഗുഹനെ പറയുന്നില്ല.ഭട്ടികാവ്യത്തിലും ഗുഹനെ പറയുന്നില്ല. ഭവഭൂതി മഹാവീരചരിതത്തിൽ ഒരു പ്രാവശ്യം ഗുഹനാമം പറയുന്നു, പക്ഷേ മേൽപ്പറഞ്ഞതൊന്നും പറയുന്നില്ല. മുരാരി യുടെ അനർഘരാഘവത്തിൽ ഗുഹനാണ് ഗംഗ കടത്തുന്നത്. അതിനു പക രമാണ് ഗുഹനെ രാമൻ സുഹൃത്തായി സ്വീകരിക്കുന്നത്. കുലശേഖരന് വാത്മീകിരാമായണത്തിലില്ലാത്ത കഥ കിട്ടിയത് ഇക്കണോഗ്രാഫിക്ക് ശി ൽപ്പങ്ങളിൽ നിന്നാവണം.ബീഹാറിലെ അഫ്സദും മദ്ധ്യപ്രദേശിലെ നാച്ന യും ഉത്തരേന്ത്യയിലാണ്. എന്നാലും അവ 7ആം നൂറ്റാണ്ടിലേ ഉണ്ട്. കുല ശേഖരന് ബീഹാറിലേയും മദ്ധ്യപ്രദേശിലേയും ശിൽപങ്ങളെ പരിചയമു ണ്ടായിരുന്നിരിക്കണം... ഇന്ത്യയിൽ ഗുഹൻ തോണി കടത്തി എന്ന കഥ

അന്നു തന്നെ ഉണ്ട്. തമിഴ്നാട്ടിലെ രണ്ട് ശിവക്ഷേത്രവും ചോള(10ആം നൂറ്റാണ്ട്) കാല ത്താണ്. കുലശേഖരനും കമ്പനും ശേഷവുമാണ്. പെരിയാഴ്വാർ കൂർഅണിന്ത വേൽ വളവൻ കുകനോടും കംകൈ തന്നിൽ ചീറണിന്ത തോലമൈ കൊണ്ടാടും എന്ന് ഗുഹകഥ പറയുന്നു.

ശൂർപ്പണഖാകഥ

കലൈ വണക്കു നോക്കു അരക്കി മൂക്കൈ നീക്കി

കരനോടു തൂതണൻ തൻ ഉയിരൈ വാങ്കി (പെരുമാൾ തിരുമൊഴി 10.5.2)

വാത്മീകിയുടെ ശൂർപ്പണഖയെപ്പോലെ വിരൂപയല്ല പെരുമാളിന്റെ ശൂർപ്പണഖ. കലമാനിന്റെ കണ്ണിനെ തോൽപ്പിക്കുന്ന കണ്ണുകളുള്ളവളാണ്. എന്നാലതിലുമൊരു വൈരുദ്ധ്യമുണ്ട്. സുന്ദരിയുടെ കണ്ണ് മാൻകിടാവിന്റേതുപോലെ ചലിക്കുന്നതും പേടിച്ചപോലെ തോന്നിക്കുന്നതുമാണ്. ശൂർപ്പണഖയുടേത് വലിയ കലമാനെന്ന പുരുഷമൃഗത്തിന്റെ യുദ്ധത്തിനൊരുങ്ങിയ ഭാവമുള്ളതാണ്.മാത്രമല്ല, സംഘകാലത്ത് (കുറുന്തൊകൈ 272) ഈ പദത്തിന് കറുത്ത പുരുഷക്കുരങ്ങ് എന്നും അർത്ഥമുണ്ടായിരുന്നു (കരിങ്കുരങ്ങ്). പാസുരതതിലെ എടുക്കൈ പ്രയോഗത്തിനായി, വലി,ചിലൈ,തലൈ മുതലായ പദങ്ങൾക്ക് പ്രാസമുണ്ടാവാനാണ് കുലശേഖരൻ കലൈ എന്ന പദം ഉപയോഗിച്ചതെന്നു വരാം. രണ്ടാമത്തെ വരിയിലെ കരൻ(ഖരൻ) എന്ന പദത്തിന് ചേർന്ന ആദ്യാക്ഷര പ്രാസത്തിനുവേണ്ടിയുമാവാം.

മൂന്നാം നൂറ്റാണ്ടിലെ തിരുവള്ളുവരുടെ തിരുക്കുറളിൽ, കൂറ്റമോ കണ്ണോ പിണൈയോ മതവര നോക്കം ഇമ്മൂന്റും ഉടൈത്തു എന്ന് യമനും മാനും സുന്ദരിയുടെ കണ്ണും മൂന്നും ഒന്നായി സങ്കൽപ്പിക്കുന്നുണ്ട്. അതുപോലെ കുലശേഖരനും ശൂർപ്പണഖയുടെ കണ്ണിനെ യമന്റെ കണ്ണായി വിചാരിച്ചതാവാം. അകംപാട്ടുകളിൽ ഇത്തരം ഉപമ സാധാരണമാണ്. കലൈനോക്കൈ തോർപ്പിക്കും പടിയാന നോക്കൈ ഉടൈയ ശൂർപ്പണഖിയുടൈയ മൂക്കൈ വാങ്കി എന്ന് അർത്ഥം പറഞ്ഞിരിക്കുന്നു. (പെരിയവാച്ചൻ പിള്ളൈ. 1993) രാമനെ സമീപിക്കുമ്പോൾ ശൂർപ്പണഖ സുന്ദരിവേഷം പൂണ്ടതായി പറയുന്നതിനാൽ കണ്ണിന്റെ സൌന്ദര്യം പറയുന്നത് അനുചിതമല്ല.

സുമുഖം ദുർമ്മുഖീ രാമം വൃത്തമദ്ധ്യം മഹോദരീ

വിശാലാക്ഷം വിരൂപാക്ഷി സുകേശം താമ്രമൂർദ്ധജ

പ്രിയരൂപം വിരൂപാ സാ സുസ്വരം ഭൈരവസ്വരഃ

തരുണം ദാരുണാ വൃദ്ധാ ദക്ഷിണം വാമഭാഷിണി

ന്യായവൃത്തം സുദുർവൃത്താ പ്രിയം അപ്രിയദർശനാ

ശരീരജസമാവിഷ്ടാ രാക്ഷസീ രാമം ആബ്രവീത് (വാത്മീകി 3.16.8-10)

ഇപ്രകാരം എല്ലാ വിധത്തിലും രാമനും അവളും വ്യത്യസ്തരായിരുന്നിട്ടും അവളെ കാമദേവൻ മയക്കിയതിനാൽ രാമനെ സമീപിച്ചു എന്ന് വാ

ത്മീകി. മാനിൻ വിഴി പെറ്റ് മയിൽ വന്തതെന വന്താളെന്ന് കമ്പരും സുന്ദരീവേഷം പൂണ്ടു വന്ന രാക്ഷസിയെ വർണ്ണിക്കുന്നു. വാത്മീകിയുടെ ശൂർപ്പണഖ വിരൂപാക്ഷിയാണ്, അലാതസദൃശേക്ഷണ(3.17.17) ആണ്. സീത മാൻമിഴിയും. വാത്മീകിരാമായണത്തിലും രാമലക്ഷണന്മാർ ശൂർപ്പണഖയെ കളിയാക്കി വിശാലാക്ഷി എന്ന് വിളിക്കുന്നുണ്ടെന്നും അവൾ കാമരൂപിണിയാണെന്നും ഓർക്കണം. എന്നാലത് തമാശയായിട്ടാണ്. മദ്യം കുടിച്ച് മയങ്ങിയ കണ്ണുകളാണ് അവൾക്കെന്നും സൂചനയുണ്ട്. (ഇതി ഏവം ഉക്താ കാകുത്ഥ്സാ പ്രഹസ്യ മദിരേക്ഷണാം.)

കുലശേഖരന്റെ സാഹിത്യപിൻഗാമിയായ കമ്പർ ശൂർപ്പണഖയുടെ കാമരൂപത്തെ പറയുന്നത് ഇങ്ങനെഃ-

എയിരുടൈ അരക്കിഎ ഉയിരും ഇട്ടതു ഓർ
വയിർഉടൈയാൽ എണ മറുക്കും ആതലാൽ
കുയിൽ തൊടർ കുടലൈ ഓർ കൊവ്വൈ വായ് ഇള
മയിൽ തൊടർ ഇയലി ആയ് മറുവൽ നന്റു എനാ

പങ്കയചെൽവിയെ മണത്തു പാവിയാ
അങ്കൈയിൻ ആയ മന്തിരത്തൈ ആയ്ന്തനാൽ
തിങ്കളിൻ ചിറന്തു ഒളിർ മുകത്താൽ ചെവ്വിയൾ
പൊങ്കു ഒളി വിചുമ്പിനിൽ പൊലിയ തോന്റിനാൾ
....ഓർ
മാനിൻമിഴിപെറ്റു മയിൽ വന്തതു എന വന്താൾ

വാത്മീകിയുടെ ശൂർപ്പണഖ കാമരൂപിണിയാണ്, ഏതുരൂപവും സ്വീകരിക്കാനാവുന്നവളാണ്. അതിനാലാണ് കുലശേഖരനും തുടർന്ന് കമ്പനും ഇപ്രകാരം ശൂർപ്പണഖയെ സുന്ദരിയാക്കി വർണ്ണിക്കുന്നത്. മൂന്നാം നൂറ്റാണ്ടിലെ വിമലസൂരിയുടെ അപഭ്രംശരാമായണവും ഇപ്രകാരം ശൂർപ്പണഖയുടെ സുന്ദരശൃംഗാരരൂപം പറയുന്നുണ്ട്. അതിനാൽ കുലശേഖരനും കമ്പനും ആ പ്രാകൃതരാമായണത്തിലെ രൂപത്തെ പരിചയമുണ്ടായിരുന്നു എന്ന് കരുതണം.പൌമചര്യു എന്ന ഈ ജൈനരാമായണത്തിൽ ചന്ദ്രനഖ എന്നാണ് ശൂർപ്പണഖ എന്നല്ല പേർ കാണുന്നത്. അപ്സരസ്ത്രീയെപ്പോലെ സുന്ദരവേഷം കെട്ടിയ അവളെ ലക്ഷണം കൊണ്ടുതന്നെ ലക്ഷ്മണൻ തിരിച്ചറിയുന്നുമുണ്ട്.തടിച്ച തുടകളും മുലകളും കൈകളും ചഞ്ചലമായ കണ്ണുകളും വേഗത്തിലുള്ള നടത്തവും കണ്ട് ഇവൾ ഭാര്യയായി സ്വീകരിക്കാവുന്നവളല്ല എന്ന് അദ്ദേഹം പറയുന്നു. ചലിക്കുന്ന മിഴി ഇവിടേയും പരാമർശിക്കുന്നു.

മഹാഭാരതത്തിലെ രാമോപാഖ്യാനം (3.257-276) ശൂർപ്പണഖയുടെ സുന്ദരരൂപം പറയുന്നില്ല. ഇതിഹാസങ്ങളുടെ വായ്മൊഴിരൂപം അവ എഴുതപ്പെടുന്നതിന് സഹസ്രാബ്ദങ്ങൾക്കു മുമ്പേ ജനതക്ക് സുപരിചിതമായിരുന്നിരിക്കണം. കാമരൂപിണിയായ ശൂർപ്പണഖ ശോഭയും സൌന്ദര്യവുമുള്ള മായാരൂപമെടുത്ത് മനോഹരശബ്ദത്തിൽ പാടിക്കൊണ്ട് രാമനെ സമീപിച്ചതാ

യി നരസിംഹപുരാണം (49. 34-36) പറയുന്നുണ്ട്. അഞ്ചാം നൂറ്റാണ്ടിനുമുമ്പാണ് ഇതിന്റെ രചന.

Deogarh UP

Brahmapureeswara Pullamangai



മഹാവീരപുരാണം (ഭവഭൂതി) ജടായുസഹോദരനായ സമ്പാതിയുടെ വാക്കുകളിൽ ഈ സംഭവം പറയുന്നു. ലജ്ജാവഹം. അനേകം നൂറ്റാണ്ടുകൾ ജീവിച്ച് തന്റെ 13ആം യുഗത്തിലെത്തിയവൾ, മുലകുടി മാറാത്ത കുട്ടിയെ ആശിച്ച് ലജ്ജിപ്പിക്കുന്നു. രൂപത്തെ പറയാതെ വാർദ്ധക്യത്തെ മാത്രം പറഞ്ഞ് സമ്പാതി അവളെ അവതരിപ്പിക്കുന്നു. ഇപ്രകാരം വ്യംഗ്യം കൊണ്ട് പറയുന്നതിനാൽ അദ്ദേഹം വാത്മീകിയെയാണ് പിൻതുടരുന്നത്. ഭവഭൂതിക്കു മുമ്പ് ജീവിച്ച ഭട്ടി രാവണവധത്തിൽ ഇങ്ങനെ പറയുന്നു.

ദധാനാ വലിഭം മദ്ധ്യം കർണ്ണജാഹാ വിലോചനാ

വക്ത്വചേനാതിസർവ്വേണ ചന്ദ്രലേഖേവ പക്ഷതൌ (ഭട്ടികാവ്യം 4.15)

വാത്മീകിയുടെ കരാളനിർണ്ണതോദരിയോ കാളിദാസന്റെ വിരൂപിയോ അല്ല ഭട്ടികാവ്യത്തിലെ ശൂർപ്പണഖ. വലികളോടു കൂടിയ നാഭിയും കാതുവരെ നീണ്ട ലോചനങ്ങളും, വാക്കും ചർമ്മവും പക്ഷത്തിലെ പ്രഥമയിലെ ചന്ദ്രലേഖ പോലെ സുന്ദരവുമാണ്. ഭട്ടികാവ്യം 7-8 നൂറ്റാണ്ടുകളിലാണ് എഴുത

പ്പെട്ടതെന്ന് പണ്ഡിതമതം.രണ്ടു പ്രാവശ്യവും തന്നെ രാമലക്ഷ്മണന്മാർ തിരസ്കരിച്ചപ്പോൾ ശൂർപ്പണഖ രൂപം മാറിയത് കാളിദാസന്റെ രഘു വംശം പറയുന്നുഃ-

ഇതി ഉക്ത്വാ മൈഥിലീം ഭർതൃർ അംഗേ നിവിശതിം ഭയാത്
രൂപം ശൂർപ്പണഖാം നാമ്നാ സദൃശം പ്രത്യപദ്യതാ
ലക്ഷ്മണ പ്രഥമം ശ്രുത്വാ കോകിലാമഞ്ജുഭാഷിണീം
ശിവാഘോരസ്വനാം പശ്ചാത് ബുബുധേ വികൃതേതി താം
പർണ്ണശാലാം അഥ ക്ഷിപ്രം വിവൃതാശി പ്രവിശ്യ സ
വൈരൂപ്യപുനരുക്ത്യേന ഭീഷണാം താം അയോജയാത് (12.38-40)

സീത പേടിച്ച് രാമന്റെ മടിയിൽ പതുങ്ങിയപ്പോൾ സ്വന്തം പേരിനനു യോജ്യമായ സ്വരൂപം ശൂർപ്പണഖ എടുത്തു. നേരത്തേ കേട്ട കോകില മഞ്ജുഭാഷണത്തിനു പകരം ചെന്നായ ഓരിയിടുന്നപോലുള്ള അവളുടെ ശബ്ദം കേട്ട് ലക്ഷ്മണൻ ഊരിപ്പിടിച്ച വാളുമായി പർണ്ണശാലക്കകത്തുവന്ന് അവളുടെ വിരൂപത്തെ ഒന്നുകൂടി വിരൂപമാക്കി.കുലശേഖരനു ശേഷം വന്ന ശക്തിഭദ്രന്റെ ആശ്ചര്യചൂഡാമണിയും കേരളത്തിലെ ഒരു കവി എഴുതിയ സംസ്കൃതകാവ്യമാണ്. അവളെ ആദ്യം കാണുമ്പോൾ ലക്ഷ്മ ണൻ ആശ്ചര്യപ്പെടുന്നുഃ-നീൾമിഴികളും വളഞ്ഞ പുരികക്കൊടികളും സുന്ദ രമായ മാർവ്വിടവുമുള്ള ഈ വിസ്മയം ഭൂമിയിൽനിന്നോ ആകാശത്തുനി ന്നോ ഇവിടെ വന്നത് എന്ന്. താമരയിതളുപോലുള്ള മിഴികൾ മത്സ്യം പോലെ ചലിക്കുന്നു . രൂപമാറ്റത്തിനു ശേഷം രാമൻ പറയുന്നത് ഇങ്ങ നെഃ-വളഞ്ഞ ദംഷ്ട്രകളും പർവ്വതം പോലെ ശരീരവും മേഘം പോലെ നിറവും ഉള്ള ഭീകരരൂപം താടകയെ വധിച്ച എന്നെപ്പോലും ഭയപ്പെടുത്തു ന്നു .

വാത്മീകിരാമായണത്തിന്റെ ബംഗാളിപതിപ്പിൽ ഈ രൂപമാറ്റത്തിന്റെ സൂചനയുണ്ട്. കാമം ഉത്പാദയിഷ്യാമി രൂപേണാന്യേന കാമിനീ എന്ന് പറയുന്ന ശൂർപ്പണഖ രൂപം മാറിയാണ് രാമനെ വശീകരിക്കാനെത്തുന്നത്.

ശിൽപ്പം-കുലശേഖരനു മുമ്പും പിമ്പും

Deogarh UP

Brahmapureeswara Pullamangai



1 മദ്ധ്യപ്രദേശിലെ നാച്ച്ന. (നാലാം നൂറ്റാണ്ട്) സീതയേക്കാൾ സുന്ദരിയായി ശൂർപ്പണഖയെ കൊത്തിവെച്ചിരിക്കുന്നു.

2. ഉത്തർപ്രദേശിലെ ദിയോഗാർഹ്.(5ആം നൂറ്റാണ്ട്) സുന്ദരിയായി കൊത്തിവെച്ചിരിക്കുന്നു. ഇവ രണ്ടും കുലശേഖരകാലത്തിനു മുമ്പാണ്.

തമിഴകത്തെ ക്ഷേത്രങ്ങളിലുള്ളവ കുലശേഖരകാലത്തിനു ശേഷമാണ്. അവ രാക്ഷസിരൂപത്തിലാണ് കൊത്തിയിട്ടുള്ളത്.

ഒമ്പതാം നൂറ്റാണ്ടിലെ പ്രാംബണൻ ശിൽപവും (ഇന്തോനേഷ്യ) സുന്ദരി യായിട്ടാണ് ശൂർപ്പണഖയെ കാണിക്കുന്നത്.ഇരിക്കുന്ന രാമനും സീതയും സീതയുടെ പിന്നിൽ ഒരു ദാസിയും കുറച്ചു ദൂരെ ശൂർപ്പണഖയും .അവൾ പുഷ്പങ്ങളും സ്വർണ്ണവും രാമന് കാഴ്ച വെച്ചതായി സരൺ ആന്റ് ഖന്ന (2004.47) പറയുന്നു. ശൂർപ്പണഖയുടെ ശൃംഗാരരൂപം വളരെ പോപ്പുലറാ യി ഇന്ത്യയിൽ നിലനിന്നതായും അത് ഇന്തോനേഷ്യ മുതലായ പ്രദേശങ്ങ ളിലേക്കും വ്യാപിച്ചിരുന്നതായും പണ്ഡിതാഭിപ്രായം.

വാത്മീകി ലക്ഷ്മണനാണ് രാക്ഷസിയെ വിരൂപയാക്കിയതെന്നു പറയുമ്പോ ൾ കുലശേഖരൻ രാമനാണെന്ന് പറയുന്നു. കുലശേഖരകാലത്തിനു മുമ്പുള്ള പുരാണങ്ങളിൽ പലതും രാമനാണ് ശൂർപ്പണഖയെ ശിക്ഷിച്ചതെന്ന് പറയു ന്നുണ്ട്.

ഇതി ഉക്തോ ലക്ഷ്മണസ്തസ്യാ ക്രുദ്ധോ രാമസ്യപാശ്യത

ഉദ്ധൃത്യ ഖഡ്ഗം ചിഛേദ കർണ്ണനാസം മഹാബല (ആരണ്യകാണ്ഡം 3.17. 21) എന്നാണ് വാത്മീകിവാക്യം. എന്നാല് കുലശേഖരകാലത്തിനു മുമ്പു തന്നെ ചില പുരാണങ്ങൾ (ദേവീഭാഗവതം,ഭാഗവതം,ഗരുഢപുരാണം, പത്മ പുരാണം ഇവ) രാമനാണ് ശൂർപ്പണഖയെ വിരൂപയാക്കിയതെന്ന് പറയു ന്നുണ്ട്. (നരസിംഹപുരാണവും ബ്രഹ്മവൈവർത്തപുരാണവും ലക്ഷ്മണനാ ണ് ചെയ്തതെന്നും പറയുന്നു).നാരദന്റെ സംക്ഷേപരാമായണത്തിലും രാമ നാണ് ശൂർപ്പണഖയുടെ മൂക്ക് ഛേദിച്ചത്. വാത്മീകി,കാളിദാസൻ, ഭവഭൂ തി, ഭട്ടി, കമ്പനെന്നിവർ ലക്ഷ്മണനാണ് ആ കൃത്യം ചെയ്തതെന്ന് പറയു ന്നു. കുലശേഖരൻ പറയുന്നത്ഃ വിരാതൈ കൊന്റു,വരിവിൽ വാങ്കി, മൂക്കൈ നീക്കി, കരതൂതനന്മാരുടെ ഉയിരൈ വാങ്കി, ചിലൈ വണക്കി, മാൻ മരിയ എയ്താനെന്നാണ്. ഈ ക്രിയകളെല്ലാം ഒരാളാണ് ചെയ്തത്. അതായത് രാമനാണ്. വിരാധവധം,ഖരദൂഷണവധം, മാരീചവധം ഇവ ചെയ്തത് രാമനാകയാൽ ഇവിടെ മൂക്കൈ നീക്കി എന്നതും രാമനാണ് ചെയ്തതെന്ന് വരുന്നു. ഈ വരികളിലെ വരിവിൽ വാങ്കി എന്നത് കേര ളത്തിലെ രാജാക്കന്മാർക്ക് പത്മനാഭനു(വിഷ്ണുവിന്) ഓണക്കാലത്ത് സമ ർപ്പിക്കാനുള്ള വരകളും ചിത്രങ്ങളുമുള്ള ഓണവില്ലാണ്. ഭൂമിശാസ്ത്രപ രമായി ഈ പദത്തിന് പ്രാധാന്യം തോന്നുന്നു. കുലശേഖരൻ കേരളരാജ കുമാരനും ചക്രവർത്തിയുമായിരുന്നുവല്ലോ. പെരിയാഴ്വാരും ആണ്ടാളും തിരുമങ്കൈ ആൾവാരും കുലശേഖരനെ അനുകരിച്ച് രാമനാണ് മൂക്ക് ഛേദിച്ചതെന്ന് എഴുതുന്നു. നുടങ്കിടൈ ചൂർപ്പണകാവൈ ചെവിയോടു മൂക്കു അവൾ ആർക്ക അരിന്താൻ(പെരിയാഴ്വാർ തിരുമൊഴി) കൊല്ലൈ അരക്കിയൈ മൂക്കരിന്തിട്ട കുമരനാർ(നാച്ചിയാർ തിരുമൊഴി), തീ അര ക്കി മൂക്കും പരുചെവിയും ഈർന്ത പരൻ(പെരിയ തിരുവന്താതി)

എന്താണ് എല്ലാ ആഴ്വാർമാരും ഇപ്രകാരം പറയാനുള്ള കാരണം. വൈ ഷ്ണവാചാര്യന്മാരുടെ അഭിപ്രായം ലക്ഷ്മണൻ രാമന്റെ വലംകൈയാണ്, ആത്മസദൃശനാണ് ,അതിനാൽ രാമകാര്യത്തിനായി ലക്ഷ്മണൻ ചെയ്തത് രാമൻ ചെയ്തതുതന്നെയാണ് എന്നാണ്. രാമസ്യ ദക്ഷിണോ ബാഹുവും

ആത്മസദൃശനുമാണ് ലക്ഷ്മണനെന്ന് രാവണനോട് ശൂർപ്പണഖ പറയുന്നുണ്ട്. ചൂർപ്പണകയൈ അംകപംകം ചെയ്തത് ഇളൈയ പെരുമാളിൻ ചെയ്കയായിനും അതനൈ പെരുമാൾ മേൽ ഏറ്റിച്ചൊന്നതു ഇരാമനാടു കരുത്തുക്കേർപ്പ അവൻ കട്ടളൈ ഇട്ടപടി, ഇവൻ ചെയ്താൻ ആതലിൽ പ്രയോജ്യകർത്താവിൻ വിനൈ ആതൽ പറ്റി എങ്ക,അന്റിയും രാമസ്യ ദക്ഷിണോ ബാഹു എന്റ പടി ഇരാമപിരാനുക്കു ലക്ഷ്മണൻ വലത്തിരു കൈ എന പടുതലാൽ അണ്ണനാം കൈ ആകിറ ലക്ഷ്മണൻ ഉടൈയ ചെയലൈ ഇരാമന്മേൽ ഒറ്റുമൈ നയം പറ്റി ഏറ്റിക്കൊള്ളുതൽ തകുതിയേ. (അന്നങ്കരാചാര്യർ)

ശംബൂകനെ രാമനും ശംഭുകുമാരനെ ലക്ഷ്മണനും വധിച്ച കഥകളിലും ഇതുപോലെ ഒരേ കഥയുടെ വിവിധരൂപങ്ങളാണുള്ളതെന്ന് ചിലർ കരുതുന്നു.(Blackburn (1996: 73)

തതോ രാമോ ഭവിഷ്ണുശ്ച ചതുർദ്ധാ ദുഷ്ടാർമ്മദന

പുത്രോ ദശരഥജ്ജാജ്ഞേ രാമസ്ച ഭരതോനുജ

നാസം ശൂർപ്പണഖസ്യാച്ച ഛിത്വാഥ ഖരദൂഷണം

ഹത്വാ സ രാക്ഷസം സീതാപഹാരിരജനീചരം (ഗരുഡപുരാണം 1.142.10.12-13)

അതനുസരിച്ച് വിഷ്ണു തന്നെ നാലുപേരായി ജനിച്ചതിനാൽ അവരിലാരു ചെയ്തതും വിഷ്ണു ദുഷ്ടരെ ശിക്ഷിക്കാനായി ചെയ്തതാണ്. വിമലസൂരി മാത്രമാണ് ശൂർപ്പണഖ സ്വയം ശിക്ഷിച്ച് സഹോദരന്മാരെ കുറിച്ച് രാവണനോട് ചെന്ന് കേസുപറഞ്ഞതാണെന്ന് പറയുന്നത്. അദ്ദേഹം രാവണവധം ചെയ്തത് ലക്ഷമണനാണെന്നും അതിനാൽ രാമനെ പാപം തീണ്ടിയില്ലെന്നും കൂടി പറയുന്നു.

കുലശേഖരൻ അഹല്യാമോക്ഷം പറയുന്നില്ല. സീതയുടെ അഗ്നിപ്രവേശവും പറയുന്നില്ല. ജടായുവിനെ വൈകുണ്ഠത്തിലേറ്റിയെന്ന് പറയുന്നുണ്ട്.

യാ ഗതിർ യജ്ഞശീലാനാം ആഹിതാഗ്നേശ്ച യാ ഗതി
അപരാവർത്തിനാം യാ ച യാ ച ഭൂമിപ്രദായിനാ
മായാ ത്വം സമനുജ്ഞാതോ ഗഛ ലോകാൻ അനുത്തമാൻ
ഗൃദ്ധ്രരാജ മഹാസത്വ സംസ്കൃതശ്ച മയാ വ്രജ (വാത്മീകിരാമായണം)

തില്ലെയിലെ തിരുച്ചിത്രകൂടനഗരത്തിലെ വിഷ്ണുവും രാമനും കുലശേഖര ആൾവാർക്ക് ഒരാളാണെന്നതും ശ്രദ്ധയർഹിക്കുന്നു.

അം കണ്ണേതു മതിൽ പുടൈ ചൂൾ അയോത്തി എന്നും

അണിനകരത്തുലകനൈത്തും വിളക്കും ചോതി

വെംകതിരോൻ കുലത്തുക്കോർവിളക്കു ആയ് തോന്റി

ചെങ്കണ്ണേതും കരിമുകിലൈ ഇരാമൻതന്നൈ

തില്ലൈനകർ തിരു ചിത്രകൂടം തന്നുൾ

എങ്കൾ തനി മുതൽവനൈ എംപെരുമാൻ തന്നൈ

എന്റു കോലോ കൺകുളിര കാണും നാളേ (10.1)

ചുറ്റും മതിലുകളും കോട്ടകളും ഉള്ള അയോദ്ധ്യാനഗരത്തിൽ ലോകത്തെ മുഴുവനും പ്രകാശിപ്പിക്കുന്ന ജ്യോതിയായി, സൂര്യകുലത്തിു വിളക്കായി ജനിച്ച്, ചുവന്ന കണ്ണും കരിമുകിൽമേനിയും ഉള്ള രാമനെ, തില്ലൈനഗരത്തിലെ ശ്രീചിത്രകൂടത്തിനകത്ത് ഇരിക്കുന്ന ഞങ്ങളുടെ സ്വന്തം മുതൽവനെ (ആദ്യത്തെ മുഖ്യൻ) എമ്പെരുമാനെ എന്നാണ് ഒന്നു കണ്ണു കുളിരെ കാണുക.

വന്തേറ്റെറിന്ത താടകൈ തൻഉരത്തൈ കീറി

വരുകുരുതിപ്പൊലി തര വൻ കണൈ ഒന്റു ഏവി

മന്തിരം കോൽ മറൈ മുനിവൻ വേൾവി കാത്തു

വൽ അരക്കർ ഉയിർ ഉണ്ട മൈന്തൻ കാണ്മിൻ

ചെന്തളിർ വായ്മലർ നകൈ ചേർ ചെലും തൻ ചോലൈ

തില്ലൈനകർ തിരു ചിത്രകൂടം തന്നുൾ

അന്തണർകൾ ഒരു മൂവായിരവർ ഏറ്റ

അണിമണിആചനത്തിരുന്ത അമ്മാൻ താനേ (10. 2)

വന്നെതിർത്ത താടകയുടെ ഉരസ്സിനെ കീറി, വലിയ ഗുരുതിബലി തരുന്ന വലിയ ശരം എയ്ത്, വളരെ രാക്ഷരെക്കൊന്ന് വേദമിനിയുടെ യജ്ഞം സംരക്ഷിച്ച പുത്രനെ കാണുക. ചെന്തളിരും മലരുകളുമുള്ള ചെറിയ മുഖം (വായ്) ഉള്ളവനെ തളിരുംമലരും നിറഞ്ഞ നദീകളോടുകൂടിയ തില്ലനഗരത്തിലെ ശ്രീ ചിത്രകൂടത്തിൽ 3000 അന്തണന്മാർ പ്രശംസിച്ച് പാടുമ്പോൾ അലങ്കരിച്ച രത്നസിംഹാസനത്തിലിരിക്കുന്ന ചക്രവർത്തിയായി കാണുക.

ചെംവരിനെൽ കരു നേതും കൺ ചിതൈക്കാകി

ചിന വിതയോൻ ചിലൈ ഇറുത്തു മഴു വാൾ ഏന്തി

വെം വരിനെൽചിലൈ വാങ്കി വെന്റിക്കൊണ്ടു

വേൽ വേന്തർ പകൈ തടിന്ത വീരൻ തന്നൈ

തെവ്വർ അഞ്ച നെടുംപുരിചൈ ഉയർന്ത പങ്കർ

തില്ലൈനകർ തിരു ചിത്രകൂടം തന്നുൾ

എവ്വരി വെം ചിലൈ തട കൈ ഇരാമൻ തന്നൈ

ഇരൈഞ്ചുവർ ഇണൈ അടിയേ ഇരൈഞ്ചിനേനേ(10.3)

ചുവന്ന രേഖകളുള്ള കരിനിറമിഴിയായ സീതക്കായി, കോപമുള്ളവനായ ശിവന്റെ വില്ലുമുറിച്ച്, മഴുവും വാളുമേന്തി വന്ന കോപക്കാരന്റെ കയ്യിൽനിന്ന് അവന്റെ വരിവില്ലു വാങ്ങിയ വിജയിയും അവന്റെ ക്ഷ്ത്രിയയോദ്ധാക്കളോടുള്ള പക അടക്കിയവനും വലിയ ദൃഢമായ കൈകളുള്ളവനും ആയി, തില്ലൈനഗരത്തിലെ ചിത്രകൂടത്തിലിരിക്കുന്നവന്റെ ഇണയടികളിൽ ഞാൻ അഭയം പ്രാപിക്കുന്നു.

തൊടു അലർ പൂ ചുരികുഴൽ കൈകേചി ചൊല്ലാൽ

തൊൽ നാകരം തുരന്തു തുറൈ കംകൈ തന്നൈ

പട്ടി ഉടൈ കുകൻ കടത്ത വനം പോയ് പുക്കു

പരതനുക്കു പാതുകമും അരചും ഈന്റു

ചിത്തിരകൂടത്തിരുന്താൻ തന്നൈ ഇന്റു

തില്ലൈനകർ തിരു ചിത്രകൂടം തന്നുൾ

എത്തനൈയും കൺകുളിര കാണപ്പെറ്റ

ഇരുനിലത്താർക്ക് ഇമയവർ നേർ ഒവ്വാർ താമേ (10.4)

ചുരുൾമുടിയിൽ പൂങ്കൊത്തു ചൂടിയ കൈകേയീവാക്യത്താൽരാജ്യം നഷ്ടമായി, വനം പൂകി, ഗുഹനാൽ ഗംഗ കടത്തപ്പെട്ട്, ഭരതന് പാദുകവും രാജ്യവും നൽകി,ചിത്രകൂടത്തിൽ വസിച്ച, തില്ലൈനഗരത്തിലെ ചിത്രകൂടത്തിലെ ജനതക്ക് കൺകുളിരെ കാണാനവസരം കിട്ടിയ ഇരുനിലത്താർക്കും (രണ്ട് ഭൂമിയിലേയും ജനം) ഹിമാലയം പോലെ കുളിരു തരുന്ന (കണ്ണിന്) രാമന്റെ മഹത്വത്തിന് മറ്റാരുടേതും ഒക്കുന്നതല്ല.

വലി വണക്കു വരൈ നേതും തോൽ വിരാതൈ കൊന്റു

വൺ തമിൾ മാമുനി കൊടുത്ത വരിവിൽ വാങ്കി

കലൈ വണക്കു നോക്കു അരക്കി മൂക്കൈ നീക്കി

കരനോടു തൂതണൻ തൻ ഉയിരൈ വാങ്കി

ചിലൈ വണക്കി മാൻ മരിയ എയ്താൻ തന്നൈ

തില്ലൈനകർ തിരു ചിത്രകൂടം തന്നുൾ

തലൈ വണക്കി കൈ കൂപ്പി എത്ത വല്ലാർ

തിരിതലാൽ തവം ഉടൈത്തു ഐ തരണി താനേ(10.5)

വിരാധനെ വധിച്ച്, തമിൾമാമുനി (അഗസ്ത്യൻ) കൊടുത്ത വരവില്ല് സ്വീകരിച്ച്, കലമാൻകണ്ണാളായ രാക്ഷസിയെ മൂക്കുമുറിച്ച്, ഖരദൂഷണന്മാരുടെ ജീവനെടുത്ത്, ഒറ്റ അമ്പുകൊണ്ട് മാനായി വന്ന മാരീചനെ വധിച്ചവൻ തില്ലനഗരത്തിലെ ചിത്രകൂടത്തിലിരിക്കുന്നു. അവനെ തല

വണങ്ങി, കൈകൂപ്പി, തൊഴാത്തവരില്ല. തപം ചെയ്യാത്തവരുമില്ല. അപ്രകാരം ചെയ്യുന്നവരുടെ കീർത്തി ധരണി മുഴുവനും വ്യാപിക്കുന്നു.

തണം മരുവു വൈതേകി പിരിയൽ ഉറ്റ

തളർവ്വുഎയ്തി ചതായുവൈ വൈകുണ്ടത്തു ഏറ്റി

വനം മറുവു കവി അരചൻ കാതൽ കൊണ്ടു

വാലിയെ കൊന്റിലങ്കൈ നകർ അരക്കർ കോമാൻ

ചിനം അടങ്ക മാരുതിയാൽ ചുടുവിത്താനൈ

തില്ലൈനകർ തിരു ചിത്രകൂടം തന്നുൾ

ഇനിതു അമർന്ത അമ്മാനൈ ഇരാമൻ തന്നൈ

ഏത്തുവാർ ഇണൈ അടിയേ ഏത്തിനേനേ(10 6)

വൈദേഹിയുമായി പിരിഞ്ഞ് വിരഹദുഃഖം അനുഭവിച്ചവനും ക്ഷീണിച്ച ജടായുവിനെ വൈകുണ്ഠം പ്രാപിപ്പിച്ചവനും വനവാസം ചെയ്യുന്ന വാനരരാജാവുമായി സൌഹൃദം സ്ഥാപിച്ച് ബാലിയെ വധിച്ചവനും രാക്ഷസരാജാവിന്റെ ലങ്കാനഗരം മാരുതിയെക്കൊണ്ട് ചുട്ടുകരിച്ചവനും അപ്രകാരം കോപം അടങ്ങിയവനും തില്ലാനഗരത്തിലെ ചിത്രകൂടത്തിൽ ഇരിക്കുന്നവനുമായ ശ്രീരാമനെ അദ്ദേഹത്തിന്റെ ഇണയടികളെ ശരണം പ്രാപിച്ച് വണങ്ങുന്നു.

കുറൈ കടലൈ അലൈ അമ്പാൽ മറുക എയ്തു

കുലൈ കട്ടി മറുകരൈയൈ അതനാൽ ഏറി

എരിനെടുവേൽ അരക്കരോടും ഇലങ്കൈ വേന്തൻ

ഇൻ ഉയിർ കൊണ്ടു അവൻ തമ്പിക്കു അരചും ഈന്റു

തിരുമകളോടു ഇനിത്തമർന്ത ചെൽവൻ തന്നൈ

തില്ലൈനകർ തിരു ചിത്രകൂടം തന്നുൾ

അരചു അമർന്താൻ അടി ചൂടും അരചൈ അല്ലാൽ

അരചാക എണ്ണേൻ മറ്റു അരചു താനേ(10.7)

കടലിനെ അടക്കാനായി വിജയകരമായ അസ്ത്രം അയച്ചവനും കടലിൽ അണകെട്ടി അതു കടന്നവനും,എരി(അഗ്നി)യുള്ള നെടും വേലുകൾ ധരിച്ച രാക്ഷസപ്പടയോടുകൂടി ലങ്കാധിപനെ വധിച്ചവനും അവന്റെ അനുജന് രാജ്യം കൊടുത്തവനും തിരുമകളോടുകൂടി സുഖമായി ജീവിച്ചവനുമായ, തില്ലനഗരത്തിലെ ചിത്രകൂടത്തിലിരിക്കുന്നവന്റെ ചക്രവർത്തിപദമല്ലാതെ മറ്റൊരു ചക്രവർത്തിയേയും ഞാൻ ചക്രവർത്തിയായി അംഗീകരിക്കുന്ന തല്ല.

അം പൊൻ നേതു മണിമാതഅയോത്തി എയ്തി അരചേയ്തി

അകത്തിയൻ വായ് താൻ മുൻ കൊന്റാൻ

തൺ പെരും തൊൽ കടൈ കേട്ടു മിതിലൈ ചെൽവി

ഉലകുയ്യ തിരുവയിരു വായ്ത്ത മക്കൾ

ചെമ്പവളതിരുവായ് തൻ ചരിതൈ കേട്ടാൻ

തില്ലൈനകർ തിരു ചിത്രകൂടം തന്നുൾ

എമ്പെരുമാൻ തൻ ചരിതൈ ചെവിയാൽ കണ്ണാൽ

പരുകുവോം ഇൻ അമുതൈ മതിയോം അന്റേ(10.8)

പൊൻമാളികകളുള്ള അയോദ്ധ്യയിൽ മടങ്ങിയെത്തി രാജ്യം സ്വീകരിച്ച് അഗസ്ത്യന്റെ വായാൽ തന്റെ പൂർവ്വചരിത്രം കേട്ട്, മിഥിലാപുത്രിയുടെ മക്കൾ അവരുടെ ചെമ്പവിഴംപോലുള്ള വായാൽ സ്വന്തചരിത്രം പാടുന്നതു കേട്ട എംപെരുമാന്റെ, തില്ലനഗരത്തിലെ ചിത്രകൂടത്തിലിരിക്കുന്ന രാമന്റെ മധുരമായ കഥ ചെവി,കണ്ണ് ഇവകളാൽ അമൃതം പോലെ നമുക്ക് മതിയാവോളം ആസ്വദിക്കുക. (ശ്രാവ്യവും ദൃശ്യവുമായി)

ചെറി തവ ചംബുകൻ തന്നൈ ചെന്റു കൊന്റു

ചെലു മറൈയോൻ ഉയിർ മീട്ടു തവത്തോൻ ഈന്റ

നിറൈ മണി പൂൺ അണിയും കൊന്റിലവണൻ തന്നൈ

തമ്പിയാൽ വാൻ ഏറ്റി മുനിവൻ വേണ്ട

തിരൽ വിളങ്കും ഇലക്കുമനൈ പിരിന്താൻ തന്നൈ

തില്ലൈനകർ തിരു ചിത്രകൂടം തന്നുൾ

ഉറൈവാനൈ മറവാത ഉള്ളം തന്നൈ

ഉടൈയോം മാറ്റുരു തുയരം അടൈയോം അന്റേ (10.9)

വലിയ തപം ചെയ്തിരുന്ന ചമ്പുകനെ വധിച്ച് വേദവിത്തായ ബ്രഹ്മണന്റെ പുത്രന്റെ ഉയിരിനെ സംരക്ഷിച്ച്, തവമുനി (അഗസ്ത്യ) കൊടുത്ത രത്നാഭരണം ധരിച്ച്, അനുജനാൽ ലവണനെ ആകാശത്തേക്കയച്ച് മുനിയുടെ ആജ്ഞയാൽ വീര്യത്താൽ ജ്വലിക്കുന്ന ലക്ഷ്മണനെപ്പോലും ഉപേക്ഷിച്ച് തില്ല നഗരത്തിലെ ചിത്രകൂടത്തിലിരിക്കുന്നവനെ മറക്കാത്ത ഹൃദയത്തെ ഇനിയൊരു ജന്മത്തിലെ ദുഃഖം തീണ്ടുകയില്ല.

അന്റു ചരാചരങ്കളൈ വൈകുണ്ഠത്ത് ഏറ്റി

അടൽ അരവ പകൈ ഏറി അചുരർ തമ്മൈ

വെന്റു ഇലങ്കുമണി നേതും തോൽ നാങ്കും തോന്റ

വിൺ മുളുതും എതിർ വര തൻ താമം മേവി

ചെന്റിരുന്തു വീറ്റിരുന്ത അമ്മാൻ തന്നൈ

തില്ലൈനകർ തിരു ചിത്രകൂടം തന്നുൾ

എന്റും നിന്റാൻ അവൻ ഇവൻ എന്റേറ്റി നാളും

ഇറൈഞ്ചുമിനോ എപ്പൊളുതും തൊണ്ടീർ നീരേ (10.10)

ഹേ,ഭക്തന്മാരേ, അന്ന് ചരാചരങ്ങളെ മുഴുവനും വൈകുണ്ഠത്തിലെത്തിച്ചതും, ഗരുഡാരൂഢനായി അസുരന്മാരെ നശിപ്പിച്ചതും, ആഭരണമണിഞ്ഞ നാലു കരങ്ങളോടു കൂടി, സ്വർഗ്ഗലോകം മുഴുവനും സ്വാഗതം ചെയ്യുമ്പോൾ സ്വധാമത്തിലെത്തി അവിടെ സിംഹാസനത്തിലിരുന്നതും ആരോ അവനാണ് തില്ലനഗരത്തിലെ ചിത്രകൂടത്തിൽ അമർന്നിരിക്കുന്ന ഇവൻ. ഇവനെ എന്നും എപ്പോഴും പുകഴ്ത്തിപാടുക.

തില്ലൈനകർ തിരു ചിത്രകൂടം തന്നുൾ

തിരൾ വിളങ്കു മാരുതിയോടു അമർന്താൻ തന്നൈ

എല്ലൈ ഇൽ ചീർ തയരതൻ തൻ മകനായ് തോന്റി

അതു മുതലാ തൻ ഉലകം പുക്കത്തീരാ

കോൽ ഇയലും പടൈ താനൈ കൊറ്റ ഒൾ വാൾ

കോളിയർ കോൻ കുടൈ കുലചേകരൻ ചൊൽ ചെയ്ത

നൽ ഇയലിൻ തമിൾ മാലൈ പത്തും വല്ലാർ

നലം തികൾ നാരണൻ അടി കീൾ നണ്ണുവാരേ (10.11)

അവസാനമില്ലാത്ത ഐശ്വര്യമുള്ള ദശരഥന്റെ മകനായി ജനിച്ച്, അന്നു മുതൽ ഐശ്വര്യവും വീര്യവുമുള്ള മാരുതിയോടുകൂടി, തില്ലനഗരത്തിലെ ചിത്രകൂടത്തിലമരുന്ന നാരായണനെ പ്രകീർത്തിച്ച് നല്ല തമിൾകവിതയാക്കി പാടിയ പത്ത് പാമാലകളും അറിയുന്നവരായ നല്ലവർ നാരായണന്റെ പാദം പണിയുന്നു. ഇത് കോലും (ചെങ്കോൽ) പട്ടത്താനയും,(പട്ടത്താനം) കൊറ്റവും ശത്രുക്കളെ കൊല്ലുന്ന ഉടവാളുമുള്ള കോളിയരുടെ കോൻ(ചക്രവർത്തി) കുടൈ കുലശേഖരൻ(കുടനാട്ടിലെ കുലശേഖരൻ, കുട ചൂടിയ കുലശേഖരൻ) പാടിയ തമിഴ് മാലയാണ്.

പാതാളരാമായണം കിളിപ്പാട്ട് (വടക്കൻകോട്ടയം ശ്രീകേരളവർമ്മരാജാ) രാമായണത്തിൽനിന്ന് വളരെ വ്യത്യസ്തവും പാതാളരാവണനെ നിഗ്രഹിക്കുന്ന മാരുതിയുടെ വീര്യപരാക്രമവുമാണ്. മലയാളത്തിലാണ് രചന. വഞ്ചിഭൂപാലകനോട് ശാരികപ്പൈങ്കിളി കഥപറയുന്നതുപോലുള്ള ആഖ്യാനം എഴുത്തച്ഛന്റെ ശൈലിയിലാണ്.

രാമോ വിഗ്രഹവാൻ ധർമ്മഃ
(വാത്മീകിരാമായണത്തിലെ രാമൻ)

ഇതിഹാസപുരാണങ്ങളുടെ ഉദ്ദേശം മനുഷ്യരെ നാലു പുരുഷാർത്ഥവും നേടാൻ പ്രാപ്തരാക്കുക എന്നതാണ്. അൽപ്പശ്രുതനായ മനുഷ്യനെ വേദം ഭയപ്പെടുന്നു. അൽപ്പശ്രുതരായ സാമാന്യജനങ്ങൾക്കു വേണ്ടിയാണ് ഇത്ഹാസപുരാണങ്ങൾ.

ഇതിഹാസപുരാണാഭ്യാം വേദം സമുപബ്യംഹയേത്
ബിഭേതി അൽപ്പശ്രുതാത് വേദോമാമയം പ്രഹരിഷ്യതി (വ്യാസഭാരതം)

കാമം,അർത്ഥം, ധർമ്മം ,മോക്ഷം ഇവയാണ് നാലു പുരുഷാർത്ഥങ്ങൾ. കാമവും അർത്ഥവും ലൌകികജീവിതത്തിന് ആവശ്യമാണ്. പരമപുരുഷാർത്ഥം മോക്ഷമാണ്. അതിന് ധർമ്മം അനുഷ്ഠിക്കണം. ധർമ്മമാണ് രാമായണം പഠിപ്പിക്കുന്നത്. ധർമ്മച്യുതി കൊണ്ടുള്ള നാശവും രാവണ കഥയിലൂടെ പഠിപ്പിക്കുന്നു.ഓരോ ശിശുവും സ്വന്തം മാതാപിതാക്കളോടും ഗുരുക്കന്മാരോടും പൂർവ്വികരായ പിതൃക്കളോടും ഭാര്യയോടും സഹോദരന്മാരോടും സുഹൃത്തുക്കളോടും ശത്രുക്കളോടും സമൂഹത്തിലെ മറ്റ് അംഗങ്ങളോടും മൃഗപക്ഷികളോടും എങ്ങനെ പെരുമാറണം എന്ന് രാമകഥ പറയുന്നു. രാമൻ സഹോദരന്മാരോടു കാണിച്ച സ്നേഹവും വിശ്വാസവും രാവണൻ വൈശ്രവണനോടോ ബാലി സുഗ്രീവനോടോ

കാണിച്ചില്ല. രാമന്റെ ഏകപത്നീവ്രതം രാവണനുണ്ടായില്ല. ബാലിയും സ്വന്തം അനുജന്റെ ഭാര്യയെ പത്നിയാക്കി വെച്ചു. ഇപ്രകാരം ധർമ്മം, ധർമ്മച്യുതി ഇവയെ കാണിച്ചുതരുന്നു ഈ കഥ.

ക്ഷത്രിയധർമ്മം, ഭരണാധികാരിയുടെ ധർമ്മം , പ്രജാധർമ്മം ഇവയെല്ലാം ഉദാഹരണസഹിതം രാമായണം കാണിച്ചുതരുന്നുണ്ട്. വെറും ധർമ്മാചരണമല്ല, നിഷ്കാമമായ ധർമ്മാചരണമാണ് ഉത്തമം. പരിഭവമോ പ്രതിഷേധമോ നിരാശയോ കൂടാതെ വനവാസം സ്വീകരിച്ച രാമനും, കിട്ടിയ രാജ്യം സ്വീകരിക്കാതെ മുനിവൃത്തി എടുത്ത് സഹോദരന്റെ പാദുകപൂജ ചെയ്ത ഭരതനും രാപ്പകൽ കാട്ടിൽ സീതാരാമനെ ശുശ്രൂഷിച്ച ലക്ഷ്മണനും ഭർത്താവിനെ കാട്ടിലും പിന്തുടർന്ന സീതയും നിഷ്കാമകർമ്മമാണ് അനുഷ്ഠിച്ചത്. സുഗ്രീവനോടും വിഭീഷണനോടും ഗുഹനോടും രാമൻ മിത്രധർമ്മം പാലിച്ചു. രാവണവധശേഷം രാവണന്റെ ശരീരം സംസ്കരിക്കാൻ മടിച്ചുനിന്ന വിഭീഷണനോട്, മരണാനന്തരം വൈരം വെച്ചുകൊണ്ടിരിക്കരുത്, സമുചിതമായ രീതിയിൽ എല്ലാ ബഹുമതികളോടും കൂടി ജ്യേഷ്ഠനെ സംസ്കരിക്കുക എന്നാണ് രാമൻ പറഞ്ഞത്.

വാത്മീകിയുടെ രാമൻ:-

വാത്മീകിക്ക് കുതൂഹലമുണ്ടായത് ഗുണവാനും വീര്യവാനും ധർമ്മജ്ഞനും കൃതജ്ഞനും സത്യവ്രതനും ദൃഢവ്രതനും ചാരിത്ര്യമുള്ളവനും സർവ്വഭൂതങ്ങൾക്കും ഹിതമായത് പ്രവർത്തിക്കുന്നവനും വിദ്വാനും സമർത്ഥനും പ്രിയദർശനനും ആത്മവാനും ,ക്രോധാദികളെ ജയിച്ചവനും ,അനസൂയനും ,യുദ്ധത്തിൽ രോഷാകുലനായ ആരെക്കണ്ട് ദേവന്മാരും കൂടി ഭയപ്പെടുമോ അവനും ആരാണെന്നറിയാനാണ്. ഇതെല്ലാം ഉള്ള ഒരാളായി രാമനെ നാരദമുനി ചൂണ്ടിക്കാണിച്ചു. ധർമ്മജ്ഞനും സത്യസന്ധനുമായ അദ്ദേഹം ജീവലോകത്തിന മുഴുവനും രക്ഷിതാവായി ധർമ്മരക്ഷകനും സ്വധർമ്മരക്ഷകനുമായി രാക്ഷസസൂദനനായി, ധർമ്മദേവനെപ്പോലെ സത്യസന്ധനായി ജീവിക്കുന്നു എന്ന് മുനി പറഞ്ഞു. അപ്രകാരമുള്ള രാമനെ വാത്മീകി സമാധിയിൽ കണ്ടു, രാമകഥ രചിച്ചു. കാമാർത്ഥഗുണസംയുക്തം ധർമ്മാർത്ഥഗുണവിസ്തരം ആയി, സമുദ്രം പോലെ വിശിഷ്ടരത്നം നിറഞ്ഞതായി, സർവ്വശ്രുതിമനോഹരമായിട്ടാണ് രാമായണം രചിച്ചത്.

ലക്ഷമണനോട് രാമൻ പറയുന്നത്:-ധർമ്മോഹി പരമോ ലോകേ ധർമ്മേ സത്യം പ്രതിഷ്ഠിതം എന്നാണ്. ക്ഷത്രിയധർമ്മാശ്രിതമായ ശാഠ്യം ,രൌദ്രം, ശൌര്യം ഇവ ഉപേക്ഷിച്ച് പിതൃവാക്യപാലനം എന്ന എന്റെ വാക്ക് കേൾക്കുക എന്നദ്ദേഹം പറഞ്ഞു. കൌസല്യാവാക്യവും ആരെ ധർമ്മത്തെ പാലിക്കുന്നുവോ അവരെ ധർമ്മം സംരക്ഷിക്കും.രാമാ,നിന്നെ ധർമ്മം സംരക്ഷിക്കട്ടേ എന്നാണ്.

അലങ്കാരോഹി നാരീണാം ക്ഷമാഹി പുരുഷസ്യ വാ . ധർമ്മിഷ്ഠനായ പുരുഷന്റെ അലങ്കാരമാണ് ക്ഷമ. ക്ഷമയെപ്പറ്റി വാത്മീകി പറയുന്നു:-

ക്ഷമാ ദാനം ക്ഷമാ സത്യം ക്ഷമാ യജ്ഞഃ ക്ഷമാ യശഃ
ക്ഷമാ ധർമ്മം ക്ഷമായാധിഷ്ഠിതം ജഗത്

രാമന്റെ ക്ഷമയും പിതൃവാക്യപരിപാലനമെന്ന സാമാന്യധർമ്മവും ഭക്ത വാത്സല്യവും ഭക്തപരതന്ത്രതയും (വിശേഷധർമ്മങ്ങൾ) അയോദ്ധ്യാകാണ്ഡ ത്തിൽത്തന്നെ നാം കാണുന്നു. അദ്ദേഹത്തിന്റെ സംഭാഷണം ശാന്തവും മൃ ദുലവുമായിരുന്നു, ജിതക്രോധനായ അദ്ദേഹം പരുഷവാക്ക് സംസാരിച്ചി രുന്നില്ല, ചെയ്ത ഉപകാരം മറക്കാറില്ല, അപകാരം മറക്കുകയും ചെയ്യും. ജ്ഞാനിയും സജ്ജനസംസർഗ്ഗത്തിൽ തൽപരനും മുതിർന്നവരെ പൂജിക്കുന്ന വനും പ്രജകളെ അനുരഞ്ജിപ്പിക്കുന്നവനും ആയിരുന്നു. ദീനാനുകമ്പ ഉള്ള അദ്ദേഹം ശരണാഗതർക്കെല്ലാം അഭയം കൊടുത്തിരുന്നു. ഒന്നിലും പ്രത്യേ കആശയോ മമതയോ വെച്ചിരുന്നില്ല. രാമന്റെ വ്രതം യുദ്ധകാണ്ഡത്തിൽ ഇപ്രകാരം പറയുന്നു: അഭയം സർവ്വഭൂതേഭ്യോ ദദാമ്യോ തത് വ്രതം മമ. ഗർവ്വമില്ലാത്തതിനാൽ അദ്ദേഹം പ്രജകളോട് അവഗണന കാണിക്കാറില്ല. ആരോടും വെറുപ്പില്ല. ലോകത്തിന്റെ അഭിവൃദ്ധി,സുഖം ഇവ മാത്രമാണ് അദ്ദേഹത്തിന്റെ കാമം. മഴപെയ്യുന്ന പർജ്ജന്യനെപ്പോലെ സർവ്വപ്രാണിയി ലും അനുകമ്പ വർഷിച്ചിരുന്നു. ഇപ്രകാരമുള്ളവനാണ് വാത്മീകിയുടെ രാമൻ.

അഞ്ചു ധർമ്മങ്ങളും അദ്ദേഹം അനുഷ്ഠിച്ചതായി രാമായണം പറയുന്നു.

1. ദേവയജ്ഞം. യജ്ഞം,യാഗം

2. പിതൃഋണം,ഋഷിഋണം. പിതൃകർമ്മം, പിതാവിന്റെ ആജ്ഞ നിറവേ റ്റുന്നത്, ദശരഥനും ജടായുവിനും ശ്രാദ്ധം, പൂർവ്വികഋഷികളുടെ പൈതൃകവും ധർമ്മവും സംരക്ഷിക്കുന്നത്.

3. മനുഷ്യഋണം . അതിഥികളേയും പ്രജകളേയും സമൂഹത്തേയും പരിപാലനം.

4. ഭൂതയജ്ഞം സർവ്വപ്രാണികളോടുമുള്ള ദീനാനുകമ്പ

5. ബ്രഹ്മയജ്ഞം. ബ്രഹ്മചര്യം,സ്വാദ്ധ്യായം

രാമൻ സത്യം കൊണ്ട് ലോകങ്ങളേയും ദാനം കൊണ്ട് ദീനരേയും ശുശ്രൂഷ കൊണ്ട് ഗുരുജനങ്ങളേയും ധനുസ്സുകൊണ്ട് ശത്രുക്കളേയും ജയിച്ചു എന്ന് വാത്മീകി പറയുന്നുണ്ട്.

സൂക്ഷ്മധർമ്മാചരണത്തെക്കുറിച്ച് സീത പറയുന്നത് ഇങ്ങനെയാണ്:- സൂക്ഷ്മധർമ്മാചരണം കാമജമായ പാപം ഇല്ലാത്തവർക്കു മാത്രമേ സാധിക്കുകയുള്ളു. കാമജമായ പാപങ്ങൾ മിഥ്യാവാക്യം, പരസ്ത്രീഗമനം, വെറുതെ ഹിംസിക്കൽ, ഇവയാണ്. ഇവ മൂന്നും രാമന് ഇല്ല (മൂന്നും രാവണന് ഉണ്ട് എന്ന് ശ്രദ്ധിക്കുക..)മുനിമാരുടെ പ്രതിജ്ഞാപാലനത്തിനാ യി, ആർത്തത്രാണത്തിനാണ് രാക്ഷസരെ വധിച്ചത്. ഖരനോട് രാമവാക്യം പാപമാചരതാം ഘോരം ലോകസ്യ അപ്രിയമിഛതാം (ലോകത്തിന് അപ്രി യം ഇഛിച്ച് ഘോരപാപം ചെയ്യുന്നവരുടെ ഹിംസയാണ് ചെയ്യുന്നത്) എന്നാണ്. രാമൻ ബാലിയെ ഉപദേശിക്കുന്നത് നോക്കുക. സൂക്ഷ്മധർമ്മ പ്രകാരം ജ്യേഷ്ഠനും ഗുരുവും പിതൃതുല്യരാണ്.അനിയനും ശിഷ്യനും പുത്രതുല്യനും. അനിയന്റെ ഭാര്യ പുത്രിയാണ്. പുത്രി,അനുജപത്നി, സഹോദരി ഇവരെ പ്രാപിച്ചവന് മരണശിക്ഷയാണ് . ഭരതചക്രവർത്തി യുടെ രാജ്യത്തിൽ ഇത്തരം അധർമ്മം ചെയ്യുന്നവരെ ശിക്ഷിക്കാനാണ്

ഞങ്ങൾ, അനുയായികൾ ചുറ്റിസ്സഞ്ചരിക്കുന്നത്. രണ്ടാമതായി, മിത്രത്തിന്റെ ശത്രു ശത്രുവാണ്. മൂന്നാമത് നിന്നെ വധിക്കാതിരുന്നാൽ സുഗ്രീവനു കൊടുത്ത പ്രതിജ്ഞാലംഘനം വരും. നാലാമത്, നീ മൃഗമാണ്, ക്ഷത്രിയന്ന് നായാട്ടിൽ ഒളിഞ്ഞുനിന്ന് മൃഗഹത്യ അനുവദിച്ചിട്ടുണ്ട്. സൂക്ഷ്മധർമ്മം നോക്കിയാൽ ബാലിഹത്യ രാമന്റെ ധർമ്മമാണ്, അധർമ്മമല്ല.

സുഗ്രീവന്റെ മദ്യപാനത്തെക്കുറിച്ച് വാത്മീകിയുടെ ലക്ഷ്മണൻ പറയുന്നത് മദ്യപാനം കൊണ്ട് അർത്ഥവും ധർമ്മവും നശിക്കുമെന്നാണ്. രാമൻ മാംസം ഭക്ഷിച്ചിരുന്നുവോ എന്ന് പലരും ശങ്കിച്ചുകാണുന്നു. പല രാമായണങ്ങളും പലവിധത്തിൽ പറയുന്നത് അതാതു കാലത്തെ കവികളുടെ ഇഷ്ടപ്രകാരമാണ്. ആദ്യരാമായണമായ വാത്മീകിയുടെ വാക്യമാണ് ഏറ്റവും ഉചിതമെന്ന് സ്വീകരിക്കാവുന്നത്. ത്രിജട സീതയോട് പറയുന്ന വാക്കുകൾ ഇപ്രകാരമാണ്ഃ-വനവാസകാലത്ത് രാമൻ ദിനത്തിന്റെ അഞ്ചാം ഭാഗത്തിൽ (സായാഹ്നം) ഒരു പ്രാവശ്യം മാത്രമാണ് ഭക്ഷണം കഴിച്ചിരുന്നത്. വേവിച്ച കാട്ടുകനികളും കിഴങ്ങുകളും മാത്രമാണ് ഭക്ഷണം. അദ്ദേഹം മദ്യമോ മാംസമോ ഉപയോഗിച്ചിരുന്നില്ല. ദശരഥന്ന് ഉദകക്രിയ ചെയ്യുമ്പോളും നമ്മൾ ഭക്ഷിക്കന്നതാണ് ബലി കൊടുക്കേണ്ടത് എന്ന് പറഞ്ഞ് അദ്ദേഹം എലന്തക്കുരു,ഓടക്കുരു ഇവയുടെ പിണ്ണാക്ക് (പിണ്യാകം) ആണ് കൊടുത്തതെന്നും അതുകണ്ട് കൌസല്യാമാതാവിന്റെ കണ്ണുനിറഞ്ഞു എന്നും വാത്മീകി പറയുന്നു. (യദന്നം പുരുഷോ അശ്നാതി തദന്നം തസ്യ ദേവതാ) രാജാക്കന്മാരുടെ 7 ദുശ്ശീലം രാമനുണ്ടായിരുന്നില്ല, രാവണനുണ്ടായിരുന്നു എന്നും വാത്മീകി പറയുന്നു. വാഗ്ദണ്ഡം, പാരുഷ്യം, അർത്ഥദൂഷണം, മദ്യപാനം,സ്ത്രീലോലുപത്വം,മൃഗയാ, ദ്യൂത്.ഇവയാണ് രാജാക്കന്മാരുടെ 7ദുശ്ശീലം.

സ്ത്രീവധം ചെയ്തത് താടകയെയാണ്. വിശ്വാമിത്രനോട് സ്ത്രീസ്വഭാവേന രക്ഷിതാ എന്ന് രാമൻ സ്ത്രീവധത്തിൽ വിമുഖനായി പറയുന്നുണ്ട്. വിശ്വാമിത്രൻ രാജ്യഭാരനിപുണന് ധർമ്മം പ്രജാരക്ഷണമാണെന്നും നിരവധി പ്രജകളെ യാതൊരു കാരണവും കൂടാതെ വധിക്കുന്ന അധർമ്മി സ്ത്രീയായാലും അവളെ വധിക്കുന്നത് രാജധർമ്മമാണെന്നും പറഞ്ഞപ്പോഴാണ് അദ്ദേഹം അത് ചെയ്തത്. അതുപോലെ ശൂർപ്പണഖയെ അദ്ദേഹം വെറുതെ കളിയാക്കിവിടാനാണ് ഉദ്ദേശിച്ചത്. എന്നാൽ അവൾ സീതക്കുനേരെ ആക്രമണത്തിന് ഒരുങ്ങിയപ്പോളാണ് ലക്ഷ്മണനോട് വിരൂപയാക്കാനാവശ്യപ്പെട്ടത്. തന്നെ മാത്രം ആശ്രയിച്ച് കാട്ടിലേക്ക് വന്ന ഭാര്യയെ രക്ഷിക്കുന്നതും പുരുഷധർമ്മമാണല്ലോ.

ധർമ്മിഷ്ഠനായ ഭരണാധികാരി

തഥാ രാജാ യഥാ പ്രജാ. അയോദ്ധ്യാവാസികൾ സന്തുഷ്ടരും ധർമ്മാത്മാക്കളും ശാസ്ത്രജ്ഞരും സ്വന്തം ധനം കൊണ്ട് തൃപ്തരായി ജീവിക്കുന്നവരും ആയിരുന്നു. ലുബ്ധ് ഇല്ല. സത്യവാദികളാണ്. ദരിദ്രരില്ല. കാമിയോ ഗുണഹീനനോ ക്രൂരനോ അവിദ്യാവാനോ ഇല്ല.ധർമ്മശീലവും അച്ചടക്കവുമുള്ള ശുദ്ധമനസ്കരാണ്. കള്ളനോ ക്ഷുദ്രനോ യജിക്കാത്തവനോ അഗ്നിസംരക്ഷിക്കാത്തവനോ അസത്യവാദിയോ അസൂയക്കാരനോ പഠിക്കാത്തവനോ നാസ്തികനോ ഇല്ലാത്ത വാത്മീകിയുടെ അയോദ്ധ്യ ഒരു മാവേലിനാടായിരുന്നു. ഭരണാധിപരെല്ലാം വാക്കു തെറ്റിക്കാത്തവരായിരുന്നു. വസിഷ്ഠമുനി വിശ്വാമിത്രനോട് നാലുവിധം രാജകൃത്യം പറയുന്നുണ്ട്.

1. ധർമ്മമാർഗ്ഗത്തിൽ മാത്രം ധനം സമ്പാദിക്കുക

2. അതിനെ വർദ്ധിപ്പിച്ച് ഭണ്ഡാരം നിറക്കുക

3. അതിനെ സംരക്ഷിക്കുക

4. സന്മാർഗ്ഗത്തിൽ ധർമ്മാനുഷ്ഠാനത്തിനായി പ്രജകൾക്ക് കഷ്ടം വരുമ്പോൾ മാത്രം ചെലവാക്കുക.

ചതുരംഗസേനയുടെ പാലനം, മിത്രം,പ്രജ ഇവരുടെ പാലനം സുഖം ഇതിന്നാണ് രാജ്യത്തിന്റെ ഭണ്ഡാരം.സൈന്യം,ഭണ്ഡാരം,ദുർഗ്ഗം,ജനപദം ഇവ ജാഗ്രതയോടെ സംരക്ഷിച്ചിരുന്നു.(ഡിഫൻസും ഇക്കോണമിയും പ്രധാനമാണെന്ന് ഭരണാധികാരി അറിഞ്ഞിരുന്നു) അതാതുകാലത്ത് വിത്തു വിതക്കൽ, കൃഷി,ഗോരക്ഷസഭ,ഉദ്യാനം,പുണ്യഗൃഹം, സത്രം ഇവയുടെ നിർമ്മാണപ്രവർത്തനം (തൊഴിൽ) നടനർത്തകന്മാരും ഗായകരും നിറഞ്ഞ ഉത്സവങ്ങൾ,കഥാപ്രസംഗം,ഇവ ചെയ്യുന്നവർക്കും വ്യാപാരിവണികർക്കും ഭയമില്ലാതെ സഞ്ചരിക്കാനുള്ള ഗതാഗതമാർഗ്ഗങ്ങൾ, പ്രജകൾ മത്സ്യന്യായം കൊണ്ട് (വലിയത് ചെറിയതിനെ വിഴുങ്ങുക) പരസ്പരം നശിപ്പിക്കാതെ സംരക്ഷിക്കൽ ഇവയെല്ലാം അയോദ്ധ്യയിലെ ഭരണാധികാരികൾ നോക്കിനടത്തിയിരുന്നു. പരസ്പരകലഹം ഉണ്ടാക്കി മത്സ്യന്യായം വഴി നശിപ്പിക്കുന്ന നാസ്തികരെ കലഹം പരത്തുന്നവരാകയാൽപ്രോത്സാഹിപ്പിച്ചിരുന്നില്ല.

ഭരതവാക്യത്തിൽനിന്ന് അക്കാലത്തെ നികുതിയുടെ കണക്കു ലഭിക്കുന്നു. ആറിലൊന്ന് നികുതിയുടെ കാൽഭാഗം രാജഭോഗമായി ലഭിച്ചിട്ടും പ്രജകളെ പരിപാലിക്കാത്ത രാജാവിന്റെ പാപം രാമനെ കാട്ടിലേക്ക് അയച്ചവൾക്ക് ലഭിക്കട്ടെ എന്നാണ് ഭരതവാക്യം. (അതായത് ഒരാൾക്ക് 360 പറ വിളവു കിട്ടിയാൽ 60 പറ നികുതി. അതിലെ കാൽഭാഗം 15 പറയാണ് രാജാവിനു കിട്ടുക. ബാക്കി 45 പറ ജനക്ഷേമത്തിനായി ഭണ്ഡാരത്തിലേക്ക് പോകും.) ഭരതനോട് രാമൻ ചോദിക്കുന്ന ചില ചോദ്യങ്ങളിലും അന്നത്തെ രാജധർമ്മത്തിന്റെ സൂചനകളുണ്ട്.

നീ രാത്രിയുടെ അവസാനയാമത്തിലുണർന്ന് മുമ്പു നടന്നതും ഇപ്പോൾനടക്കുന്നതും ഇനി നടക്കാനുള്ളതുമായ കാര്യങ്ങളെല്ലാം സ്വയം ആലോചിച്ചുറപ്പിച്ചശേഷം ധർമ്മശാസ്ത്രജ്ഞരും ജിതേന്ദ്രിയരുമായ മന്ത്രിമാരുമായി ആലോചിച്ച് നടപ്പാക്കുന്നില്ലേ. കാലതാമസം കൂടാതെ കാര്യങ്ങളെല്ലാം നടപ്പാക്കാറില്ലേ. കുറ്റത്തേക്കാളും വലിയ ശിക്ഷ കൊടുക്കാറില്ലല്ലോ. നികുതി കൂടുതലായി ഈടാക്കാറില്ലല്ലോ. ഋത്വിക്ക് പതിതനേയും കുലസ്ത്രീ പരസ്ത്രീരതനേയും എന്നപോലെ അത്തരം രാജാക്കന്മാരെ ജനം അവഗണിക്കും.

ജാബാലി രാമനെ ഉപദേശിച്ചത് ധർമ്മം, ദാനം ,ദീക്ഷ ഇവയെല്ലാം സൂത്രക്കാരുടെ സൃഷ്ടികളാണെന്നും രാജ്യസുഖം അനുഭവിക്കണമെന്നുമാണ്. രാമൻ നിർമ്മര്യാദനും ധർമ്മവിരുദ്ധനും നാസ്തികനുമെന്ന് പറഞ്ഞ്, ആ ഉപദേശത്തെ നിരസിച്ചു. ധർമ്മാചാരികളായ രാജാക്കന്മാരുടെ രാഷ്ട്രപരിപാലനം സത്യം ഒന്നുകൊണ്ടു മാത്രമാണ് സാധിക്കുന്നത്. അത് ധർമ്മം, ഈശ്വരൻ തന്നെയാണ്. ക്ഷാത്രധർമ്മമെന്ന പേരും പറഞ്ഞ് രാജ്യലോഭം കൊണ്ട് ക്രൂരരും ലുബ്ധരുമായ ആളുകൾ ചെയ്യുന്നതൊന്നും ഞാൻ സ്വീക

രിക്കയില്ലെന്ന് രാമൻ തീർത്തുപറഞ്ഞു. മാത്രമല്ല, അച്ഛൻ ചെയ്ത ഒരേ ഒരു നിന്ദ്യകർമ്മം ധർമ്മത്തിൽനിന്ന് വ്യതിചലിച്ച നാസ്തികനായ അങ്ങയെ ഉപദേഷ്ടാവാക്കി വെച്ചതാണെന്നും കൂടി പറഞ്ഞു. സത്യവും ധർമ്മവും ദാനവും അഹിംസയും പാലിക്കുന്നവരാണ് വിശുദ്ധരും വന്ദനീയരും. അച്ഛൻ ചെയ്ത ക്രയവിക്രയമാണ് വനവും രാജ്യവും. അത് ഞങ്ങൾക്ക്- എനിക്കോ ഭരതനോ- മാറ്റാനവകാശമോ അധികാരമോ ഇല്ല.

സീതയെ കാട്ടിലയച്ചതും പ്രജകളുടെ ഇഷ്ടാനുസരണമാണ്. പ്രജകൾക്ക് മാതൃക കാട്ടേണ്ടവനായ ഭരണാധികാരി എന്ന നിലക്കാണ്. ശംബൂകവധം വാത്മീകിരാമായണത്തിലില്ല. പ്രക്ഷിപ്തമായ ഉത്തരരാമായണത്തിലേ ഉള്ളൂ.

വലഭിയും ഭട്ടികാവ്യവും

അൽബിറൂണി വലഭിയുടെ നാശം ഇങ്ങനെ വിവരിക്കുന്നു:- സിന്ധിന്റെ തലസ്ഥാനം മൻസുര (എഡി 750-770) സ്ഥാപിച്ചപ്പോൾ, വലഭിയിലെ ഒരു പൌരനായ രങ്കൻ മാൻസുരയിലെ അറബിഭരണാധികാരിക്ക് കൈക്കൂലി കൊടുത്ത് വലഭിയിലേക്ക് ഒരു നാവികപ്പടയെ അയക്കാൻ പറഞ്ഞു. രാത്രിയിലെ അപ്രതീക്ഷിതമായ ആക്രമണത്തിൽ രാജാ വല്ലഭനും അദ്ദഹത്തിന്റെ പ്രജകളും വധിക്കപ്പെട്ടു. അദ്ദേഹത്തിന്റെ പ്രശസ്തമായ പട്ടണം നശിപ്പിക്കപ്പെട്ടു. (ബോംബേ ഗസറ്റർ വാള്യം 1 ഭാഗം 1 പേജ് 94)

വലഭിയിലെ രാജാക്കന്മാരുടെ വംശാവലി

ഭട്ടാരകസേനാപതി

ധാരാസേന 1. (സേനാപതി) ദ്രോണസിംഹമഹാരാജ ധ്രുവസേന 1 ധാരാഭട്ടൻ

സം 183 സം 207,216

ഗുഹസേനൻ(240,46,48,50)

ധാരാസേനൻ 2 (252,69,70,72,77)

ശിലാദിത്യ 1. (286,90)
ധർമ്മാദിത്യ
ദേരഭട്ട

ഖരഗ്രഹ 1

ധാരാസേന 3 ധ്രുവസേന 2 (ബാലാദിത്യ)
സം 310
ധാരാസേനചക്രവർത്തി
സം 322,26,28,30,32

348,52,56 337 332

ശിലാദിത്യ 3 (372)
ശിലാദിത്യ 4 (403)
ശിലാദിത്യ 5 441
ശിലാദിത്യ 6 ധ്രുവഭട്ട(447)

വലഭികാലവും ഗുപ്തകാലവും ഏതാണ്ട് ഒന്നുതന്നെയാണ് എന്ന് ആൽബറൂണി പറയുന്നതിനാൽ മൂന്ന് നാല് നൂറ്റാണ്ടുകളിലാണ് ഗുജറാത്തിലെ വലഭിയൂണിവേഴ്സിറ്റി സ്ഥാപിച്ചത്. ധ്രുവസേനൻ ഒന്നാമന്റെ ഗ്രാന്റിൽ, (സംവത് 221) അദ്ദേഹം ദൂതകസ്സൂപകാരഭട്ടി ലിഖിതം കിക്കകേനേതി എന്ന് കാണുന്നു. രാജാവിന്റെ ദൂതകനും സൂപകാരപതിയും (അടുക്കള മേൽനോട്ടം) ആയ ഭട്ടി എന്നാണ് സാരം. സംവത് 334ലെ ധ്രുവസേനൻ മൂന്നാമന്റെ ഗ്രാന്റിൽ ഇപ്രകാരം കാണാം. ശ്രീധ്രുവസേനഃ കുശലീ സർവ്വാനേവ സമാജ്ഞാപയതി- അസ്തു വഃ സംവിദിതം-യഥാ മയാ മാതാപിത്രോഃ പുണ്യാവ്യായനായമഹിഛ (ക)വിനിർഗ്ഗതമഹിഛക്ര വാസ്തവ്യൈതച്ചാതുർവിദ്യസാമാന്യകൌശികസഗോത്രവാജസനേയസബ്രഹ്മ ചാരിബ്രാഹ്മണ വപ്പപുത്രഭട്ടിഭടായ ശിവഭാഗപുരവിഷയേ ദക്ഷിണപട്ടേ പട്ടപദ്രകഗാമഃസോദ്രംഗഃസോപരികരഃ..........ഉദകാതിസർഗ്ഗേണ ധർമ്മദായോ നിസൃഷ്ടഃ

ഈ രണ്ടു ഗ്രാന്റിലും പറയുന്ന ഭട്ടി ഒരാളാണെങ്കിൽ അദ്ദേഹത്തിന്റെ കാലത്തെ മഹാരാജാധിരാജപരമേശ്വരചക്രവർത്തിശ്രീധരസേനഃ ശ്രീധരസേനനോ ശ്രീധാരാസേനനോ .ഭട്ടികാവ്യം രചിച്ചത് വലഭിയിൽ ധാരാസേന കാലത്താണെന്ന് കാവ്യാവസാനം കവി പറയുന്നതിനാൽ അത് ഏതു ധാരാസേനകാലത്താണ്. ഭവ അഥവാ ഭട്ട എന്ന നാമം ഭട്ടവൃത്തി ഉള്ള പണ്ഡിതരുടെ സാമാന്യനാമമാണ്. ഇത് ശൈവർക്കും വൈഷ്ണവർക്കും ഒരുപോലെ ലഭിച്ചിരുന്ന പട്ടം അഥവാ ബിരുദമാണ്. മാത്രമല്ല, ബുദ്ധ വിഹാരങ്ങളേയും ബപ്പപാദിത്യവിഹാരമെന്ന് പറഞ്ഞിരുന്നു. (ഇന്ത്യൻ ആന്റികിററി വാള്യം 6 പേജ് 9) അതായത് ഭട്ടി ഒരാളുടെ വ്യക്തിനാമമല്ല.

ജയമംഗലടീകാവസാനം ഇതി വലഭീവാസ്തവ്യസ്യ ശ്രീസ്വാമിസൂനോർഭട്ട മഹാബ്രാഹ്മണസ്യ മഹാവൈയാകരണസ്യ കൃതോ രാവണവധേ എന്ന് പറഞ്ഞിരിക്കുന്നു. തഞ്ചാവൂർ മാനുസ്ക്രിപ്റ്റ് ലൈബ്രറിയിലെ വളരെ പഴയ ഒരു കോപ്പിയിൽ വികൃത്യബ്ദേ രവൌ കന്യാം ഗതേ പുഷ്യേ ഗുരോർദ്ദിനേ വേങ്കടേശേന ലിഖിതം ഭട്ടികാവ്യം വിരാജതേ എന്നുണ്ട്. മല്ലീനാഥഭാഷ്യം നാലെണ്ണം തെക്കേ ഇന്ത്യയിൽനിന്നാണ് കിട്ടിയത്. ഗ്രന്ഥ വരിയിലും തെലുങ്കിലും രണ്ടെണ്ണം. ഒന്ന് തിയോസഫിക്കൽ സൊസൈറ്റിയി ലുണ്ട്. ശ്രീനൃസിംഹായ നമഃ എന്ന് ആദ്യവും അവസാനവും കാണുന്നു. കോയമ്പത്തൂരിലെ ഉഡുമലപ്പേട്ടയിലേതാണ് നാലാമത്തേത്. മല്ലീനാഥഭാഷ്യ ത്തിൽ കോലാപുരമല്ലീനാഥനെന്ന് പറയുന്നതിനാൽ അദ്ദേഹത്തിന്റെ സ്വദേ ശം കോലാപുരമാണ്.

പാണിനിയുടെ സൂത്രങ്ങളെ ഉദാഹരിച്ച് കാണിക്കാനായി ഭട്ടി എഴുതിയ വ്യാകരണകാവ്യമാണ് ഭട്ടികാവ്യം. മല്ലീനാഥൻ അതിനെ ഉദാഹരണകാവ്യം എന്ന് വിളിക്കുന്നു. പ്രകീർണ്ണകാണ്ഡം, അധികാരകാണ്ഡം, പ്രസന്നകാണ്ഡം, തിനന്തകാണ്ഡം എന്ന് നാലു കാണ്ഡമുണ്ട്. മാധുര്യം,ഭാവികം, ഭാഷാസമം (പ്രാകൃതവും സംസ്കൃതവും സമം)എന്ന് മൂന്നു ഗുണങ്ങളും ഉണ്ട് അധി കാരകാണ്ഡത്തിൽ. ഭട്ടോജിദീക്ഷിതർ സിദ്ധാന്തകൌമുദിയിലും മനോരമയി ലും ധാരാളം ഉദ്ധരണികൾ ഭട്ടികാവ്യത്തിൽനിന്ന് ചേർത്തിട്ടുണ്ട്. പാണിനി യിൽ നിന്ന് വ്യത്യസ്തമായി വ്യാകരണനിയമം കാണുന്നിടത്തൊക്കെ കഥം തർഹി ഭട്ടിഃ എന്ന് അദ്ദേഹം പറയുന്നത് ഭട്ടികാവ്യത്തിന്റെ സ്വീകാര്യത കാണിക്കുന്നു. കാശ്മീരിലെ ഭൌമകന്റെ(ഭീമഭട്ട) രാവണാർജ്ജുനീയമാണ് ഇതുപോലെ പാണിനിനിയമങ്ങളെ ഉദാഹരിക്കുന്ന മറ്റൊരു വ്യാകരണ കാവ്യം. കാശികാകാരനായ ജയാദിത്യനും കാശ്മീരകവി ക്ഷേമകനും മുമ്പാണ് ഭൌമകകാലം. കാശിക രാവണാർജ്ജുനീയത്തിൽനിന്ന് ഉദ്ധരിക്കു ന്നുണ്ട്. സിദ്ധാന്തകൌമുദി ഈ ശ്ലോകം മുഴുവനായും ഉദ്ധരിക്കുന്നു. ക്ഷേ മേന്ദ്രന്റെ സുവൃത്തതിലകം ശാസ്ത്രകാവ്യം ചതുർവർഗ്ഗപ്രായം സർവ്വോപ ദേശകൃത് ഭട്ടിഭൌമകകാവ്യാദി കാവ്യശാസ്ത്രം പ്രചക്ഷതേ എന്ന് ഭട്ടിയേ യും ഭൌമകനേയും എടുത്തുപറയുന്നുണ്ട്. (ഒരു ഡെക്കാൻ കോളേജ് മാനു സ്ക്രിപ്റ്റിൽ ഭൌമകന്റെ പേര് ഭീമനെന്നാണ്. ഇതി മഹാകവിശ്രീഭീമകൃ തേ രാവണാർജ്ജുനീയേ മഹാകാവ്യേ)

കോൾബ്രൂക്കിന്റെ അഭിപ്രായം ഭർതൃഹരിയാണ് ഭട്ടികാവ്യകർത്താവെന്നാ ണ്. വ്യാകരണോദാഹരണത്തിനുള്ള മഹാകാവ്യമാകയാൽ പദപ്രയോഗം വളരെ അളന്നും മനസ്സിലാക്കാൻ പ്രയാസവുമാണ്. എന്നിട്ടും കൂടി സം സ്കൃതമഹാകാവ്യങ്ങളിൽ വളരെ പ്രസിദ്ധവുമാണ്. അദ്ദേഹത്തിന്റെ ഭാഷ്യകാരന്മാരിൽ ഒരാളായ വിദ്യാവിനോദന്റെ അഭിപ്രായം വിക്രമാദി ത്യന്റെ സഹോദരനും വൈയ്യാകരണനും കവിയുമായ ഭർതൃഹരി (ഭട്ടി) ശ്രീധരസ്വാമീപുത്രനുമാണെന്നാണ്. ഡോ.ബാവുദാജി ഭർതൃഹരിയുടെ മക നാണ് ഭട്ടി എന്ന് വിചാരിക്കുന്നു. ശാസ്ത്രി ശേഷഗിരിയുടെ അഭിപ്രായം, വിക്രമാദിത്യനാമം പല രാജാക്കന്മാരും സ്വീകരിച്ചിട്ടുണ്ട്. അതിൽ ആദ്യ ത്തെ വ്യക്തി വിക്രമശകം ആരംഭിച്ച വ്യക്തിയാണ്. അദ്ദേഹത്തിന്റെ

അഛൻ ചന്ദ്രഗുപ്തനെന്ന ബ്രാഹ്മണനായിരുന്നു. അദ്ദേഹത്തിന് നാലു ഭാര്യമാർ നാലു വർണ്ണങ്ങളിലായി ഉണ്ടായിരുന്നു. (ബ്രാഹ്മണി,ഭാനുമതി, ഭാഗ്യവതി, സിന്ധുമതി).ഇവരിൽ ക്രമത്തിൽ വരരുചി, വിക്രമാർക്കൻ, ഭട്ടി, ഭർതൃഹരി എന്നിവർ ജനിച്ചു. ഭട്ടി വിക്രമാർക്കന്റെ മന്ത്രിയായിരുന്നു. വളരെ നീണ്ടകാലം ഭരിച്ച അദ്ദേഹം ബിസി 78ലാണ് കുലാലവംശജനായ ശാലിവാഹനനാൽ വധിക്കപ്പെട്ടത്. അന്നുമുതലാണ് ശാലിവാഹനകാലം ആരംഭിച്ചത്. നാരായണവിദ്യാവിനോദാചാര്യ തന്റെ ഭട്ടിബോധിനി ഭാഷ്യ ത്തിൽ പറയുന്നു:-അഥ പാണിനീകൃതലക്ഷണാർത്ഥാനവഗന്തും അശക്നുവതാം ഭാഷ്യകാരജിനേന്ദ്രപ്രഭൃതിനാനാമതാനുസാരിണാം സന്ദേഹസന്ദോഹവ്യാധിപീഡിതാനാം ശിഷ്യപ്രശിഷ്യാണാമുദ്ദിഷിർഷൂർ ഭഗവാൻ ശ്രീധരസ്വാമിസൂനൂഭർതൃഹരിഃ കാവ്യഛലേന സമസ്തം വ്യാകരണാർത്ഥം ദർശയൻ രാമകഥയൈവാത്ര മംഗലാന്തരമനാവൃദ്ത്യാ കാവ്യമിദമാരബ്ധവാൻ

പൂർവ്വഗ്രാമകുലത്തിലെ ജഡാധരന്റെ സഹോദരനായ വനേശ്വരന്റെ പുത്ര നാണ് നാരായണവിദ്യാവിനോദാചാര്യ.കന്ദർപ്പചക്രവർത്തിയും ഭട്ടികാവ്യം ഭർതൃഹരി എഴുതി എന്ന് കരുതുന്നു. ഭരതമല്ലികന്റെ മുഗ്ദ്ധബോധിനി ഭാഷ്യവും ഭർതൃഹരിയാണ് കവിയെന്ന് പറയുന്നു. (ഹുഗ്ലി ജില്ലയിലെ കാഞ്ചാപ്പാറയിലാണ് 250 വർഷം മുമ്പ് ഭരതമല്ലികൻ ജീവിച്ചത്).

ഭട്ടികാവ്യം എഴുതിയത് ഭർതൃഹരിയാണോ. അവർ രണ്ടുപേരും ഒരാളാ ണോ. ബാവുദാജിയും ശേഷഗിരിശാസ്ത്രിയും അവർ രണ്ടുപേരാണെന്നു വിചാരിക്കുന്നു. ഭോജപ്രബന്ധത്തിൽ അക്കാലത്തേക്ക് ഭട്ടിയുടെ കൃതി നഷ്ടപ്രായമായതായി കാണുന്നു (ഭട്ടിർനഷ്ടോ ഭാരവീയോപി നഷ്ടോ). 11ആം നൂറ്റാണ്ടിലെ ക്ഷേമേന്ദ്രനും 15ആം നൂറ്റാണ്ടിലെ വല്ലഭദേവനും ഭട്ടിയെ പരാമർശിച്ചിട്ടുണ്ട്. വല്ലഭദേവന്റെ സുഭാഷിതാവലിയിൽ ഭട്ടിയേയും ഭർതൃഹരിയേയും പറയുന്നുണ്ട്. അതിൽ ഭട്ടികാവ്യത്തിലെ ശ്ലോകങ്ങൾ, ഉദ്ധരിക്കുന്നത് ഭട്ടി,ഭട്ടസ്വാമിൻ, ഭർതൃസ്വാമിൻ എന്ന് മൂന്നുപേരിലാണ്. (മൂന്നുപേരും ഒരാൾ). ഭട്ടികാവ്യത്തിലെ ചില വരികൾ പതിനാലാം നൂറ്റാണ്ടിലെ സാരംഗധാരപദ്ധതിയിലും ഭട്ടിസ്വാമി, ഭർതൃസ്വാമി എന്ന പേരിലാണ് ഉദ്ധരിക്കുന്നത്. ജയമംഗലയുടെ ഡെക്കാൻ കോളേജ് മാനു സ്ക്രിപ്ടുകളിലൊന്ന് ഭർതൃകാവ്യമെന്നാണ് വിളിക്കുന്നത്. ഭട്ടികാവ്യക ർത്താവിന് ഭട്ടി,ഭട്ടസ്വാമി, ഭർതൃസ്വാമി, സ്വാമിഭട്ടനെന്നീ നാമങ്ങളുണ്ടായി രുന്നതായി ഔഫ്രക്ടിന്റെ എൻസൈക്ലോപീഡിയ. ശ്രീധരസ്വാമി അഥവാ ശ്രീസ്വാമിപുത്രനായ ഭർതൃഹരി ശരിയായ നാമമെന്നും ഭട്ടി എന്നത് ഭട്ടബിരുദം ലഭിച്ചശേഷമുള്ളതെന്നും കരുതണം. ഭർതൃ എന്ന സംസ്കൃതപ ദത്തിന്റെ പ്രാകൃതമാണ് ഭട്ടിയെന്നും ചിലർ കരുതുന്നുണ്ട്. ശ്രീധരസ്വാമിപു ത്രനാകയാലാണ് ഭട്ടസ്വാമി , സ്വാമിഭട്ട മുതലായ നാമങ്ങൾ. ധാരാസേനകാ ലത്ത് വലഭിയിൽവെച്ചാണ് ഭട്ടികാവ്യം രചിക്കപ്പെട്ടത്.

കാവ്യമിദം വിഹിതം മയാ വലഭ്യാ
ശ്രീധരസേനനരേന്ദ്രപാലിതായാം

കീർത്തിരതാ ഭവതാന്ന്യപസ്യ തസ്യ
പ്രേമകരഃ ക്ഷിതിപോ യതഃ പ്രജാനാം

ഇതിലെ ശ്രീധരസേനനാണോ ഭട്ടിയുടെ പിതാവ്. അദ്ദേഹം തന്നെയാണോ വലഭി ധാരാസേനൻ. വലഭിയിലെ വംശാവലിയിൽ നാലു ധാരാസേനന്മാരുണ്ട്. വംശാവലിയിലെ ആദ്യവ്യക്തി ഭട്ടാർക്കസേനാപതിയാണ്. ഇദ്ദേഹത്തിന്റെ നാലുമക്കളിൽ രണ്ടാമത്തെആളാണ് സംവത് 183ൽ താമ്രശാസനത്തിൽ പറയുന്ന ദ്രോണസിംഹൻ. ഇദ്ദേഹത്തിന്റെ ജ്യേഷ്ഠനാണ് സേനാപതി ധാരാസേന 1. ധാരാസേന രണ്ടാമന്റെ താമ്രശാസനം സംവത് 252 മുതൽ 277 വരെ കാണുന്നു. ധാരാസേന നാലാമന്റേത് 322 മുതൽ 332 വരേയും. ഭട്ടാരകസേനാപതി ചന്ദ്രഗുപ്തബ്രാഹ്മണനാണെങ്കിൽ അദ്ദേഹത്തിന്റെ നാലു പുത്രന്മാരിൽ ബ്രാഹ്മണീപുത്രനായ വരരുചി(ധാരാസേനൻ 1), ഭാനുമതീപുത്രനായ വിക്രമാദിത്യമഹാരാജാ (ദ്രോണസിംഹ), ഭാഗ്യവതീപുത്രനായ ഭട്ടി (ധ്രുവസേന),സിന്ദുമതീപുത്രനായ ഭർതൃഹരി (ധാരാഭട്ടൻ) ഇവരെ കാണാവുന്നതാണ്. ധാരാസേനൻ 2, 3, 4 എന്നിവരെല്ലാം ധാരാഭട്ടന്റെ വംശത്തിലാണ് ജനിച്ചത്. ഭർതൃഹരിയുടെ സമകാലീനനായ ധാരാസേനൻ ഇതുപ്രകാരം ജ്യേഷ്ഠനായ ധാരാസിംഹൻ ഒന്നാമനാണ്. വലഭിയിൽവെച്ച് മൂത്ത ജ്യേഷ്ഠനായ ശ്രീധാരാസേനൻ ഒന്നാമന്റെ പ്രേമപാത്രമായ ഇളയ അനുജനായ ധാരാഭട്ടനെന്ന ഭർതൃഹരി രചിച്ചതെന്ന് മനസ്സിലാക്കാം. ധാരാസേന നാലാമന്റെ കാലമെന്നത് ശരിയാവുകയില്ല. ഇതിലെ വലഭി സംവത് ഗുപ്തശകമാണെന്ന് പറയപ്പെടുന്നു. ആദ്യത്തെ വലഭിശകം (ശാസനത്തിലുള്ളത്) എഡി 319 സോമനാഥപട്ടണത്തിലെ ശിലാശാസനത്തിൽ ഗുജറാത്തിലെ അർജ്ജുനദേവന്റെ ദാനമാണ്. ഇത് വിക്രമസംവത് 1320, ഹിജറ 662,വലഭി സംവത് 945 സിംഹ സംവത് 151 എന്നതനുസരിച്ച് , വിക്രമസംവത് 376, ശക 242 ലാണ് വലഭി ശകാരംഭം. (ഗുജറാത്തിലെ വലഭി). അൽബറൂണി ഇതിനെ വലഭികാലം എന്ന് വിളിക്കുന്നു. അക്കാലത്ത് ധ്രുവസേനൻ ഒന്നാമൻ ദൂതനും അടുക്കളസുപ്പർവൈസറുമായി പ്രവർത്തിക്കയാണ്, മഹാരാജാവായിട്ടില്ല.

ഭാഷ ഉണ്ടായ ശേഷമാണ് വ്യാകരണം ഉണ്ടാവുന്നത്. പ്രാകൃത വ്യാകരണം വരരുചിയുടേതാണ് ഏറ്റവും പഴയതായി ലഭ്യമായിട്ടുള്ളത്. (പ്രാകൃതപ്രകാശം).നന്ദരാജാവിന്റെ മന്ത്രിയായും അലക്സാന്ററുടെ വരവിനു തൊട്ടുമുമ്പുമുതൽ ചന്ദ്രഗുപ്തമൌര്യ കാലത്തും ജീവിച്ച കാത്യായനനാണ് വരരുചി. പാണിനിയുടെ സഹപാഠിയായിരുന്നു. 18 ഭാഷകളും അറിയുന്ന വരരുചി എല്ലാ പ്രാദേശികഭാഷകളേയും പോഷിപ്പിച്ചു. കിഴക്കും പടിഞ്ഞാറും ഗുജറാത്തിലും കേരളത്തിലും ഡെക്കാനിലും വരരുചിസമ്പ്രദായം പിൻതുടർന്നു എന്നത് അദ്ദേഹത്തിന്റെ ജ്ഞാനത്തിന് അംഗീകാരമാണ്. പാണിനിയും വരരുചിയും സതീർത്ഥ്യരായിരുന്നു. അതിനാൽ പാണിനികാലമാണ് വരരുചിയുടെ കാലം. ബിസി മൂന്ന്,നാല്, അഞ്ച് നൂറ്റാണ്ടുകളിൽ പ്രബലമായിരുന്നു. ഇത് ചന്ദ്രഗുപ്തമൌര്യ,നന്ദസാമ്രാജ്യ, അലക്സാന്റർകാലമാണ്. പിന്നെ എന്താണ് വലഭികാലവും ഗുപ്തകാലവും ഒന്നാണെന്ന് പറയുന്നതിന്റെ യുക്തി. കേരളത്തിലെ പ്രസിദ്ധമായ പുരാതനവലഭി കലാ

ശാലയുടെ ഗുജറാത്ത് ശാഖ തുടങ്ങിയ കാലമാണ് ഗുപ്തകാലാരംഭം. അക്കാലത്ത് പാലിയത്തോ എന്ന പാദലിപ്തൻ (ജയന്തമംഗലം) ഗുജറാത്തിലേക്ക് പോയി അവിടെ ഒരു ശാഖ സ്ഥാപിച്ചു. ചന്ദ്രഗുപ്തനെന്ന ആദ്യഗുപ്തരാജാവിന്റെ മകളെ (പ്രഭാവതിഗുപ്ത) വലഭിയിലെ രാജകുമാരൻ വിവാഹം കഴിച്ച ശേഷമാണ് ഇത് . വലഭി ഗുജറാത്ത് സർവ്വകലാശാലയുടെ ആരംഭമാണ് ഗുപ്തകാലത്ത് ഉണ്ടായത്. വല്ലഭവംശാരംഭമല്ല. ഇക്കാലത്താണ് നളന്ദയും സ്ഥാപിച്ചത്..

വല്ലലന്റെ ലിഖിതപ്രകാരം പണ്ഡിതന്മാർ ലകുലശാഖയിലുള്ളവരാണ്. പല കാലമുഖപണ്ഡിതരും ലകുലീശസമ്പ്രദായത്തിലെ ഗുരുക്കന്മാരായി കരുതപ്പെടുകയും ചെയ്തു.ഇത് പാശുപതരും കാലമുഖരും തമ്മിലുള്ള അനിഷേധ്യമായ ബന്ധത്തിനു തെളിവാണ്. ലകുലീശ്വരന്റെ വംശത്തിലുള്ളവരാണ് കാലമുഖന്മാരെന്ന് ചൌബി,ഫ്ലഡ്, ലോറൻസൻ. വടിയും പിടിച്ച് നീണ്ട വസ്ത്രം ധരിച്ച ഗുരു ലകുലീശ്വരസംഘത്തിലെ പണ്ഡിതഗുരുവാണെന്ന് പലരും അഭിപ്രായപ്പെടുന്നു. ലകുലീശന് കാതിൽ നാഗാഭരണം പറയുന്നു. ഉഷ്ണീഷവും വടിയും നാഗവും ജപമാലയും ഇവർക്കുണ്ട്. ബല്ലല 2 ന്റെ കാലം മുതലേ ഉഷ്ണീഷവും ജപമാലയുമുള്ളു. മറ്റുള്ളവ ആദ്യം മുതലേ ഉണ്ട്. ചിക്കാളിയിലെ ചാത്തെനാർ വിഗ്രഹം (16ആം നൂറ്റാണ്ട്) ശിവാവതാരമായ ലകുലീശനാണെന്ന് പാശുപതരും കാലമുഖരും കരുതുന്നു. കാലമുഖർ കദംബവംശത്തേയും സഹായിച്ചിരുന്നു. ഗദ താഴേക്കു പിടിച്ച ലകുലീശനെന്ന ശിവാവതാരം ആൻധ്രയിലും തമിഴകത്തും പാശുപത,കാലമുഖരുടെ ആരാധനാപാത്രമാണ്. ഇത് ഭൈരവരൂപമാണ്. ചോളകാലം മുതൽ ഈ വിഗ്രഹമുണ്ട്. ഒരു കയ്യിൽ ചിന്മുദ്ര, മറ്റേതിൽ താഴേക്കു മുഖമായി പിടിച്ച ഗദ. ഇപ്രകാരമുള്ള ചാത്തനാതർ തന്നെയാണിത്.ശിവഗുരുവാണ് ലകുലീശൻ. രാജഗുരുവായ പണ്ഡിതന്മാരെല്ലാം കാലമുഖരും പാശുപതരുമായിരുന്നു വല്ലലകാലത്ത്. . വലഭിയിലെ പണ്ഡിതരും ഇപ്രകാരമായിരുന്നു. പരമേശ്വരഭട്ടാരകനാമം ഉള്ളവരായിരുന്നു.

വളാഞ്ചേരി (വല്ലഭാഞ്ചേരി)യിലെ ശിവവിഷ്ണുദേവീ(ത്രികുടുംബസ്ഥാനം) ക്ഷേത്രത്തിൽ കാണുന്ന ലകുലീശപരാമർശം ഇവിടെ ആവർത്തിക്കുന്നു. കേരളത്തിലും ലകുലീശസമ്പ്രദായം പ്രബലമായിരുന്നു.

മഥുരയിലെ ഗുപ്തകാലത്തെ ലകുലീശസമ്പ്രദായം

സിദ്ധം ഭട്ടാരകമഹാരാജാധിരാജാശ്രീസമുദ്രഗുപ്തസത്പുത്രസ്യ
ഭട്ടാരകമഹാരാജരാജാധിരാജശ്രീചന്ദ്രഗുപ്തസ്യ വിജരാജ്യസംവത്സരേ
പഞ്ചമേ കാലാനുവർത്തമാനസംവത്സരേ ഏകഷഷ്ഠേ 60 1 പ്രഥമേ
ശുക്ലദിവസേ
പഞ്ചമ്യാം അസ്യാം പൂർവ്വയംഭഗവത്കുശികത് ദാസമേന ഭഗവദ്പരാശരച്ചതുർത്ഥേന ഭഗവദ്കപിലവിമലശിഷ്യേന ഭഗവദ് ഉപമിതവിമലശിഷ്യേന അര്യോദിതചര്യേന സ്വപുണ്യപ്യായനനിമിത്തം ഗുരൂണാം ച
കീർത്ത്യാർത്ഥം ഉപമിതേശ്വരകപിലേശ്വരൌ ഗുരു പ്രതിഷ്ഠാപിതോ

നൈതത് ഖ്യാത്യാർത്ഥം അഭിലിഖ്യതേ അഥമഹേശ്വരാണാംവിനാപ്തിക്സ് ക്രിയതേ
സംബോധനം ച യതകതേനാചാര്യണം പരിഗ്രഹം ഇതി മത്വാ
വിശങ്കം പൂജാപുരസ്കാരം പരിഗ്രഹപരിപാല്യം കുര്യാദ് ഇതി
വിജ്ഞാപ്തിർ ഇതി
യശ്ച കീർത്ത്യാഭിദ്രോഹം കുര്യാദ് യശ്ചഭിലിഖിതം ഉപര്യധോ വാ സ പഞ്ചഭിർ മഹാപാതകൈർ ഉപപാതകൈശ്ച സംയുക്ത സ്യാത് ജയതി ച ഭഗവാൻ ദണ്ഡ രുദ്രദണ്ഡോഗ്രനായകോ നിത്യം

ചന്ദ്രഗുപ്തന്റെ വിജയവർഷത്തിൽ സത്പുത്രനായ സമുദ്രഗുപ്തൻ ഗുപ്ത വ്ഷം 61ലെ ആദ്യആഷാഢത്തിലെ ശുക്ലപഞ്ചമിക്ക് എഴുതിച്ച ലിഖിതം. ഈ ദിവസം ഗുരുവായതനത്തിൽ (ഗുരുവിന്റെ ക്ഷേത്രം) ഉപമിതേശ്വര, കപിലേശ്വരന്മാരുടെ ലിംഗം പ്രതിഷ്ഠിച്ചു. ഭഗവാൻ കുശികന്റെ പാര മ്പര്യത്തിൽ 10ആം തലമുറ, പരാശരന്റെ നാലാം തലമുറ, , കപിലന്റെയും ഉപമിതന്റെയും വിമലശിഷ്യനായ ആചാര്യ ഉദിതാചാര്യനെ ഗുരുവായി വരിച്ചു. എന്റെ കീർത്തിക്കല്ല, മഹേശ്വരഭക്തരുടെ പുണ്യത്തിനായാണ് ഈ കർമ്മം. ഇത് ആചാര്യന്മാർക്കുള്ള നിവേദനമാണ്. തങ്ങളുടെ കയ്യിലു ള്ള ഈ സ്വത്തുകൊണ്ട് അവർ ദേവന്റെ സ്വത്ത് തങ്ങളുടേയായി വിചാരി ച്ച് സംരക്ഷിക്കയും വേണം. ഇതിനെ നശിപ്പിക്കുന്നവർക്ക് പഞ്ചമഹാപാത കവും പഞ്ചപാതകവും വരും. ഈശ്വരദണ്ഡം എപ്പോഴും വിജയിക്കട്ടെ. അത് വളരെ ഭയങ്കരമാണ്

പാശുപതശൈവിസത്തിലെ രണ്ടു ഗുരുക്കന്മാരുടെ പേരുണ്ട്. ഉപമിത, കപില. ദാനം വാങ്ങുന്ന ഗുരു ഉദിതാചാര്യ അവരുടെ ഗുര്വായതനത്തിന് കൂടുതൽ പുനരുദ്ധാരണം , നിർമ്മിതികൾ ഇവ നടത്തിയിട്ടുണ്ട്. .

ചന്ദ്രഗുപ്തകാലത്ത് (ഗുപ്തകാലം) തന്നെ ഉള്ളതാണ് ഗുരുക്കന്മാർക്ക് ആയതനം(ക്ഷേത്രഗുരുകുലം) പണിയലും ലകുലീശസമ്പ്രദായവുമെന്ന് ഈ ലിഖിതം കാണിക്കുന്നു. ഒരു പക്ഷേ അതിന്നുമുമ്പും ഉണ്ടായിരിക്കണ മെന്നും അനുമാനിക്കണം. പാശുപതശൈവിസത്തിലെ രണ്ടു ഗുരുക്കന്മാരു ടെ പെരെടുത്ത് പറയുന്നു,ഇവിടെ. ഉപമിതനും കപിലനും. ഉദിതാചാര്യ നെന്ന ഗുരുവാണ് ഈ രണ്ട് പൂർവ്വഗുരുക്കന്മാർക്ക് സ്മൃതിക്കായി ആയ തനം പണിതത്. 3-4 നൂറ്റാണ്ടുകളിലാണ് ഈ ഗുരുവിന്റെ നിർമ്മിതികാലം. ലകുലീശസമ്പ്രദായത്തിൽ ഗുരുവിന്റെ മരണശേഷം ഗുരുവിനെ ശിവനായി കരുതി ക്ഷേത്രം പണിയുന്ന സമ്പ്രദായമുണ്ടെന്നും ഇത് ഗുരു മോക്ഷം പ്രാ പിച്ചു എന്ന ശിവയോഗികളുടെ വിശ്വാസപ്രകാരമാണെന്നും ശൈവിസ ത്തിൽ നിന്നും വൈഷ്ണവിസത്തിൽനിന്നും ഒരുപോലെ ഗ്രഹിക്കാം.

പതഞ്ജലിയുടെ മഹാഭാഷ്യത്തിൽ ശിവഭാഗവതന്മാരെന്നു പറഞ്ഞിരിക്ക യാൽ നാലാം നൂറ്റാണ്ടിനു മുമ്പേ ഈ രീതി ഉണ്ട്. 200 ബിസി മുതൽ 350 എഡി വരെയുള്ള കാലത്ത് ഈ സമ്പ്രദായമുണ്ടെന്ന് അലെക്സിസ് സാ ൻഡേഴ്സൺ വിചാരിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ശിവയോ ഗിഗുരുക്കന്മാരുടെ ആദ്യത്തെ റഫറൻസ് (എപ്പിഗ്രാഫിക്കൽ) മഥുരയിലെ

ലകുലീശലിഖിതവും മദ്ധ്യപ്രദേശിലെ ധാർജില്ലയിലെ മഹാരാജാ ബുളുന്ദ താമ്രലിഖിതങ്ങളുമാണ്. ലിഖിതത്തിൽ പാശുപതമെന്ന നാമം ഉപയോഗിച്ചി ട്ടില്ല. ലകുലീശനാമവും ഇല്ല. പക്ഷേ ഉദിതാചാര്യനെന്ന ഗുരു ഭഗവത് കുശികന്റെ ഗുരുപരമ്പരയിലെ പത്താമത്തെ ഗുരുവും ലകുലീശ സമ്പ്രദായി യുമാണെന്ന് സാൻഡേഴ്സൻ ചൂണ്ടിക്കാട്ടുന്നു. വളാഞ്ചേരി പൂക്കാട്ടിയൂർ ലിഖിതത്തിലാകട്ടെ, ലകുലീശനാമം തന്നെ എടുത്തുപറയുന്നുണ്ട്. ഇത് കേരളത്തിന് ചരിത്രപരമായി പ്രധാനമാണ്.

മഥുര ലകുലീശലിഖിതത്തിൽ നിന്ന് ശിവക്ഷേത്രവും ലിംഗപ്രതിഷ്ഠയും പൂജാസമ്പ്രദായവും ഗുപ്തകാലത്ത് തന്നെ പ്രചുരപ്രചാരമായിരുന്നുവെന്ന് ലഭിക്കുന്നു. വടക്കേ ഇന്ത്യയിലെ എഡി 350 കാലത്തെ ശിവലകുലീശ സമ്പ്രദായത്തിന് തെളിവാണ് ഈ ലിഖിതവും ക്ഷേത്രവും. ഭണ്ഡാർക്കർ ലകുലീശസമ്പ്രദായം രണ്ടാം നൂറ്റാണ്ടിൽത്തന്നെ ഉണ്ടെന്ന് പറയുന്നതും ഈ തെളിവു വെച്ചാണ്.

ഭട്ടികാവ്യം

പ്രഥമസർഗ്ഗം

1. അഭൂന്നൃപോ വിബുധസഖഃപരന്തപഃ
ശ്രുതാന്വിതോ ദശരഥ ഇത്യുദാഹൃതഃ
ഗുണൈർവ്വരം ഭുവനഹിതച്ഛലേന യം
സനാതനഃപിതരമുപാഗമത് സ്വയം

ഭട്ടികവി കാവ്യരചനയുടെ അനേകം ശ്രേയസ്സുകളെ ലഭിക്കാനായി രചിച്ച താണ് രാവണവധമെന്ന ഭട്ടികാവ്യം. യശസ്സ്, അർത്ഥം, വ്യവഹാരവിജയാ കാംക്ഷികൾക്ക് വിജയം,സത്തുക്കൾക്ക് പരമനിരവൃതി ഇവ തരുന്നു. വി ബുധന്മാർ സുരന്മാരും പണ്ഡിതന്മാരുമാണ്. അവരുടെ സഖാവും, ശത്രു തപനനും ശ്രുതാന്വിതനും (വേദവേദാന്താദികൾ അറിയുന്നവനും)ആയ ദശ രഥനെ പിതാവായി സ്വീകരിച്ച്, ഭുവനഹിതത്തിനായി നാലു രൂപമെടുത്ത് സനാതനനായ മഹാവിഷ്ണു അവതരിച്ചു.

2. സോദ്ധ്യൈഷ്ട വേദാംസ്ത്രിദശാനയഷ്ട
പിതൃനപാരീത്സമമംസ്ത ബന്ധൂൻ
വ്യജേഷ്ട ഷഡ്വർഗ്ഗമരംസ്വനീതൌ
സമൂലഘാതം ന്യവധീദരീംശ്ച

ഋക്ക്,യജുസ്സ്,സാമം എന്ന ത്രിവേദങ്ങളെ അറിഞ്ഞ ദശരഥരാജാവ് മുത ലായ ബന്ധുക്കളാൽ വേദങ്ങളെ എന്നപോലെ സംരക്ഷിച്ച് പരിപാലിക്ക പ്പെട്ട് (33 കോടി ദേവന്മാരെയും യജ്ഞാദികളേയും എന്നപോലെ) ശത്രുക്ക ളെ സമൂലം നശിപ്പിക്കാനായി ധർമ്മാധർമ്മങ്ങളെ അറിഞ്ഞ് വളർക്കപ്പെട്ടു.

3. വസൂനി തോയം ധനവദ്യകാരീത്
സഹാസനം ഗോത്രഭിതാദ്ധ്യവാത്സീത്
ന ത്ര്യംബകാദന്യമുപാസ്ഥിതാസൌ
യശാംസി സർവ്വേഷു ഭൃതാം നിരാസ്ഥത്

ധാരാളം വസു(രത്നം), ജലം,ധനം മുതലായവ നേടിയതിനാൽ ഗോത്രഭിത്താ യ ഇന്ദ്രനുമായി ആ രാജാവ് സഹാസനം നേടി (ഇന്ദ്രസമം). ത്രിലോചന നായ ശിവനു സമമായി, സർവ്വ ധനുർദ്ധാരികളിലും വെച്ച് യശസ്വിയായി വാണു.

4. പുണ്യോ മഹാബ്രഹ്മസമൂഹജുഷ്ടഃസന്തർപ്പണോ നാഗസദാം വരേണ്യഃ
ജജ്വാല ലോകസ്ഥിതയേ സ രാജാ യഥാധ്വരേ വഹ്നിരഭിപ്രണീതഃ

പാവനമായ മഹാബ്രാഹ്മണസമൂഹത്താൽ സന്തുഷ്ടമായി, ഗാർഹപത്യാഹ വനീയാദി അഗ്നികളാൽ ജ്വലിക്കപ്പെട്ട കീർത്തിയാലും സമ്പത്തിനാലും ലോ കസ്ഥിതനായ രാജാവ് അധ്വരത്തിലെ അഗ്നിപോലെ ജ്വലിച്ചു.

5. സ പുണ്യകീർത്തിഃശതമന്യുകൽപ്പോ
മഹേന്ദ്രലോകപ്രതിമാം സമൃദ്ധ്യാ

അദ്ധ്യാസ്തു സർവ്വർത്തുസുഖാമയോദ്ധ്യാ-
മദ്ധ്യാസിതാം ബ്രഹ്മഭിരിദ്ധബോധൈഃ

പുണ്യകീർത്തിയായ അദ്ദേഹം ശതമന്യുകൽപ്പനായി(ശതക്രതുസമം) സമൃദ്ധിയാൽ മഹേന്ദ്രലോകസദൃശമായ സർവ്വഋതുക്കളിലും സുഖമയമായ അയോദ്ധ്യയിൽ ഇദ്ധബോധം (ദീപ്തപ്രജ്ഞാനം)കൊണ്ട് ബ്രാഹ്മണരാൽ അദ്ധ്യാസിതമായ (അധിഷ്ഠിതമായ) ഭരിച്ചു.

6. നിർമ്മാണദക്ഷസ്യ സമീഹിതേഷു
സീമേവ പത്മാസനകൌശലസ്യ
ഊർജ്ജസ്ഫുരദ്രത്നഗഭസ്തിഭിര്യോ-
സ്ഥിതാവഹസ്യേവ പുരംമഘോനഃ

സങ്കൽപ്പിതാർത്ഥവിഷയത്തിൽ അപൂർവ്വസൃഷ്ടിസമർത്ഥരായ പത്മാസനന്റെ നൈപുണ്യമുള്ള ദക്ഷന്മാരാൽ,നിർമ്മിക്കപ്പെട്ടതും മുകളിൽ പതിച്ച രത്നഗണങ്ങളുടെ മയൂഖങ്ങളാൽ ഇന്ദ്രപുരിയായ അമരാവതിയെ വെല്ലുമാറ് ആകാശത്തെ പ്രകാശിപ്പിക്കുന്നതുമായ അയോദ്ധ്യാപുരിയിൽ വസിച്ചു എന്ന് അയോദ്ധ്യാവർണ്ണന.

7. സദ്രത്നമുക്താഫലവജ്രഭാഞ്ജി
വിചിത്രധാതൂനി സകാനനാനി
സ്ത്രീഭിര്യുതാന്യപ്സരസാമിവൌഘൈ-
ർമേരൌഃശിരാംസീവ ഗൃഹാണി യസ്യാം.

പത്മരാഗാദി രത്നങ്ങളും മുത്തുകളും വജ്രങ്ങളും(ബ്രാഹ്മണപരിവ്രാജകരും) വിചിത്രധാതുക്കളും (ചിത്രശാലി മുതലായവ) അനേകം കാനനങ്ങളും ഉപവനങ്ങളും അപ്സരസ്സുകളെപ്പോലെയുള്ള സ്ത്രീകളും ചേർന്ന് മേരുശിഖരത്തിലെ ശിഖരംപോലെ അയോദ്ധ്യ ശോഭിച്ചു.

8. അന്തർനിവിഷ്ടോജ്ജ്വലരത്നഭാസോ ഗവാക്ഷജാലൈരഭിനിഷ്പതന്ത്യഃ
ഹിമാദ്രിടങ്കാദിവ ഭാന്തി യസ്യാം ഗംഗാംബുപാതപ്രതിമാ ഗൃഹേഭ്യഃ

ഹിമവാന്റെമടിത്തടത്തിലെ ഭിത്തിപോലെ ആ പുരി ശോഭിച്ചു. അതിന്റെ ഗവാക്ഷജാലങ്ങളിൽനിന്ന് (ജനലുകൾ) അകത്തുള്ള രത്നശോഭ പുറത്തേക്ക് പ്രസരിച്ചു. ഹിമവാനിൽനിന്ന് പ്രവഹിക്കുന്ന ഗംഗാജലം പോലെ എന്ന് ഉപമ.

9. ധർമ്മ്യാസു കാമാർത്ഥയശസ്കരീഷു
മതാസു ലോകേധിഗതാസു കാലേ
വിദ്യാസു വിദ്വാനിവ സോഭിരേമേ പത്നീഷു
രാജാ ത്രിസൃഷൂത്തമാസു

കാമാർത്ഥഹേതുകമായും യശസ്സിനായും ധർമ്മാനുഷ്ഠാനം ചെയ്തും ലോകമതപ്രകാരം യോഗ്യകാലത്ത് പരിഗ്രഹം ചെയ്തും,രാജാവ് വിദ്യയിൽ വിദ്വാൻ അഭിരമിക്കുന്നതുപോലെ തന്റെ മൂന്നു ഉത്തമപത്നിമാരിൽ അഭിരമിച്ചു.

10. പുത്രീയതാ തേന വരാംഗനാഭി-
രാനായി വിദ്വാൻ ക്രതുഷു ക്രിയാവാൻ
വിപക്കിമജ്ഞാനഗതിർമനസ്വി മാന്യോ
മുനിഃസ്വാം പുരമൃഷ്യശൃംഗഃ

പുത്രകാമിയായ അദ്ദേഹം വിദ്വാന്മാരെ ക്രതുവിഷയത്തിനായി (പുത്രകാമേഷ്ടി) ക്ഷണിച്ചുവരുത്തി. കർമ്മവിപാകം കൊണ്ടാവാമെന്ന് അജ്ഞാനമുദിച്ച അദ്ദേഹം മഹാമുനിയായ ഋഷ്യശൃംഗനെ പുരത്തിലേക്ക് വരുത്തി. ലോകപൂജ്യനായ ഋശ്യശൃംഗൻ വിഭാണ്ഡകപുത്രനാണ്.

11. ഐഹിഷ്ട തം കാരയിതും കൃതാത്മാ
ക്രതും നൃപഃ പുത്രഫലം മുനീന്ദ്രം
ജ്ഞാതാശയസ്തസ്യ തതോ വ്യതാനീത് സ
കർമ്മഠഃ കർമ്മ സുതാനുബന്ധി

ഇപ്രകാരം ചെയ്യണമെന്ന് നിശ്ചിതബുദ്ധിയായ ആ കൃതാത്മാവ് ,ഇഛയോടെ മുനീന്ദ്രനോട് പുത്രഫലം ചോദിച്ചു. അവന്റെ ആശയം അറിഞ്ഞ് കർമ്മഠനായ(കർമ്മത്തിൽ കുശലനായ) മുനി അതിന് സമ്മതിച്ചു.

12. രക്ഷാംസി വേദിം പരിതോ നിരാസ്ഥ-
ദംഗാന്യയാക്ഷീദഭിതഃ പ്രധാനം
ശേഷാണ്യഹൌഷീത്സുതസംപദേ ച
വരം വരേണ്യോ നൃപതേരമാർഗ്ഗീത്

വരേണ്യനായ മുനി വേദി നിർമ്മിച്ചു. സർവ്വതോ രക്ഷാർത്ഥം കർമ്മധാതുക്കളെല്ലാം സംഭരിച്ചു.രാക്ഷസരെ നിരസ്തരാക്കി. പ്രധാനഹവിസ്സുകളെല്ലാം ശരിയാക്കി. ശേഷം അവശിഷ്ടമായ അംഗഹവിസ്സുകൾ ഒരുക്കി. നൃപതിയുടെ പുത്രലാഭത്തിന് വരം ആരംഭിച്ചു. വിഷ്ണുദത്തം പുത്രലാഭഭജനലക്ഷണം എന്ന് ഭാഷ്യം.

13. നിഷ്ഠാം ഗതേ ദത്രിമസഭ്യതോഷേ
വിഹിത്രിഭേ കർമ്മണി രാജപത്ന്യഃ
പ്രാശുർഹുതോഛിഷ്ടമുദാരവംശ്യാ-
സ്തിസ്രഃ പ്രസോതും ചതുരഃസുപുത്രാൻ

യജ്ഞകർമ്മസമാപ്തിയിൽ സഭയിലുള്ളവരെയെല്ലാം ആനന്ദിപ്പിച്ചുകൊണ്ട്, ഉദാരവംശജാതകളായ രാജപത്നിമാർക്ക് ഹുതത്തിന്റെ ഉഛിഷ്ടം നാലു പുത്രരുണ്ടാവാനുള്ള വരത്തോടെ കൊടുത്തു.

14. കൌശല്യയാസാവി സുഖേന രാമഃ
പ്രാക് കൈകേയീതോ ഭരതസ്തതോഭൂത്
പ്രാസോഷ്ടശത്രുഘ്നമുദാരചേഷ്ട-
മേകാ സുമിത്രാ സഹ ലക്ഷ്മണേന

ആദ്യം കൌസല്യ രാമനെ പ്രസവിച്ചു. പിന്നീട് കൈകേയി ഭരതനു ജന്മം നൽകി. സുമിത്ര ലക്ഷ്മണനോടുകൂടിയ ശത്രുഘ്നനേയും പ്രസവിച്ചു.

15. ആർച്ചീത്ദ്വിജാതീൻ പരമാർത്ഥവിന്ദാ-
നുദേജയാൻഭൂതഗണാദ്യഷേധീത്
വിദ്വാനുപാനേഷ്ടു ച താൻ സ്വകാലേ യതിർവസിഷ്ഠോ
യമിനാം വരിഷ്ഠഃ

യമികളിൽവെച്ച് വരിഷ്ഠനും യതിയുമായ വസിഷ്ഠമുനി വിദ്വാനും പരമാർത്ഥവിത്തുമാണ്. അദ്ദേഹം കുട്ടികളുടെ അനുഗ്രഹത്തിനായി ദ്വിജനമാരെ അർച്ചിച്ച് പ്രസാദിപ്പിക്കയും, ബാലപീഢ മുതലായവ ഇല്ലാതിരിക്കാൻ ഭൂതഗണങ്ങളെ മന്ത്രോച്ചാടനം മുതലായവ ചെയ്ത് നിഷേധിക്കയും ചെയ്തു.

16. വേദോംഗവാംസ്തൈരാഖിലോദ്ധ്യഗായി
ശസ്ത്രാണ്യുപായംസത ജിത്വരാണി തേ
ഭിന്നവൃത്തിന്ന്യപി മാനസാനി സമം
ദനാനാം ഗുണിനോദ്ധ്യവാസ്തുഃ

കുട്ടികൾ ഭിന്നരുചികളും ഭിന്നവൃത്തികളുമാണെങ്കിലും രൂപാദികളെക്കൊണ്ടും, വേദവേദാംഗാദികളായ സർവ്വവും ഒരേപോലെ പഠിച്ച്, സകല ശസ്ത്രങ്ങളും വേണ്ടവിദം ഉപയോഗിക്കുന്നതിലും സമർത്ഥരായി, ജനമനസ്സുകളിൽ അവരുടെ ഗുണസാമ്യം കൊണ്ട് സമമായ പ്രിയം നേടി വളർന്നു

17. തതോഭ്യഗാദ്ഗാധിസുതഃക്ഷിതീന്ദ്രം
രക്ഷോഭിരഭ്യാഹതകർമ്മവൃത്തിഃ
രാമം വരീതും പരിരക്ഷണാർത്ഥം
രാജാർജ്ജിഹത്തം മധുപർക്കപാണിഃ

ശസ്ത്രപരിഗ്രഹം പൂർണ്ണമായ കാലത്ത്, ഗാഥിപുത്രനായ വിശ്വാമിത്രമുനി , യാഗരക്ഷക്ക് രാക്ഷസന്മാരെ നശിപ്പിക്കാനായി രാമനെ വരിച്ചു. അദ്ദേഹം മധുപർക്കം കയ്യിലേന്തി ക്ഷിതീന്ദ്രനെ(ദശരഥനെ) സമീപിച്ചു.

18. എഷി പുനർജന്മജയായ യത്വം
രൂപാദിബോധാന്യവ്രതശ്ച യത്തേ
തത്വാന്യബുദ്ധ്യാഃ പ്രതനൂനി യേന
ദാനം നൃപസ്തശ്ചിവമിത്യവാദീത്

ഹേ,ഭഗവാൻ, രൂപാദിവിഷയജ്ഞാനത്തേക്കാൾ, ഏതൊന്നാണോ പരമമായത്, ഏതൊന്നാണോ പുനർജന്മമില്ലാതാക്കുന്നത്, ആ ശിവമായ ജ്ഞാനം ഉള്ളവനാണല്ലോ എന്ന് നൃപൻ പ്രതിവചിച്ചു.

19. ആഖ്യന്മുനിസ്തസ്യ ശിവം സമാധേ-
ർവിഘ്നന്തി രക്ഷാംസി വനേ ക്രതൂസ്തൂ
താനി ദ്വിഷദ്വീര്യനിരാകരിഷ്ണു-
സ്തുണേഢു രാമഃ സഹ ലക്ഷ്മണേന

കാട്ടിൽ ആ ശിവത്തെ ധ്യാനിച്ച് സമാധിയിലമരുവാൻ വിഘ്നം വരുത്തുന്ന രാക്ഷസന്മാരുണ്ട്. ആ രാക്ഷസരെ (പ്രതിബന്ധം) നശിപ്പിക്കുവാനായി വീര്യവും നിരാകലണശീലവുമുള്ള രാമനേയും ലക്ഷ്മണനേയും വേണമെന്ന് മുനി പറഞ്ഞു.

20. സ ശുശ്രുവാംസ്ത്വദ്വചനം മുമോഹ
രാജാസഹിഷ്ണുഃസുതവിപ്രയോഗം
അഹംയുനാഥ ക്ഷിതിപഃ ശുഭംയു- രൂചേ
വചസ്താപസകുഞ്ജരേണ

പുത്രവിയോഗം സഹിക്കാനാവാത്ത രാജാവ് ഈ വാക്കുകേട്ട് മോഹിതനായി. അദ്ദേഹം ശുഭവാനും പൂജ്യനുമായ താപസകുഞ്ജരനോട് ഇപ്രകാരം പറഞ്ഞു.

21. മയാ ത്വമാപ്ഥാഃശരണം ഭയേഷു
വയം ത്വയാപ്യാപ്സ്മഹി ധർമ്മബുദ്ധ്യൈ
ക്ഷാത്രം ദ്വിജത്വം ച പരസ്പരാർത്ഥം
ശങ്കാം കൃഥാ മാ പ്രഹിണു സ്വസൂനും

ഭയത്തിലും ആപത്തിലും ധർമ്മരക്ഷക്കായി രാജാക്കന്മാരെ ശരണം പ്രാപിക്കാറുണ്ട്. പ്രായം കൊണ്ട് വൃദ്ധനായ അങ്ങയെ ക്ഷത്രവും ബ്രാഹ്മണ്യവും ഉള്ള ഞാൻ ശരണം പ്രാപിച്ചത് എനിക്കിത് ചെയ്യാനാവാഞ്ഞിട്ടല്ല. ക്ഷാത്രതേജസ്സും ബ്രാഹ്മതേജസ്സും പരസ്പരപ്രയോജനാർത്ഥമുള്ളവയാണ്. സ്വന്തം പുത്രന്മാരുടെ കാര്യത്തിൽ ശങ്ക വേണ്ടതില്ല, എന്നെ ശങ്കിക്കേണ്ടതില്ല.

22. ഘാനിഷ്യതേ തേന മഹാനവിപക്ഷഃ
സ്ഥായിഷ്യതേ യേന രണേ പുരസ്താത്
മാ മാം മഹാത്മൻ പരിഭൂരയോഗ്യേ ന
മദ്ധ്വിധോ ന്യസ്യതി ഭാരമഗ്യം

നിന്റെ പുത്രനാൽ മഹാന്മാരായ ശത്രുക്കൾ(രാവണാദികൾ) ഹനിക്കപ്പെടേണ്ടതായിട്ടുണ്ട്. ഇവന് രണത്തിൽ മുമ്പിൽനിന്ന് ജയിക്കേണ്ടതുണ്ട്. അതിനാൽ മഹാത്മൻ, അരുത് അരുത് എന്ന് വിലക്കരുത്. യോഗം കൊണ്ടാണ് യോഗ്യത്വം വരുന്നത്. അയോഗ്യരും അസമർത്ഥരുമായവരിൽ ഗുരുവായ ഭാരം ആരും ചുമത്താറില്ല. അതിനാൽ എന്റെ യോഗ്യതയിലോ പുത്രന്റെ യോഗ്യതയിലോ ശങ്കിച്ച് വിലക്കരുതെന്ന് സാരം.

23. ക്രുദ്ധ്യൻ കുലം ധക്ഷ്യതി വിപ്രവഹ്നി-
ര്യാസ്യൻ സുതസ്തപ്യതി മാം സമന്യും
ഇത്ഥം നൃപഃപൂർവ്വമവാലുലോചേ
തതോനുജജ്ഞേ ഗമനം സുതസ്യ

പുത്രന്മാരെ അയക്കാതിരുന്നാൽ ക്രുദ്ധനായ മുനി കുലം തന്നെ നശി പ്പിക്കും. വിപ്രൻ അഗ്നിപോലെയാണ്. സർവ്വം ഭസ്മീകരിക്കും. ഇപ്രകാരം ആലോചിച്ച് രാജാവ് സുതന്മാരെ പോകാനനുവദിച്ചു.

24. ആശീർഭിരഭ്യർച്യ മുനിഃക്ഷിതീന്ദ്രം
പ്രീതഃ പ്രതസ്ഥേ പുനരാശ്രയാമ
തം പൃഷ്ഠതഃ പ്രഷ്ഠമിയായ നമ്രോ
ഹിംസ്രേഷു ദീപ്താസ്ത്രധനുഃകുമാരഃ

മുനി ക്ഷിതീന്ദ്രനെ ആശീർവ്വദിച്ച് പ്രീതനായി ആശ്രമത്തിലേക്ക് ഗമിച്ചു. രാക്ഷസന്മാരെ ഹിംസിക്കാനുള്ള നിശ്ചയത്തോടെ, കയ്യിൽ ഉജ്വലിക്കുന്ന അസ്ത്രങ്ങളും ധനുസ്സുമായി കുമാരന്മാരും അദ്ദേഹത്തിന്റെ പിന്നാലെ വിനയനമ്രരായി ചെന്നു.അനുഗമിച്ചു.

25. പ്രയാസ്യയഃ പുണ്യവനായ ജിഷ്ണോ
രാമസ്യ രോചിഷ്ണുമുഖസ്യ ധൃഷ്ണുഃ
ത്രൈമാതരഃകൃത്സ്നജിതാസ്ത്രശസ്ത്രഃ
സദ്ധ്യംഗ് രതഃശ്രേയസി ലക്ഷ്മണോഭൂത്

പുണ്യവനത്തിലേക്ക് പുറപ്പെട്ട ജയശീലനായ രാമന്റെ ശോഭിക്കുന്ന മുഖം കണ്ട്, മൂന്നു മാതാക്കളും പ്രയാസമുള്ള കാര്യത്തിനായി അസ്ത്രശസ്ത്രങ്ങ ളോടെ പുറപ്പെട്ട അവനേയും സഹചാരിയായ ലക്ഷ്മണനേയും സകല ശ്രേയസ്സിനുമായി അനുഗ്രഹിച്ചു.

26. ഇഷുമതി രഘുസിംഹേ ദന്തശൂകാൻ ജിഘാംസൌ
ധനുരരിഭിസഹ്യം മുഷ്ടിപീഡം ദധാനേ
വ്രജതി പുരതരുണ്യോ ബദ്ധചിത്രാംഗുലിത്രേ
കഥമപി ഗുരുശോകാൻമാ രുദൻ മാംഗലിക്യഃ

രഘുവംശസിംഹമായ രാമൻ ഇഷുമതിവില്ലും ധരിച്ച് രാക്ഷസവധത്തിന് ധനുമുഷ്ഠിയാലുള്ള പീഢ മതിയെന്നപോലെ പോകുന്നതുകണ്ട പുരാംഗന കൾ വലിയ ശോകത്തോടെ, അവന്റെ മംഗളത്തിനായി ചിത്രാംഗുലികളെ ബന്ധിച്ച്, രോദനം ചെയ്തുകൊണ്ട് അനുഗ്രഹിച്ചു.

27. അഥ ജഗദുരനീചൈരാശിഷസ്തസ്യ വിപ്രാ-
സ്തുമുലകലനിനാദം തൂര്യമാചഘ്നുരന്യേ
അഭിമതഫലശംസീ ചാരു പുസ്ഫോര ബാഹു-
സ്തരുഷു ചുകുവുരുച്ചൈഃ പക്ഷിണശ്ചാനുകൂലഃ

അനന്തരം വിപ്രന്മാർ ലോകത്തിലുള്ള സകല ഉച്ചനീചങ്ങളായ ആശിസ്സുക ളും രാമന്ന് നൽകി. വാദകന്മാർ തുമുലവും തൂര്യവും മുഴക്കി കലകലനി നാദം ഉണ്ടാക്കി.മനോഹരവും സ്ഫുരിക്കുന്നതുമായ ദക്ഷിണാംസവും ബാ ഹുക്കളുമുള്ളവന് അഭിമതഫലം കിട്ടട്ടേ (വിജയം) എന്ന് ആശംസിക്കുന്നതു പോലെ പക്ഷിവൃന്ദവും ഉച്ചത്തിൽ ചിലച്ച് ശബ്ദമുണ്ടാക്കി.

ഇതി ഭട്ടികാവ്യേ പ്രകീർണ്ണകാണ്ഡേ രാമസംഭവോ നാമ പ്രഥമഃസർഗ്ഗഃ

ഇതി ശ്രീപദവാക്യപ്രമാണപാരാവാരിണ ശ്രീമഹോപാദ്ധ്യായ കോലാചലമല്ലീനാഥസൂരിവിരചിതേ ഭട്ടികാവ്യവ്യാഖ്യാനേ സർവ്വപഥീനാഖ്യാനേ പ്രഥമഃസർഗ്ഗഃ

സർഗ്ഗം 2

1. വനസ്പതീനാം സരസാം നദീനാം
തേജസ്വിനാം കാന്തിഭൃതാം ദിശാം ച നിര്യായ
തസ്യാഃ സ പുരാഃ സമന്താ-
ച്ഛ്രിയം ദധാനാം ശരദം ദദർശ

ധാരാളം വനസ്പതികളും സരസ്സുകളും നദികളും കൊണ്ട് തേജസ്വികളായ ദിക്കുകളാൽ കാന്തിയേറിയ വനം ശരദ്കാലത്തെ ശ്രീയാൽ വിളങ്ങുന്നത് കണ്ടുകൊണ്ട് യാത്രയായി.

2. തരംഗസംഗാച്ചപലൈഃപലാശൈ-
ർജ്വലാശ്രയം സാതിശയം ദധന്തി
സധൂമദീപ്താഗ്നിരുചീനി രേജു-
സ്താമ്രോത്പലാന്യാകുലഷഡ്പദാനി

തരംഗസംഗം കൊണ്ട് ചപലയും, പലാശദലജ്വാല കൊണ്ട് അതിശയകരമായി ശോഭിക്കുന്നതും ചുവന്ന താമരപ്പൂക്കളിൽ ഇരിക്കുന്ന ആകുലരായ ഷഡ്പദങ്ങളാൽ ധൂമംകൊണ്ട് മൂടിയ അഗ്നിയുടെ ശോഭയുള്ളതുമായ ശരത്കാലവനത്തെ വർണ്ണിക്കുന്നു.

3. ബിംബാഗതൈസ്തീരവനൈഃസമൃദ്ധിം
നിജാം വിലോക്യാപഹൃതാം പയോഭിഃ കൂലാനി
സാമർഷതയേവ തേനുഃ
സരോജലക്ഷ്മീം സ്ഥലപത്മഹാസൈഃ

സമൃദ്ധമായ തീരവനങ്ങളുടെ പ്രതിബിംബം സരസ്സിൽ കണ്ട് ജലം, തന്റെ ശ്രീയെ സ്ഥലം അപഹരിച്ചതാണെന്ന് വിചാരിച്ച് അമർഷത്തോടെ തീരത്തെ നോക്കി. ജലത്തിലെ സരോജലക്ഷ്മി സ്ഥലപത്മഹാസത്തെ നോക്കിയത് അപ്രകാരമാണെന്ന് ഉൽപ്രേക്ഷിക്കുന്നു.

4. നിശാതുഷാരൈർന്നയനാംബുകൽപ്പൈഃ
പർണ്ണാന്തപര്യാഗലദച്ഛബിന്ദുഃ
ഉപാരുരോദേവ നദത്പതംഗഃ കുമുദ്വതീം
തീരതരുർദിനാദൌ

നിശകളിൽ ഇലകളുടെ അറ്റത്ത് കണ്ണുനീർത്തുള്ളിപോലെ വീണ തുഷാരം ഭ്രമണം ചെയ്ത് സ്വച്ഛബിന്ദുവായി പരിണമിച്ചു. പക്ഷികൾ നാദമുണ്ടാക്കി കരഞ്ഞതിന്റെ കണ്ണീരാവാം അവയെന്ന് കരുതുന്നു. കുമുദിനികൾ

കൂമ്പിനിൽക്കുന്നുവല്ലോ,വിടർന്നില്ലല്ലോ എന്ന് കരയുന്ന തീരതരുക്കളുടെ നിനാദമാവാം പക്ഷികളുടെ ശബ്ദം. ഉൽപ്രേക്ഷ.

5. വനാനി തോയാനി ച നേത്രകൽപ്പൈഃ
പുഷ്പൈഃസരോജൈശ്ച നിലീനഭൃംഗൈഃ
പരസ്പരംവിസ്മയവന്തി ലക്ഷ്മീ-
മാലോകയാം ചക്രുരിവാദരേണ

വനങ്ങളും ജലങ്ങളും(സരസ്സ്) പുഷ്പങ്ങളാലും സരോജങ്ങളാലും അവയിൽ നിലീനമായ ഭൃംഗങ്ങളാലും നേത്രങ്ങളെപ്പോലെ പരസ്പരം വിസ്മയത്തോടും ആദരവോടും കൂടി നോക്കിനിൽക്കുന്നതുപോലെ ശോഭിച്ചു .വനലക്ഷ്മിയും ജലലക്ഷ്മിയും (സരോജലക്ഷ്മി) പരസ്പരം വീക്ഷിച്ചു.

6. പ്രഭാതവാതാഹതികമ്പിതാകൃതിഃ
കുമുദ്വതീരേണുപിശങ്കവിഗ്രഹം
നിരാസ ഭൃംഗം കുപിതേവ പത്മിനീ ന
മാനിനീ സംസഹതേന്യസംഗമം

പ്രഭാതത്തിൽ കാറ്റുകൊണ്ട് വിറക്കുന്ന രൂപത്തോടെ,കുമുദ്വതീരേണു പുരണ്ട മെയ്യോടെ വന്ന വണ്ടിനെ പത്മിനി നിരസിച്ചു. മാനവതിയായ ഒരു സ്ത്രീയും അന്യസംഗമം സഹിക്കുകയില്ല.

7. ദത്താവധാനം മധുലേഹിഗീതൌ
പ്രശാന്തചേഷ്ടം ഹരിണം ജിഘാംസുഃ
ആകർണ്ണയന്നുത്സുകഹംസനാദാൻ ലക്ഷ്യേ
സമാധിം ന ദധേ മൃഗാവിത്

ഹംസനാദം കേൾക്കാനുത്സുകമായ കർണ്ണത്തോടെ,ആ മധുലേഹിഗീതങ്ങളിൽ ദത്താവധാനരായി പ്രശാന്തചേഷ്ടരായി നിൽക്കുന്ന സമാധിയിലുള്ള ഹരിണങ്ങളെ വധിക്കാൻ വ്യാധന് എളുപ്പം സാധിക്കുന്നു(വിശേഷോക്തി അലങ്കാരം).വനവർണ്ണന .

8. ഗിരിർനിതംബേ മരുതാ വിഭിന്നം
തോയാവശേഷേണ ഹിമാഭമഭ്രം
സരിന്മുഖാഭ്യുച്ചയമാദധാനം
ശൈലാധിപസ്യാനുചകാര ലക്ഷ്മീം

ഗിരിയുടെ നിതംബത്തിൽ (കടകത്തിൽ) മരുത്തിനാൽ വിസ്താരിതമായ ജലത്തിന്റെ (ഒഴുകിപ്പോയതിലവശേഷിക്കുന്ന) നിർജ്ജലസ്വരൂപം ഹിമാഭമായ മേഘം സരിന്മുഖമായ ഒഴുക്കിലൂടെ വൃദ്ധിയും ക്ഷയവും പ്രാക്ക്ഷണം സംഭവിക്കുന്നു എന്ന് ഉദ്ഘോഷിക്കുന്ന,ശൈലാധിപന്റെ ലക്ഷ്മിയെപ്പോലെ ശോഭിക്കുന്നു എന്ന് ഉപമ.

9. ഗർജ്ജൻ ഹരിഃ സാംഭസി ശൈലകുഞ്ജേ
പ്രതിധ്വനീനാത്മകൃതന്നിശമ്യ

ക്രമം ബബന്ധ ക്രമിതും സകോപഃ
പ്രതർക്കയന്നന്യമൃഗേന്ദ്രനാദാൻ

ജലം കുടിച്ച് ശൈലകുഞ്ജത്തിലിരിക്കുന്ന ഹരി (സിംഹം) ആത്മകൃതമായ ഗർജ്ജനത്തിന്റെ പ്രതിധ്വനി കേട്ട് മറ്റൊരു സിംഹത്തിന്റെ നാദമാണെന്ന് വിചാരിച്ച് കോപത്തോടെ ക്രമമായ പാദവിന്യാസത്തോടെ നടക്കുന്നു. പ്രതിധ്വനിസാദൃശ്യത്താൽ പ്രതിപക്ഷഗർജ്ജനഭ്രാന്തി. ഭ്രാന്തിമാനെന്ന അലങ്കാരം.

10. അധ്യക്ഷതാംഭാംസി നവോത്പലാനി
രുതാനി ചാശ്രോഷത ഷട്പദാനാം
ആഘ്രായി വാൻ ഗന്ധവഹഃസുഗന്ധ-
സ്തേനാരവിന്ദവ്യതിഷംഗവാംശ്ച

അവൻ(രാമൻ) പുതിയ ഉത്പലങ്ങളിൽ പ്രവേശിച്ച ഷട്പദങ്ങളെ ദർശിച്ചു അരവിന്ദങ്ങളെ തൊട്ട് സുഗന്ധത്തെ വഹിച്ച കാറ്റ് മന്ദം സഞ്ചരിക്കുന്നതും അനുഭവിച്ചു. നിർവൃതികൊണ്ട് ക്ഷീണം മാറ്റുന്നതാണ് ഇവയെല്ലാമെന്ന് മല്ലീനാഥഭാഷ്യം.

11. ലതാനുപാതം കുസുമാന്യഗൃഹ്ണാത്
സ നദ്യവസ്കന്ദമുപാസ്പൃശശ്ച
കുതൂഹലാശ്ചാരുശിലോപവേശം കാകുത്സ്ഥ
ഈഷത്സ്മയമാന ആസ്ത

കാകുത്സനായ രാമൻ കൌതുകത്തോടെ ലതകളേയും പുഷ്പങ്ങളേയും സ്പർശിച്ച് മന്ദഹാസം പൂണ്ടു. നദികളിലെ ജലം തൊട്ട് ആചമനം ചെയ്തു. (ഉപസ്പർശം ആചമനം) മനോഹരമായ ശിലയിൽ ഉപവിഷ്ടനായി എല്ലാം നോക്കിക്കണ്ടു.

12. തിഗ്മാംശുരശ്മിശ്ചുരിതാന്യദൂരാത്
പ്രാഞ്ചി പ്രഭാതേ സലിലാന്യപശ്യത്
ഗഭസ്തിധാരാഭിരിവ ദ്രുതാനി
തേജാംസി ഭാനോർഭുവി സംഭൃതാനി

പ്രഭാതത്തിൽ കിഴക്ക് അടുത്തായി, പ്രകാശിച്ച സൂര്യരശ്മികൾ ജലത്തിലും ആകാശരശ്മിധാരപോലെ കണ്ടു. വേഗത്തിൽ പരക്കുന്ന സൂര്യരശ്മികളുടെ തേജസ്സ് ഭൂമിയിൽ പരന്നതിനെ ജലത്തിൽ സംഭരിച്ചതുപോലെ അത് തോന്നിച്ചു.

13. ദിഗ്വ്യാപിനീ ലോചനലോഭനീയാ
മൃജാന്വയാഃ സ്നേഹമിവ സ്രവന്തിഃ
ഋജ്വായതാഃ ശസ്യവിശേഷപംക്തീ-
സ്തുതോഷ പശ്യൻ വിതൃണാന്തരാലാഃ

ദിക്കുകളിൽ മുഴുവനും വ്യാപിച്ച ദീർഘലോചനങ്ങളാൽ പ്രലോഭിപ്പിക്കുന്നവളും , ഋജുവായും വളഞ്ഞും സ്നേഹം പോലെ സ്രവിക്കുന്നവളും

(സ്നേഹമധുരം, വാത്സല്യം,മൃദുലഭാവം)ആയ സസ്യപംക്തിയെ (പ്രകൃതി) തൃണാന്തരാളങ്ങളിലും കൂടി സന്തോഷപൂർവ്വം കണ്ടു. (സ്വഭാവോക്തി)

14. വിയോഗദുഃഖാനുഭവാനഭിജ്ഞൈഃ
കാലേ നൃപാംശം വിഹിതം ദദദ്ഭിഃ
ആഹാര്യശോഭാരഹിതൈരമായൈ-
രൈക്ഷിഷ്ട പുംഭിഃ പ്രചിതാൻ സ ഗോഷ്ഠാൻ

വിയോഗദുഃഖാനുഭവം അറിഞ്ഞവളും, അതാതു കാലത്ത് നൃപാംശം (രാജവിഹിതം) കൊടുത്തിട്ടും ആഹാര്യശോഭാരഹിതയും (കടകമുകുടാദി സമ്പാദ്യശോഭയില്ലാത്തത്) അമായരും(അകപടർ) ആയ പുംഭി(ഗോപജനം) കളെയും അവരുടെ ഗോഷ്ഠങ്ങളേയും ധാരാളം കണ്ടു.

15. സ്ത്രീഭൂഷണം ചേഷ്ടിതമപ്രഗൽഭം
ചാരൂണ്യവക്രാണ്യപി വീക്ഷിതാനി
ഋജൂംശ്ച വിശ്വാസകൃതഃസ്വഭാവാൻ
ഗോപാംഗനാനാം മുമുദേ വിലോക്യ

സ്ത്രീകൾക്കെല്ലാം ഭൂഷണമായവരും അപ്രഗൽഭങ്ങളായ ചേഷ്ടിതങ്ങളോടു കൂടിയവരും ചാരുവും അവക്രവുമായ വീക്ഷണമുള്ളവരും ഋജുവും വിശ്വാസം ജനിപ്പിക്കുന്നതുമായ സ്വഭാവവും ശീലവുമുള്ളവരുമായ ഗോപാംഗനകളെ അദ്ദേഹം മോദത്തോടെ കണ്ടു.

16. വിവൃത്തപാർശ്വം രുചിരാംഗഹാരം
സമുദ്വഹച്ചാരുനിതംബരമ്യം
ആമന്ദമന്ഥധ്വനിദത്തതാലം
ഗോപാംഗനാനൃത്തമനന്ദയത്തം

ത്രിവലികളോടു കൂടിയ വിവൃത്തപാർശ്വം, രുചിരമായ അംഗഹാരം, ഉയർന്ന് മനോഹരമായ നിതംബം, പതുക്കെ മന്ദ്രഗംഭീരമായ മന്ഥധ്വനി താളത്തോടെയുള്ള വല്ലവിമാരുടെ നൃത്തം രാമനെ ആനന്ദിപ്പിച്ചു. സ്വഭാവോക്തിസങ്കീർണ്ണമായ രൂപകാലങ്കാരം.

17. വിചിത്രമുച്ചൈഃ പ്ലവമാനമാരാത്
കുതൂഹലം ത്രസ്നു തതാന തസ്യ
മേഘാത്പയോപാത്തവനോപശോഭം കദംബകം
വാതമജം മൃഗാണാം

വിചിത്രവും ഉച്ചവും പ്ലവമാനമായി കുതൂഹലത്താൽ ത്രസിക്കുന്നതും ആയ, ശരദ്കാലമേഘങ്ങളാൽ ശോഭിക്കുന്ന ഉപവനം മൃഗവിശേഷങ്ങളാൽ (മൃഗകദംബകങ്ങളാൽ) മനോഹരമായി ശോഭിച്ചു.

18. സിതാരവിന്ദപ്രചയേഷു ലീനാഃ
സംസക്തഫേണേഷു ച സൈകതേഷു

കുന്ദാവദാതാഃ കലഹംസമാലാഃ
പ്രതീയിരേ ശ്രോത്രസുഖൈർനിനാദൈഃ

വെള്ളത്താമരപ്പൂക്കളാലും സംസക്തമായി ഒട്ടിപ്പിടിച്ച നുരകളാലും സൈകതം (തീരം) സ്വയം കുന്ദശോഭമായി ,കളഹംസമാലകളോടെ ശ്രോത്രസുഖകരമായ നാദങ്ങളോടെ കാണപ്പെട്ടു. ഇവിടെ കളഹംസമാലകളോടെയുള്ള പുളിനത്തെ പുണ്ഡരീകപുളിനമെന്ന് സന്ദേഹാലങ്കാരഭേദം. ഗുണസാമ്യം കൊണ്ട് ഏകതാലക്ഷണം എന്നത് സാമാന്യാലങ്കാരമാണ്.

19. ന തജ്ജലം യന്ന സുചാരുപങ്കജം
ന പങ്കജം തദ്യദലീനഷഡ്പദം ന
ഷഡ്പദോസൌ ന ജുഗുഞ്ജ യഃകലം
ന ഗുഞ്ജിതം തന്ന ജഹാര യന്മനഃ

സുചാരുപങ്കജങ്ങളില്ലാത്ത ജലം ജലമല്ല. ഷഡ്പദങ്ങളാൽ ലീനമല്ലാത്ത പങ്കജം പങ്കജമല്ല. അഗുഞ്ജനമായ ഷഡ്പദം ഷഡ്പദമല്ല.മനസ്സിനെ ഹരിക്കാത്ത ഗുഞ്ജിതം ഗുഞ്ജിതമല്ല. ഓരോന്നും അതാതിന്റെ ഗുണവൈശിഷ്ട്യം കൊണ്ടാണ് ആകർഷകമാവുന്നത്. പൂർവ്വപൂർവ്വം പ്രതി ഉത്തരോത്തരമായ വിശേഷണത്വം പറഞ്ഞിരിക്കയാൽ ഏകാവലീഭേദമെന്ന അലങ്കാരം. (യത്രോത്തരോത്തരേഷാം യഥാപൂർവ്വപൂർവ്വം പ്രതിക്രമാത് വിശേഷകഥനം യത്സ്യാദസാവേകാവലീ മതഃ എന്ന് ലക്ഷണം)

20. തം യായജൂകാഃസഹഭിക്ഷുമുഖ്യൈ-
സ്തപഃകൃശാഃശാന്ത്യുകുംഭഹസ്താഃ
യായാവരാഃപുഷ്പഫലേന ചാന്യേ
പ്രാനർച്ചുരർച്ച്യാ ജഗദർച്ചനീയം

തപസ്സു കൊണ്ട് മെലിഞ്ഞവരും ക്ഷമാശീലരും ആയ യായജൂകർ (ഇജ്യാശീലർ) ശാന്തിക്കായി ജലകുംഭങ്ങൾ കൈകളിലേന്തിയും അന്യ യായാവരർ (ശിലോഞ്ഛമാത്രജീവികളായ ഗൃഹസ്ഥവിശേഷർ) പൂക്കളും ഫലങ്ങളുമേന്തിയും ഭിക്ഷുമുഖ്യരോടുകൂടിവന്ന് (പരിവ്രാജകരോടുകൂടി) ജഗത്തിനു മുഴുവനും അർച്ചനീയനായ രാമനെ അർച്ചിച്ചു.

21. വിദ്യാമഥൈനം വിജയാം ജയാം ച
രക്ഷോഗണം ക്ഷിപ്നുമവിക്ഷതാത്മാ
അദ്ധ്യാപിപദ്ഗാഥിസുതോ യഥാവ-
ന്നിഘാതയിഷ്യൻ യുധി ധാതുധാനാൻ

ആവിക്ഷതാത്മാവായ(രാഗാദികളിൽനിന്ന് അനുപഹതചിത്തനായവൻ) ഗാഥിസുതൻ രാക്ഷസന്മാരെ വേഗം വധിക്കാനായി ജയ,വിജയ എന്ന വിദ്യകളെ രാമന് പഠിപ്പിച്ചുകൊടുത്തു.

22. ആയോധനേ സ്ഥായുകമസ്ത്രജാത-
മമോഘമഭ്യർണ്ണമഹാഹവായ ദദോ

വധായ ക്ഷണദാചരാണാം
തസ്മൈ മുനിഃശ്രേയസി ജാഗരൂകഃ

രാമന്റെ ഹിതത്തിൽ (ശ്രേയസ്സിൽ) ജാഗരൂകനായ മുനി അടുത്തുതന്നെ ഉണ്ടാവുന്ന മഹോരരണത്തിൽ രാമന് രാക്ഷസവധത്തിനായി ക്ഷണത്തിൽ ആചരിക്കാവുന്ന അമോഘവും വിശിഷ്ടവുമായ അസ്ത്രജാലങ്ങളെ ഉപദേശിച്ചുകൊടുത്തു. (വിശിഷ്ടാസ്ത്രം)

23. തം വിപ്രദർശ കൃതഘാതയത്നാ
യാന്തം വനേ രാത്രിചരീ ഡുഢൌകേ ജിഘാംസു
വേദം ധൃതഭാസുരാസ്ത്ര- സ്താം
താടകാഖ്യാം നിജഘാന രാമഃ

വിപ്രരെല്ലാം ദർശിക്കെ, വനത്തിൽ രാത്രിഞ്ചരിയായ താടകയെ ഭാസുരമായ ഒറ്റ അസ്ത്രം കൊണ്ട് രാമൻ വധിച്ചു.

24. അഥാലുലോകേ ഹുതധൂമകേതു-
ശിഖാഞ്ജനസ്നിഗ്ദ്ധസമൃദ്ധശാഖം
തപോവനം പ്രാദ്ധ്യയനാഭിഭൂത-
സമുച്ചരച്ചാരുപതത്രിശിഞ്ജം

താടകാവധശേഷം ഹോമകുണ്ഡങ്ങളിൽനിന്നുയരുന്ന ധൂമക്കൊടിയുടെ ശിഖകളുടെ സമൃദ്ധവും സ്നിഗ്ദ്ധവും അഞ്ജനസദൃശവുമായ ശാഖകളോടു കൂടിയതും അദ്ധ്യയനാഭിഭൂതമായ വേദോച്ചാരണശബ്ദവും പക്ഷികളുടെ അവ്യക്തമായ ശിഞ്ജിതവും ഇട കലർന്നതുമായ തപോവനം ആലോകനം ചെയ്തു.

25. ക്ഷുദ്രാന്ന ജക്ഷുർഹരിണാന്മൃഗേന്ദ്രാ
വിശശ്വസേ പക്ഷിഗണൈഃസമന്താത് നംനമ്യമാനാഃ
ഫലദിത്സയേവ ചകാശിരേ തത്ര
ലതാ വിലോലാഃ

ആ തപോവനത്തിലെ സിംഹേന്ദ്രന്മാർ വിശന്നാലും ദുർബ്ബലരായ മാനുകളെ ഭക്ഷിക്കാറില്ല. മൃഗപക്ഷികൾ വിശ്വാസപൂർവ്വം പരസ്പരം ഭയക്കാതെ സമത്വത്തോടെ ജീവിച്ചു. കാറ്റു തട്ടിയാലിളകുന്ന വിലോലലതാസമൂഹം ഫലങ്ങളാൽ നമിച്ച് (കുനിഞ്ഞ്) ധാരാളം പഴങ്ങളെ യഥേഷ്ടം ഭക്ഷിക്കാനായി കൊടുത്തു.

26. അപൂപൂജൻ വിഷ്ടരപാദ്യമാല്യൈ-
രാതിഥ്യനിഷ്ണാ വനവാസിമുഖ്യാഃ
പ്രത്യഗ്രഹീഷ്ടാം മധുപർക്കമിശ്രം
താവാസനാദി ക്ഷിതിപാലപുത്രൌ

ആതിഥ്യമര്യാദയിൽ കുശലരായ വനവാസിമുഖ്യർ ക്ഷിതിപാലപുത്രരെ വിഷ്ടരത്തിലിരുത്തി (വൃക്ഷാസനം) അർഘ്യപാദ്യാദികളാൽ പൂജിച്ച് മാലകളാലും മധുപർക്കമിശ്രമായ ഭക്ഷണത്താലും ആദരിച്ചു. അവർ അത് പ്രതിഗരഹിച്ചു.(സ്വീകരിച്ചു).വനവാസി വാനപ്രസ്ഥനാണ്. വൈഖാനസോ വനേവാസി വ്നപ്രസ്ഥശ്ച താപസഃ എന്ന് ഭാഷ്യം.

27. ദൈത്യാഭിഭൂതസ്യ യുവാമവോഢം
മഗ്നസ്യ ദോർഭിർഭുവനസ്യ ഭാരം
ഹവിംഷി സംപ്രത്യപി രക്ഷതം തൌ
തപോധനാരിത്ഥമഭാഷിഷാതാം

ഈ യുവാക്കന്മാർ ദൈത്യന്മാരെ വധിക്കുന്നതിൽ (അതിനുള്ള ചിന്ത) മഗ്നരായി ഭൂമിയുടെ ഭാരം കുറക്കാനും ഹവിസ്സ്, പശു, നിസ്സഹായർ എന്നിവരെ രക്ഷിക്കാനുമായി വന്നിരിക്കയാണെന്ന് ആ തപോധനർ പരസ്പരം സംഭാഷണം ചെയ്തു.

28. താൻപ്രത്യവാദീദഥ രാഘവോപി
യഥേപ്സിതം പ്രസ്തുത കർമ്മ ധർമ്മ്യം
തപോസരുദ്ഭിർഭവതാം ശരാഗ്നിഃ
സംധുക്ഷ്യതാം നോരിസമിന്ധനേഷു

രാഘവനും അവരോട് മറുപടി പറഞ്ഞു. തപോധനന്മാരേ, ധർമ്മം തന്നെ യാണ് കർമ്മം. നിങ്ങളുടെ തപസ്സും യജ്ഞവും യഥേഷ്ടം നടത്തുക. തപ സ്സിൽനിന്ന് ഉണ്ടാവുന്നമരുത്തും എന്റെ ശരാഗ്നിയും ചേർന്ന് അരികളുടെ (ശത്രു) ഇന്ധനത്തെ വിറകുപോലെ എരിച്ച് സന്ദീപ്തമാക്കുന്നതാണ്. ബ്രഹ്മക്ഷത്രസമ്മേളനം കൊണ്ട് ഉണ്ടായ പവനാഗ്നിസമാഗമം എന്ന് സാരം. രൂപകാലങ്കാരം

29. പ്രതുഷ്ടുവുഃകർമ്മ തതഃപ്രക്ലുപ്തൈ-
സ്തേ യജ്ഞിയൈദ്രവ്യഗണൈര്യഥാവത്
ദക്ഷിണ്യധിഷ്ടം കൃതകൃതമാർച്ഛിജീനൈ-
സ്തധ്യാതുധാനൈശ്ചിചിതേ പ്രസർപ്പത്

രാമവാക്യം കേട്ട തപോധനർ യജ്ഞസാമഗ്രികളും ദ്രവ്യങ്ങളും സമാഹ രിച്ച് യജ്ഞം ആരംഭിച്ചു. ദക്ഷിണക്ക് അർഹരായവരേയും ഋത്വിക്കുകളേ യും വരിച്ചു. ചെയ്യാനിരിക്കുന്ന യജ്ഞത്തിൽ യാതുധാനരെ പ്രസർപ്പണം ചെയ്തു.

30. ആപിംഗരൂക്ഷോർദ്ധ്വശിരസ്യകേശൈഃ
ശിരാംഘജംഘൈ്യർഗ്ഗിരികൂടദഘ്നൈഃ
തതഃക്ഷപാടൈഃപൃഥുപിംഗലാക്ഷൈഃ സ്വം
പ്രാവൃഷേണ്യൈരിവ ചാനശേബ്ദൈഃ

അംഗോപാംഗം പിംഗലരും പരുഷരും ശിരസ്സിൽ മുകളിലേക്ക് മുടി കെട്ടിയവരും ശിരസ്സുമുതൽ ജംഘ വരെ ഗിരികൂടം പോലെയുള്ളവരും

വലിയ പിംഗലനേത്രമുള്ളവരും ആയ ക്ഷപാടരെ(നിശാചരർ) ആകാശത്തിൽ പ്രാവൃഢമേഘം പോലെ നിരന്നുകണ്ടു.

31. അധിജ്യചാപഃസ്ഥിരബാഹുമുഷ്ടി-
രുദാഞ്ചിതാക്ഷോഞ്ചിതദക്ഷിണോരുഃ
താംല്ലക്ഷ്മണഃസന്നതവാമജംഘോ ജഘാന
ശുദ്ധേഷുരമന്ദകർഷി

ചാപത്തെ എടുത്ത് സ്ഥിരമായ ബാഹുമുഷ്ടികളാൽ പിടിച്ച് ഊർദ്ധ്വപ്രസാരിതദൃഷ്ടിയായി, വലത്തെ തുടയും ഇടത്തെ ജംഘയും വില്ലുകുലക്കാനുള്ള സ്ഥിതിയിൽ അൽപ്പം കുഞ്ചിതമാക്കി, (ധനുർദ്ധരരുടെ സ്ഥാനവിശേഷം) ശുദ്ധനും ആരെയും ആകർഷിക്കുന്നവനുമായ രാമൻ ലക്ഷ്മണസമേതമായി രാക്ഷസരെ വധിക്കാനൊരുങ്ങി.

32. ഗാഥേയദിഷ്ടം വിരസം രസന്തം
രാമോപി മായാചണമസ്ത്രചുഞ്ചുഃ
സ്ഥാസ്നും രണേ സ്മേരമുഖോ ജഗാദ
മാരീചമുച്ചൈർവചനം മഹാര്യം

ഗാഥേയനും ഇടക്ക് വിരസവും കർണ്ണകഠോരവും ഇടക്ക് രസന്തവുമായ ഗർജ്ജനം കേട്ടു. രാമൻ സ്മേരമുഖനായി മായാവികളെ വധിക്കാനുള്ള അസ്ത്രമെടുത്തു. അപ്പോൾ മാരീചൻ ഉറക്കെ മഹാര്യമായ വചനം ഉരച്ചു. (മഹാർത്ഥം അർത്ഥഭൂയിഷ്ഠം വചനം ഉച്ചൈസ്തരം എന്ന് ഭാഷ്യം)

33. ആത്മംഭാരിസ്ത്വം പിശിതൈർന്നരാണാം
ഫലേഗ്രഹീൻ ഹംസി വനസ്പതീനാം
ശൈവാസ്തികത്വം വിഭവാ ന യേഷാ
വ്രജന്തി തേഷാം ദയസേ ന കസ്മാത്

ആത്മംഭാരികളായ നരർ പിശിതം (നരമാംസം) ഭക്ഷിക്കുന്നു. ഫലാഗ്രഹികൾ വനസ്പതികളേയും ഭക്ഷിക്കുന്നു. ശൈവാസ്തികരായ മുനിമാർക്ക് ഈ രണ്ടു വിഭവവും ആവശ്യമില്ല. ഇപ്രകാരം വിഷയനിഗ്രഹം ചെയ്തവരോട് എന്തിനാണ് ദയ(അനുകമ്പ)

34. അത്മോ ദ്വിജാൻ ദേവയജീന്നിഹന്മഃ
കുർമ്മഃ പുരം പ്രേതനരാധിവാസം
ധർമ്മോ ഹ്യയം ദാശരഥേ നിജോ നോ
നൈവാദ്യകാരിഷ്മഹി വേദവൃത്തേ

ഹേ,രാമാ, ദ്വിജാതികളായ ബ്രഹ്മണരെ ഞങ്ങൾക്ക് ഭക്ഷിക്കാം. സ്വന്ത പുരം വിട്ട് പ്രേതപുരത്തിൽ അധിവസിക്കുന്നവരെ. ദേവകാര്യം ചെയ്യാത്തവരെ. ഇപ്രകാരം ഭക്ഷിക്കുന്നത് ഞങ്ങൾക്ക് ധർമ്മമാണ്.

35. ധർമ്മോസ്തി സത്യം തവ രാക്ഷസായ-
മന്യോ വ്യതിസ്തേ തു മമാപി ധർമ്മഃ
ബ്രഹ്മദ്വിഷസ്തേ പ്രണിഹന്മി യേന
രാജന്യവൃത്തിർധൃതകാർമ്മുകേഷുഃ

ഹേ,രാക്ഷസാ, മേൽപ്പറഞ്ഞ ദ്വിജാതികളെ വധിക്കുന്നത് നിന്റെ ധർമ്മമായിരിക്കാം .എന്നാൽ എന്റെ ധർമ്മം വ്യത്യസ്തമാണ്. ബ്രഹ്മദ്വേഷിയായ നിന്നെ വധിക്കലാണ് എനിക്ക് ധർമ്മം. അതിനാണ് വില്ലു ധരിച്ച് രാജന്യർ സഞ്ചരിക്കുന്നത്. രാജന്യന്മാരുടെ പരമധർമ്മം ദുഷ്ടനിഗ്രഹാധികാരമാണ്.

36. ഇത്ഥം പ്രകാരം യുധി സംപ്രഹാരം
പ്രചക്രതൂ രാമനിശാവിഹാരൌ
തൃണായ മത്വാ രഘുനന്ദനോഥ
ബാണേന രക്ഷഃപ്രഘനാന്നിരാസ്തത്

ഇപ്രകാരം രാമനും രാക്ഷസനുമായി യുദ്ധരംഗത്ത് വാഗ്വാദം നടന്നു. രാക്ഷസന്റെ പൃഥനയായ സേനയെ പുല്ലുപോലെ ഗണിച്ച് അതിനെ രാമൻ സംഹരിച്ചു.(മാരീചനെ വായവ്യാസ്ത്രം കൊണ്ട് തുരത്തി ദൂരേക്ക് അയച്ചു)

37. ജഗ്മുഃപ്രസാദം ദ്വിജമാനസാനി
ദ്യൌർവ്വഷുകാ പുഷ്പചയം ബഭൂവ
നിർവ്യാജമിജ്യാ വവൃതേ വചശ്ച
ഭൂയോ ബഭാഷേ മുനിനാ കുമാരഃ

മുനിമാനസങ്ങളിൽ പ്രസാദം ഉണ്ടായി. ദ്യോവും അന്തരിക്ഷവും പുഷ്പവൃഷ്ടി പെയ്തു. നിർവ്വ്യാജം നിരുപദ്രവമായി ഇജ്യ(യാഗം) തുടരുക എന്ന് മുനിമാരോട് കുമാരൻ പറഞ്ഞു.

38. മഹീയ്യമാനാ ഭവതാതിമാത്രം
സുരാദ്ധ്വരേ ഘസ്മരജത്വരേണാ ദിവോപി
വജ്രായുധഭൂഷണായാ ഹ്രിണീയതേ വീരവതീ
ന ഭൂമിഃ

മഹീയമാനമായ(പൂജിക്കപ്പെടേണ്ട) ആ ഭൂസുരന്മാരുടെ യജ്ഞത്തിൽ സർവ്വഭക്ഷകനായ അഗ്നി തിളങ്ങിയപ്പോൾ ദിവത്തിലും കൂടി വജ്രായുധഭൂഷണയായ വീരവതിയായ ഭൂമിദേവി കാണപ്പെട്ടു. വീരവതി വീരസ്വാമിനി സതി എന്ന് ഭാഷ്യം. ഭൂമി വജ്രായുധഭൂഷണയായി വജ്രപാണിസ്വാമികയായി വിളങ്ങി എന്ന് അർത്ഥം.

39. ബലിർബബന്ധേ ജലധിർമ്മമന്ഥേ
ജഹ്രേമൃതം ദൈത്യബലം വിജിഗ്യേ
കൽപ്പാന്തദുഃസ്ഥാ വസുധാ തഥോഹേ യേനൈഷ
ഭാരോതി ഗുരുർന തസ്യ

മഹാബലിയെ ബന്ധിച്ച കാലത്തും ജലധിമദ്ധ്യത്തിൽ മന്ഥനം ചെയ്ത് അമൃതം ലഭ്യമാക്കിയ കാലത്തും കൽപ്പാന്തകാലം ദുഃഖിതയായിക്കഴിഞ്ഞ വസുധയെ ഉയർത്തി, ദൈത്യബലത്തെ ജയിച്ച് അവളുടെ ഭാരം(ഭൂഭാരം) കുറച്ച കാലത്തും (വാമന, കൂർമ്മ,മോഹിനി,വരാഹകഥ)രാമൻ ഇപ്ര കാരം രക്ഷിച്ചിട്ടുണ്ട് എന്ന് പറയുന്നു.

40. ഇതി ബ്രുവാണോ മധുരം ഹിതം ച
തമാഞ്ചിഹന്മൈഥിലയജ്ഞഭൂമിം
രാമം മുനിഃപ്രീതമതിർമഖാന്തേ
യജ്ഞാംസി രാജ്ഞാം നിജിഘുക്ഷയിക്ഷ്വൻ

ഇപ്രകാരം മധുരവും ഹിതകരവും ശ്രേയസ്കരവുമായ വാക്യം പറ ഞ്ഞുകൊണ്ട് വിശ്വാമിത്രമുനി മഖം കഴിഞ്ഞപ്പോൾ മനസ്സിൽ പ്രീതിയോ ടുകൂടി രാമന്റെ യശസ്സ് വർദ്ധിപ്പിക്കാനായി (ശിവചാപം ഭഞ്ജിച്ചു എന്ന യശസ്സ്) മിഥിലയിലെ രാജാവിന്റെ യജ്ഞഭൂമിയിലേക്ക് അദ്ദേഹത്തെ കൊ ണ്ടുപോയി.

41. ഇതഃസ്മ മൈത്രാവരുണൌ കിമേതൌ
കിമശ്വിനൌ സോമരസം പിപാസൂ
ജനം സമസ്തം ജനകാശ്രമസ്ഥം
രൂപേണ താവൌജിഹതാം നൃസിംഹൌ

ഞങ്ങൾക്ക് എന്തു ലഭിക്കുമെന്ന് ആലോചിച്ച് മൈത്രാവരുണികളും സോ മത്തിനു ദാഹിച്ച അശ്വിനീകുമാരന്മാരും രൂപത്താലും സ്വഭാവത്താലും നൃസിംഹങ്ങളായ രാജാക്കന്മാരും സമസ്തജനവും ജനകാശ്രമത്തിലെ യ ജ്ഞഭൂമിയിൽ സന്നിഹിതരായിരുന്നു. മിത്രാവരുണികളേയും അശ്വിനി കളേയും പോലെ ഇരട്ടകളായി രാമലക്ഷ്മണരും പ്രവേശിച്ചു എന്ന് വ്യംഗ്യം. നരൌ സിംഹാവിവ നൃസിംഹൌ പുരുഷശ്രേഷ്ഠൌ എന്നതും ഈ രാജകുമാരന്മാർക്ക് ചേരും. നൃസിംഹൌ എന്നത് ഉപമിതസമാസ മാണ്.മിത്രാവരുണരോ അശ്വിനികളോ നൃസിംഹങ്ങളോ എന്ന് സന്ദേഹം തോന്നുമാറ് രാമലക്ഷ്മണർ പ്രവേശിച്ചു എന്നത് സന്ദേഹഭേദം എന്ന അലങ്കാരം.

42. അജിഗ്രഹത്തം ജനകോ ധനുസ്തദ്
യേനാദിദദ് ദൈത്യപുരം പിനാകി
ജിജ്ഞാസമാനോ ബലമസ്യ ബാഹ്വോ-
ർഹസന്നഭാംക്ഷീദ്രഘുനന്ദനസ്തത്

രാമന്റെ ബാഹുബലം അറിയാനുള്ള ജിജ്ഞാസയോടെ ജനകൻ,ദൈത്യരുടെ ത്രിപുരങ്ങളെ ദഹിപ്പിച്ച ശിവന്റെ പിനാകമെന്ന വില്ലിനെ വരുത്തിച്ചു. രഘുനന്ദനൻ അതിനെ ഗ്രഹിച്ച മാത്രയിൽത്തന്നെ(ഒട്ടും ആയാസമില്ലാതെ) ഭഞ്ജിക്കുകയും ചെയ്തു

43. തതോ നദീഷ്ണാൻ പഥികാൻഗിരിജ്ഞാ-
നാഹ്വായകാൻഭൂമിപതേരയോദ്ധ്യാം
ദിത്സുഃസുതാം യോധഹരൈസ്തുരംഗൈ-
ർവ്യസർജ്ജയന്മൈഥിലമർത്യമുഖ്യഃ

ധനുർഭംഗം കഴിഞ്ഞപ്പോൾ പുത്രിയെ രാമനു വിവാഹം കഴിച്ചുകൊടുക്കാനിഛിച്ച ജനകൻ നദീമാർഗ്ഗവും കരമാർഗ്ഗവും ഗിരിമാർഗ്ഗവും നന്നായറിയുന്നവരും നന്നായി സംസാരിക്കുന്നവരും പക്വതയുള്ളവരുമായ ജനമുഖ്യരെ കുതിരകളും മറ്റു ഉപഹാരങ്ങളുമായി അയോദ്ധ്യാഭൂപതിയെ ക്ഷണിക്കാനായി അയച്ചു.

44. ക്ഷിപ്രം തതോദ്ധ്വന്യപുരംഗയായി
യവിഷ്ഠവദ്ധ്വദ്ധതമോഭി രാജാ
ആഖ്യായകേഭ്യഃശ്രുതസൂനുവൃത്തി-
രഗ്ലാനയാനോ മിഥിലാമഗഛത്

ആഖ്യായകന്മാരിൽനിന്ന് പുത്രന്റെ പ്രവൃത്തികളെല്ലാം കേട്ടറിഞ്ഞ ദശരഥ മഹാരാജാവ് വേഗത്തിൽ യാത്രാക്ലേശം കൂടാതെ ഗ്ലാനിയില്ലാതെ മിഥിലയിലെത്തിച്ചേർന്നു.

45. വൃന്ദിഷ്ഠമാർച്ചിദ്വസുധാധിപാനാം
തം പ്രേഷ്ഠമേതം ഗുരുവദ്ഗരിഷ്ഠം
സദൃങ്മഹാന്തം സുകൃതാധിവാസം
ബംഹിഷ്ഠകീർത്തിർയശസാ വരിഷ്ഠം

ബഹുലകീർത്തിമാനായ ജനകൻ വസുധാധിപന്മാർക്കിടയിൽ വൃന്ദാരകനെപ്പോലെ (ഇന്ദ്രസമം) ശ്രേഷ്ഠതമനായി ഇരുന്നു. പ്രേഷ്ഠം പ്രിയതമം. ഗുരുവിനെപ്പോലെ വരിഷ്ഠം. മഹാന്തം പ്രഭും സുകൃതനിലയം ധർമ്മാധിവാസം. അപ്രകാരമുള്ള ജനകൻ ദശരഥനെ ആദരിച്ച് പൂജിച്ചിരുത്തി.

46. ത്രിവർഗ്ഗപാരീണമസൌ ഭവന്ത-
മദ്ധ്യാസയന്നാസനമേകമിന്ദ്രഃ
വിവേകദൃശ്വത്വമഗാത്സുരാണാം
തം മൈഥിലോവാക്യമിദം ബഭാഷേ

അദ്ദേഹം ദശരഥനോടു പറഞ്ഞുഃ-അവിടുത്തെ ധർമ്മകാര്യാർത്ഥമായ ത്രിവർഗ്ഗങ്ങളും സംരക്ഷിക്കപ്പെടുന്നില്ലേ. പരിപൂർണ്ണമല്ലേ. സുരന്മാർക്കിടയിൽ വിവേകദൃശ്യത്വം കൊണ്ട് ഏകാസനം ലഭിക്കുന്നില്ലേ.

47. ഹിരണ്മയീ ശാലലതേവ ജംഗമാ
ച്യുതാ ദിവഃസ്ഥാസ്നുരിവാചിരപ്രഭാ
ശശാങ്കകാന്തേരധിദേവതാകൃതിഃ
സുതാ ദദേ തസ്യസുതായ മൈഥിലീ

ഹിരണ്മയയിയും ശാലലതപോലെ ജംഗമയും, ആകാശം പോലെ സ്ഥിരയും വിദ്യുല്ലതപോലെ അചിരപ്രഭയും ശശാങ്കകാന്തി(നിലാവ്)യുടെ അധിദേവ

തയും അതിന്റെ ആകൃതിയുള്ളവളും ആയ എന്റെ മകൾ മൈഥിലിയെ താങ്കളുടെ പുത്രനായ രാമന് നൽകുന്നു. (ലക്ഷ്മണാദികൾക്ക് ഊർമ്മിളാദികളേയും എന്ന് അനുസന്ധാനം ചെയ്യണമെന്ന് ഭാഷ്യം)

48. ലബ്ധാം തതോ വിശ്വജനീനവൃത്തി-
സ്തമാത്മനീനാമുദവോഢ രാമഃ
സദ്രത്നമുക്താഫലഭർമ്മശോഭാം
സംബംഹയന്തീം രഘുവർഗ്ഗ്യലക്ഷ്മീം

വിശ്വത്തിലെ ജനങ്ങളുടെയെല്ലാം ഹിതത്തിനുള്ള വൃത്തി രാമന് ലഭിക്കുന്നതാണ്. ശോഭമാനമായ പത്മരാഗാദി രത്നങ്ങളും മുക്താഫലങ്ങളും സുവർണ്ണങ്ങളും നിനക്കുള്ളതാണ്. രഘുവംശത്തിന്റെ ലക്ഷ്മി പൂർവ്വാധികം വർദ്ധിക്കട്ടെ. നീ സീതയോടുകൂടി വാഴുക.

49. സുപ്താതമാസാദിതസംമദം തദ്
വന്ദാരുഭിഃസംസ്തുതമഭ്യയോദ്ധ്യം
അശ്വീയരാജന്യകഹസ്തികാഢ്യ- മഗാത്
സരാജം ബലമദ്ധ്വനീനം

സുപ്രഭാതത്തിൽ ആസാദിതസമ്മദം (പ്രാപ്തഹർഷത്തോടെ. പ്രമദസംമദൌ ഹർഷഃ)വന്ദികളാൽ സംസ്തുതരായി അശ്വങ്ങളും സ്വഗോത്രത്തിലെ രാജന്യസമൂഹവും ആനകളും (ഹസ്തിധേനോഷ്ഠക) സേനാംഗങ്ങളും അകമ്പടി സേവിച്ച് രാജാവോടുകൂടി സേനാസമേതം രാജ്യത്തേക്ക് ഗമിച്ചു.

50. വിശങ്കടോ വക്ഷസി ബാണപാണിഃ
സമ്പന്നതാലദ്വയസഃ പുരസ്താത്
ഭീഷ്മോ ധനുഷ്മാനുപജാന്വരത്നി-
നൈതി സ്മ രാമം പഥി ജാമദഗ്ന്യഃ

വിശാലമായ വക്ഷസ്സിൽ നിഹിതമായ ബാണയുക്തപാണിയോടെ, (പ്രഹരിക്കാൻ തയ്യാറായതെന്ന് സൂചന) പൂർണ്ണവളർച്ചയെത്തിയ രണ്ടു താലവൃക്ഷപ്രമാണം ഉയരമുള്ള ഭീഷണസ്വരൂപിയും, ധനുസ്സു ധരിച്ചവനും അരത്നിലക്ഷണം കൊണ്ട് ആജാനബാഹുവായതിനാൽ തൊട്ടടുത്ത് നിൽക്കുന്നവനുമായ ജാമദഗ്ന്യരാമനെ വഴിയിൽ നേരെ മുമ്പിലായിക്കണ്ടു.

51. ഉച്ചൈരസൌ രാഘവമാഹ്വതേദം
ധനുഃസബാണം കുരു മാതിയാസി
പരാക്രമജ്ഞഃപ്രിയസംതതിസ്തം
നമ്രഃക്ഷിതീന്ദ്രോനുനിനീഷുരൂചേ

അദ്ദേഹം രാഘവനോട് ഉച്ചസ്വരത്തിൽ സ്പർദ്ധയോടെ ഈ വാക്കുകളുരച്ചു. വില്ലും ബാണവുമെടുത്ത് എന്നോട് യുദ്ധം ചെയ്യുക. അപത്യവത്സലനായ പരാക്രമജ്ഞനായ ഞാൻ നിനക്ക് എന്റെ പരാക്രമത്തിൽനിന്ന് ഭാഗം തരാം. ദശരഥൻ നമ്രശിരസ്കനായി, അനുനയവാക്ക് പറഞ്ഞു.

52. അനേകശോ നിർജ്ജിതരാജകസ്ത്വം
പിതൃനതാപ്സീർനൃപരക്തതോയൈഃ
സംക്ഷിപ്യ സംരംഭമമസദ്വിപക്ഷം
കാന്ധാർഭകേസ്മിംസ്തവ രാമ രാമേ

രാമാ, അവിടുന്ന് അനേകം രാജവംശങ്ങളെ ഇല്ലാതാക്കിക്കഴിഞ്ഞു. പിതൃ കർമ്മം അവരുടെ രക്തം കൊണ്ട് നിർവ്വഹിച്ചു. ഇതിൽ വിപക്ഷമില്ല. കോപം കൊണ്ട് (സംക്ഷിപ്യ) വധിക്കാനുള്ള ഈ സംരംഭം (പുറപ്പാട്) ബാലനായ രാമനോട് എന്തിനാണ്,രാമാ .

53. അജീഗണത് ദാശരഥം ന വാക്യം
യദാ സ ദർപ്പേണ തദാ കുമാരഃ
ധനുഷ്യകാംക്ഷീത് ഗുരുബാണഗർഭം
ലോകാനലാവിദ്ധിജിതാംശ്ച തസ്യ

ദർപ്പം കൊണ്ട് പരശുരാമൻ ദശരഥവാക്യം ഗണിച്ചില്ല. രാമകുമാരൻ തപസ്സിനാലും വീര്യത്താലും ലോകമെല്ലാം ജയിച്ച മുനീന്ദ്രന്റെ (പരശുരാമന്റെ) ഗുരുബാണഗർഭമായ ധനുസ്സിനെ കാംക്ഷിച്ചു. അതിന്റെ വീര്യം പരീക്ഷിക്കാനാഗ്രഹിച്ചു.

54. ജിതേ നൃപാരൌ സുമനീഭവന്തി
ശബ്ദായമാനാന്യശനൈരശങ്കം വൃദ്ധസ്യ
രാജ്ഞോനുമതേ ബലാനി
ജഗാഹിരേനേകമുഖാനി മാർഗ്ഗാൻ

നൃപന്മാരുടെ ശത്രുവിനെ ജയിച്ച് സുമനസ്സുകളാൽ സുമനിയെന്ന് കീർത്തിക്കപ്പെട്ടു. വൃദ്ധരാജാവിന്റെ (ദശരഥന്റെ) അനുമതിയോടെ സൈന്യം ശബ്ദായമാനമായി, അമന്ദം(വേഗം) അശങ്കം(ശങ്കകൂടാതെ) പല വഴികളിലൂടെ യാത്ര തുടർന്നു

55. അഥപുരുജവയോഗാന്നേദയദ് ദൂരസംസ്ഥം
ദവയദാതിരയേണ പ്രാപ്തമുർവ്വീവിഭാഗം
ക്ലമരഹിതമചേതന്നീരജീകാരിതക്ഷാം
ബലമുപഹിതശോഭാം തൂർണ്ണമായാദയോദ്ധാം

വളരെ വേഗം യാത്രാക്ലേശം കൂടാതെ ദൂരത്തുള്ളതും ധ്വജപതാകാദികളാൽ പ്രശോഭിക്കുന്നതുമായ അയോദ്ധ്യാനഗരത്തിന്റെ ഭൂവിഭാഗത്തിൽ സൈന്യം പ്രവേശിച്ചു.

ഇതി ഭട്ടികാവ്യേ പ്രകീർണ്ണകാണ്ഡേ സീതാപരിണയോ നാമഃ ദ്വിതീയഃ സർഗ്ഗഃ

ഇതി ശ്രീപദവാക്യപ്രമാണപാരാവാരപാരിണ മഹോപാദ്ധ്യായ കോലാചല മല്ലീനാഥസൂരിവിരചിതേ ഭട്ടികാവ്യവ്യാഖ്യാനേ സർവ്വപഥീനാക്ഖ്യാനേ ദ്വിതീയഃസർഗ്ഗഃ

തൃതീയസർഗ്ഗം

1. വധേന സംഖ്യേ പിശിതാശനാനാം
ക്ഷത്രാന്തകസ്യാഭിഭവേന ചൈവ
ആഢ്യം ഭവിഷ്ണുർയശസാ കുമാരഃ
പ്രിയം ഭവിഷ്ണുർന സ യസ്യ നാസീത്

വിശ്വാമിത്രയാഗരക്ഷക്കായി യുദ്ധത്തിൽ മാംസഭുക്കുകളെ വധിച്ചതിനാലും, ക്ഷത്രിയരെ നശിപ്പിച്ച പരശുരാമനുമായുള്ള കർമ്മത്താലും രാമൻ യശസ്സിനാൽ ആഢ്യനായി. (യശസാ അനാഢ്യോ ആഢ്യം ഭവ തി). എല്ലാവരുടേയും പ്രിയങ്കരനുമായി ഭവിച്ചു. യുവരാജാഭിഷേക ഹേതു ജനാനുരാഗമാണെന്ന് സൂചിപ്പിക്കുന്നു.

2. തതഃ സുചേതീകൃതപൌരഭൃത്യോ
രാജ്യേഭിഷേക്ഷ്യേ സുതമിത്യനീകൈഃ
ആഘോഷയൻഭൂമിപതിഃസമസ്തം
ഭൂയോപിലോകം സുമനീചകാരഃ

അനന്തരം, രാജ്യത്തിലെ പൌരരും പൌരഭൃത്യരും രാജ്യപാലനത്തിന് കുമാരനെ അഭിഷേകം ചെയ്യിക്കണമെന്ന് നിശ്ചയിച്ചു. ഉച്ചത്തിൽ ആഘോഷപൂർവ്വം സമസ്തലോകരും കൂടി സന്തുഷ്ടചിത്തരായി ഭൂമിപതിയോട് ചെന്ന് പറഞ്ഞു.

3. ആദിക്ഷദാദിപ്രകൃശാനുകൽപ്പം
സിംഹാസനം തസ്യ സപാദപീഠം
സന്തപ്തചാമീകരവൽഗുവജ്രം
വിഭാഗവിന്യസ്തമഹാർഘ്യരത്നം

രാമന്റെ പ്രകൃശാനുകൽപ്പമായി, ചുട്ടെടുത്ത സ്വർണ്ണത്താൽ വൽഗു,വജ്രം ഇവപോലെ ശോഭിക്കുന്നതും മഹാപൂജ്യങ്ങളായ വിവിധവിഭാഗത്തിലുള്ള രത്നം പതിച്ചതും പാദപീഠത്തോടുകൂടിയതുമായ സിംഹാസനം അവർ കൊണ്ടുവന്നു.സജ്ജീകരണമെല്ലാം ചെയ്തു എന്ന് അർത്ഥം.

4. പ്രാസ്താപയത് പൂഗകൃതാൻ സ്വപോഷം
പുഷ്ടാൻപ്രയത്നാത് ദൃഢഗാത്രബന്ധാൻ
സഭർമ്മകുംഭാൻപുരുഷാൻ സമന്താത്
പത്കാഷിണസ്തീർത്ഥജലാർത്ഥമാശു

ആ ദൃഢഗാത്രരായ ജനങ്ങൾ പ്രയത്നിച്ച് നേടിയ സ്വധനംകൊണ്ട് കവുങ്ങ് മുതലായവ നഗരത്തിൽ കെട്ടി അലങ്കരിക്കയും സ്വർണ്ണം നിറച്ച സ്വർണ്ണ കുംഭങ്ങൾ പാദത്തിൽ തീർത്ഥജലം തളിക്കാനായി ഒരുക്കുകയും ചെയ്തു.

5. ഉക്ഷാംപ്രചക്രുർനഗരസ്യ മാർഗ്ഗാൻ
ധ്വജാൻബബന്ധുർമുമുചുഃഖധൂപാൻ
ദിശൈശ്ച പുഷ്പൈശ്ചകരുർവിചിത്രൈ- രർത്ഥേഷു
രാജ്ഞാ നിപുണാ നിയുക്താഃ

കാര്യങ്ങളിലും അർത്ഥശാസ്ത്രത്തിലും നിപുണരായ രാജാക്കന്മാരെ (നഗര മുഖ്യരെ)മാർഗ്ഗങ്ങലിൽ ധൂളീപ്രശമനത്തിനും ധ്വജം ബന്ധിക്കുന്നതിനും ആ കാശത്തിൽ പരക്കുന്ന പുക മുതലായവ നീക്കുന്നതിനും ദിശകളിലെല്ലാം വിചിത്രങ്ങളായ പുഷ്പങ്ങളാൽ അലങ്കരിക്കുന്നതിനും നിയമിച്ചു.

6. മാതാമഹാവാസമുപേയിവാംസം
മോഹാദപൃഷ്ട്വാ ഭരതം തദാനീം
തത്കേകയീസോഢുമശക്നുവാനാ വവാര
രാമസ്യ വനപ്രയാണം

മാതാമഹന്റെ ആഗ്രഹപ്രകാരം ഭരതൻ അപ്പോൾ കേകയത്തിലേക്ക് പോയി അവിടെ താമസിക്കയായിരുന്നു. രാമാഭിഷേകം സഹിക്കാനാവാതെ, കൈകേയി രണ്ടുവരം ചോദിച്ചു, ഭരതന് രാജ്യവും രാമന് വനപ്രയാണവും.

7. കർണ്ണജപൈരാഹിതരാജ്യലോഭാ
സ്ത്രൈണേന നീതാ വികൃതിം ലഘിമ്നാ
രാമപ്രവാസേ വ്യമൃശന്ന ദോഷം
ജനാപവാദം സനരേന്ദ്രമൃത്യും

രാജ്യലോഭം കൊണ്ട് തലയണമന്ത്രം ജപിച്ച സ്ത്രീയുടെ വികൃതി ലംഘിക്കാനാവാത്ത രാജാവിനെ കൈകേയി നിർബന്ധിച്ച് രാമപ്രവാസം സമ്മതിപ്പിച്ചു കൊണ്ട്, രാജാവിന്റെ മരണമെന്ന ദോഷം മാത്രമല്ല, ജനാപവാദവും നിന്ദയും കൂടി വരിച്ചു. (രാജ്യലോഭം,തലയണമന്ത്രം ഇവ കൈകേയിക്കും സ്തീജിതത്വം, സ്ത്രീവിഷയത്തിൽ ലഘിമ കണ്ട് കൈകേയിയ്ക്ക് ആവശ്യത്തിലധികം അധികാരം കൊടുത്ത ദോഷം ഇവ ദശരഥനും വിനയായി.)

8. വസൂനി ദേശാശ്ച നിവർത്തയിഷ്യൻ
രാമം നൃപഃസംഗിരമാണ ഏവ
തയാവജജ്ഞേ ഭരതാഭിഷേകോ വിഷാദശങ്കുശ്ച
മതൌ നിചഖ്നേ

വസുക്കളും ദേശവും മറ്റെന്തും കൊടുത്താലും ശരി, രാമനെ കാട്ടിലയക്കാതിരിക്കാനോ ഭരതന് അഭിഷേകം നടത്താതിരിക്കാനോ രാജ്ഞി സമ്മതിക്കില്ല. ആ അഭിപ്രായം മനസ്സിലാക്കിയ രാജാവ് വിഷാദത്തിൽ ആണ്ടു. അദ്ദേഹത്തിന്റെ മനസ്സിനെ അത് ഹനിച്ചുകളഞ്ഞു.

9. തതഃപ്രവിവ്രാജയിഷുഃകുമാര-
മാദിക്ഷദസ്യാഭിഗമം വനായ
സൌമിത്രിസീതാനുചരസ്യ രാജാ സുമന്ത്രനേത്രേണ
രഥേന ശോചൻ

വനത്തിലേക്കു ഗമിക്കാനായി സൌമിത്രി,സീതാ എന്നിവരാലനുഗതനായി വന്ന പ്രവ്രാജകവേഷത്തിൽ കുമാരനെ കണ്ട് രാജാവ് ശോചിച്ചു. സുമന്ത്ര നാൽ നയിക്കപ്പെട്ട തേരിൽ അവർ വനത്തിലേക്ക് ഗമിച്ചു.

10. കേചിന്നിനിന്ദുർന്നൃപമപ്രശാന്തം
വിചക്രുശുഃകേചന സാസ്രമുച്ചൈഃ
ഊചുസ്തഥാന്യൈ ഭരതസ്യ മായാം ധിക്
കേകയീമിത്യപരോ ജഗാദ

അപ്രശാന്തനും ക്രൂരനുമെന്ന് രാമനെ കാട്ടിലയച്ച നൃപനെ ജനം കണ്ണിൽ നിറഞ്ഞ അശ്രുക്കളോടെ നിന്ദിച്ചു. രാജാവ് ഹേ,രാമാ,രാമാ എന്ന് വിച ക്രനം (ആക്രോശം) ചെയ്തു. ഭരതന്റെ മാതാവ് അത് കപടനാടകമെന്ന് പറഞ്ഞു. ധിക് ധിക് കൈകേയി എന്ന് രാജാവും പറഞ്ഞു.(ഭർത്സനനിന്ദ)

11. ഗതോ വനം ശ്ചോ ഭവിതേതി രാമഃ
ശോകേന ദേഹേ ജനതാതിമാത്രം
ധീരാസ്തു തത്ര ച്യുതമന്യവോന്യേ
ദധുഃകുമാരാനുഗമേ മനാംസി

രാമൻ വനത്തിലേക്കു പോയതോടെ ശോകം കൊണ്ട് ദേഹം എരിഞ്ഞ് പുരവാസികളായ ജനം ധീരന്മാരെങ്കിലും നഷ്ടമാനസരായി മനസ്സ് രാമൻ പോയ വഴിയേ പോകയാൽ കുമാരനെ അനുഗമിച്ചു.

12. പ്രസ്ഥാസ്യമാനാവുപസേദുഷസ്തൌ
ശോശുച്യമാനാനിദമൂചതുസ്താൻ
കിംശോചതേഹാഭ്യുദയേ ബതാസ്മാൻ
നിയോഗലാഭേന പിതുഃകൃതാർത്ഥാൻ

പ്രസ്ഥാനം ചെയ്യുന്ന ഞങ്ങൾ ശോചിക്കുന്നില്ല. എന്തിനാണ് ശോചിക്കുന്നത്. അഛന്റെ നിയോഗം അനുസരിക്കാനുള്ള ഭാഗ്യം ലഭിച്ചതുകൊണ്ട് ഞങ്ങ ൾക്ക് അഭ്യുദയം വന്നിരിക്കുന്നു. രാമൻ ജനങ്ങളോട് പറഞ്ഞ വാക്യം.

13. അസൃഷ്ട യോ യച്ചഭയേഷ്വരക്ഷീത്
യഃസർവ്വദാസ്മാനപുഷത്വപോഷം
മഹോപകാരസ്യ കിമസ്തി തസ്യ
തുഛേന യാനേന വനസ്യ മോക്ഷം

സൃഷ്ടിച്ച പിതാവാണ് ഭയത്തിൽനിന്ന് രക്ഷിക്കുന്നത്. ശരീരം സർവ്വദാ സ്വയം പോഷിപ്പിക്കുന്ന സംസാരമാണ്. അതിനെ സൃഷ്ടിച്ച പിതാവ് അതിനെ രക്ഷിക്കാനുള്ള മഹോപകാരമായിട്ടാണ് വനവാസം വിധിച്ചിരി ക്കുന്നത്. തുഛമായ ഈ വനവാസം കൊണ്ട് സംസാരത്തിൽനിന്ന് മോക്ഷം ലഭിക്കും.

14. വിദ്യുത്പ്രണാശം സ വരം പ്രണഷ്ടോ
യദ്ധോർദ്ധ്വശോഷം തൃണവദ്വിശുഷ്കഃ

അർത്ഥേ ദുരാപേ കിമുത പ്രവാസേ ന
ശാസനേവാസ്ഥിത യോ ഗുരൂണാം

അൽപ്പമായ ഈ വനപ്രവാസത്തിൽ എന്തിനാണ് ദുഃശങ്ക. ഗുരുവാക്യം അനുസരിക്കുന്നതിനാൽ ലഭിക്കുന്നത് വളരെ വലിയ ഗുണമാണ്. വിദ്യുത്പ്രണാശം കൊണ്ട് ഉണങ്ങിയ പുല്ലിന്റെ ശുഷ്കമായ മുകൾഭാഗമേ കത്തുകയുള്ളു. അതുപോലെയാണ് ഈ വരം ഞങ്ങൾക്ക്. (അത് വീണ്ടും തളിർത്തുവരും)

15. പൌരാ നിവർത്തദ്ധ്വമിതി ന്യഗാദീത്
താതസ്യ ശോകാപനുദാ ഭവേത
മാ ദർശതാന്യം ഭരതം ച മത്തോ
നിവർത്തയേത്യാഹ രഥം സ്മ സൂതം

പൌരന്മാരേ, നഗരത്തിലേക്ക് തിരിച്ചുപോവുക. അഛന്റെ ശോകം മാറ്റുക. ഭരതനെ എന്നിൽനിന്ന് അന്യനായി ഒരിക്കലും കാണരുത്. സാരഥീ, എന്റെ രഥം നടത്തിയാലും

16. ജ്ഞാത്വേംഗിതൈർഗത്വരതാം ജനാനാ-
മേകാം ശയിത്വാം രജനീ സപൌരൈഃ
രക്ഷൻവനേവാസകൃതാദ് ഭയാത്താദ്
പ്രാതഛലേനാപജഗാമ രാമഃ

ജനങ്ങളുടെ ഇംഗിതം തന്നെ വനത്തിലേക്ക് അനുഗമിക്കലാണെന്ന് മനസ്സിലാക്കിയ രാമൻ അന്നൊരുരാത്രി മാത്രം അവരോടുകൂടി ശയിച്ചു. വനവാസകാലത്ത് (വന്യമൃഗങ്ങളിൽനിന്നും രാക്ഷസരിൽനിന്നും) അവരെക്കൂടി രക്ഷിക്കുക എന്ന കൃത്യത്തിലുള്ള ഭയത്താൽ രാവിലെ അവരുണരും മുമ്പുതന്നെ അവരറിയാതെ വനത്തിലേക്ക് യാത്രയായി.

17. അസ്ത്രാക്ഷുരസ്ത്രം കരുണം രുവന്തോ
മുഹുർമുഹുർനൈശ്വസിഷുഃ കവോഷ്ണാൻ
ഹാ രാമ ഹാ കഷ്ടമിതി ബ്രുവന്തഃ
പരാങ്മുഖൈസ്തൈ ന്യവൃതന്മനോഭിഃ

ആ ജനങ്ങൾ രാമനെ കാണാതെ ഹാ,രാമാ, ഹാ കഷ്ടം എന്ന് വിലപിച്ചുകൊണ്ട് , അനുനിമിഷം ദീർഘശ്വാസം വിട്ടും വിരഹതാപത്താൽ ശരമഴപോലെയുള്ള കണ്ണുനീരു പൊഴിച്ചും കരുണരസം ഉണ്ടാവുമാറ്, പരാങ്മുഖരായി നിവൃത്തി വന്നവരായി (നിവൃത്തിലക്ഷണം മോക്ഷം) ഭവിച്ചു.

18. സൂതോപി ഗംഗാസലിലൈഃപവിത്വാ
സഹാശ്വമാത്മാനമനൽപ്പമന്യുഃ സതീതയോ
രാഘവയോരഥീയം ശ്വസൻ കദുഷ്ണം
പുരമാവിവേശ

സാരഥിയായ സുമന്ത്രരും ഗംഗാസലിലത്താൽ കുതിരകളോടുകൂടി കുറച്ചെങ്കിലും താപം കുറക്കാനായി മുങ്ങി പവിത്രമായി, സീതയോടുകൂടിയ

രാഘവന്മാരെ (രാമലക്ഷ്മണരെ) മാത്രം വിചാരിക്കുന്ന (അവർക്കധീനമായ) മനസ്സോടെ വിരഹതാപം കുറക്കാനായി ഉഷ്ണമുള്ള നെടുവീർപ്പു വിട്ടുകൊണ്ട് അയോദ്ധ്യാപുരിയിൽ പ്രവേശിച്ചു.

19. പ്രതീയ സാ പൂർദ്ദദൃശേ ജനേന
ധൌർമ്മാനുശീതാംശുനിരാകൃതേന
രാജന്യനക്ഷത്രസമന്വിതാപി
ശോകാന്ധകാരക്ഷതസർവ്വചേഷ്ടാ

ആ ജനങ്ങൾക്ക് രാജന്യനക്ഷത്രങ്ങളാൽ നിബിഢമായ അയോദ്ധ്യാപുരി സൂര്യനും ചന്ദ്രനുമില്ലാത്ത ആകാശം പോലെ ശോകാന്ധകാരം കൊണ്ട് മൂടി സർവ്വചേഷ്ടകൾക്കും ക്ഷതം പറ്റിയതുപോലെ തോന്നി.

20. വിലോക്യ രാമേണ വിനാ സുമന്ത്ര-
മച്ച്യോഷ്ട സത്വാന്നൃപതിശ്ച്യുതാശാഃ മധൂനി
നൈഷീദ വ്യലിപന്നഗന്ധൈ-ർമനോരമേ ന
വ്യവസിഷ്ഠം വസ്ത്രേ

രാമനെക്കൂടാതെ സുമന്ത്രർ തിരിച്ചുവന്നതുകണ്ട് രാജാവ് രാമാഗമനത്തിലുള്ള സർവ്വ ആശയും നശിച്ച്, സ്വതവേ സാത്വികസ്വഭാവിയാണെങ്കിലും പെട്ടെന്ന് പിസാചുബാധിച്ചപോലെ ബുദ്ധിഭ്രമത്തിന് അടിമയായി. മധുവും നിഷേധിച്ച്, ഗന്ധലേപനവും മറന്ന്, മനോരമങ്ങളായ വസ്ത്രങ്ങളുപേക്ഷി ച്ച് ഉടുതുണിപോലുമില്ലാത്ത അവസ്ഥയിലായി. (ഇവ മൃത്യുലക്ഷണങ്ങ ളായി പറയുന്നു)

21. ആസിഷ്ട നൈകത്ര ശുചാ വ്യരംസീത്
കൃതാകൃതേഭ്യഃക്ഷിതിപാലഭാഗ്ഭ്യഃ
സചന്ദനോശീരമൃണാലദിഗ്ദ്ധഃ
ശോകാഗ്നിനാഗാത് ഘ്വനിവാസഭൂയം

ക്ഷിതിപാലന്റെ എല്ലാ സുഖങ്ങളും ഉള്ളവനായിട്ടും, സകലകാര്യങ്ങളിലും കൃതകൃത്യനായിട്ടും അദ്ദേഹത്തിന്റെ ശോകാഗ്നിയാകുന്ന നാഗദംശനത്താലുണ്ടായ താപം ചന്ദനഉശീരം മൃണാളം മുതലായവക്കുപോലും കുറക്കാനായില്ല. ഭൂവാസം അവസാനിപ്പിച്ച് മറുലോകത്തേക്കു പോകാനുള്ള വിരക്തി അദ്ദേഹത്തിനുണ്ടായി.

22. വിചുക്തുശുർഭൂമിപതേർമഹിഷ്യഃ
കേശാംല്ലുലുഞ്ചുഃ സ്വവപൂംഷി ജഘ്നുഃ
വിഭൂഷണാന്യുന്മുമുചുഃക്ഷമായാം
പേതുർബഭഞ്ചുർവ്വലയാനി ചൈവ

പിന്നീട്, രാജാവിന്റെ ഭാര്യമാർ ഹേ,നാഥാ എന്ന് കരഞ്ഞും സ്വശരീരത്തിൽ താഡിച്ചും, മുടിയഴിഞ്ഞും ആഭരണങ്ങളുപേക്ഷിച്ചും വളകളഴിഞ്ഞും നിലത്ത് വീണുരുണ്ട് വിലപിച്ചു.

23. താഃ സാന്ത്വയന്തി ഭരതപ്രതീക്ഷാ
തം ബന്ധുനാ നിക്ഷിപതാശു തൈലേ
ദൂതാംശ്ച രാജാത്മജമാനിനീർഷൂൻ
പ്രാസ്ഥാപയൻ മാന്ത്രിമതേന യൂനഃ

ബന്ധുജനം അവരെ സാന്ത്വനിപ്പിച്ചു. ഭരതനെ പ്രതീക്ഷിച്ച് രാജാവിന്റെ ശരീരം തൈലത്തോണിയിൽ നിക്ഷേപിച്ചു. (കർമ്മം ചെയ്യാൻ ഭരതൻ വരണം. അതിനാലാണ് കർമ്മം ചെയ്യാതെ നിക്ഷേപിച്ചതെന്ന് ഭാഷ്യം) രാജാത്മജന്മാരെ കൊണ്ടുവരാനായി മന്ത്രിമാരുടെ ഉപദേശപ്രകാരം ദൂതന്മാരെ യാത്രയയച്ചു.

24. സുപ്തോ നഭസ്തഃപതിതം നിരീക്ഷാം-
ചക്രേ വിവസ്വന്തമഘഃസ്ഫുരന്തം
ആഖ്യദ്വസൻമാതൃകുലേ സഖിഭ്യഃ
പശ്യൻ പ്രസാദം ഭരതോപി രാജ്ഞഃ

മാതൃഗൃഹത്തിൽ വസിക്കുന്ന ഭരതൻ സൂര്യാസ്തമയവേളയിൽ ഉറക്കത്തിൽ സൂര്യചക്രം പതിക്കുന്നത് കണ്ടു. സൂര്യകുലത്തിലുള്ളവർക്ക് അത് പ്രസാദമല്ല എന്ന് വിചാരിച്ച് തന്റെ സുഹൃത്തുക്കളോട് ചോദിച്ചു. അവർ അത് വെറും ദുഃസ്വപ്നമാണെന്ന് സമാധാനിപ്പിച്ചു.

25. അശിശ്രവന്നാത്യയികം തമേപ്യ
ദൂതാ യഥാർത്ഥം പ്രയിയാസയന്തഃ
ആംഹിഷ്ട ജാതാഞ്ജിശിഷസ്തദാസാ-
വുത്കണ്ഠമാനോ ഭരതോ ഗുരൂണാം

ദൂതന്മാർ യഥാർത്ഥം പറയാതെ കൈകേയിയുടെ സുഖവിവരം പറഞ്ഞത് ഭരതൻ കേൾക്കാനിഷ്ടമുണ്ടായില്ല. അദ്ദേഹം ഉത്കണ്ഠാപൂർവ്വം ഗുരുഭൂതന്മാരുടെ (പിതാവ് മുതലായവരുടെ) വിവരം അറിയാനുള്ള ആഗ്രഹമാണ് പ്രകടിപ്പിച്ചത്.

26. ബന്ധൂനശങ്കിഷ്ട സമാകുലത്വാ-
ദാസേദുഷഃസ്നേഹവശാദപായം
ഗോമായുസാരംഗഗണാശ്ച സമ്യക്
നായാസിഷുർഭീമമരാസിഷുശ്ച

സ്നേഹം കൊണ്ടും ബന്ധുക്കൾക്ക് അപായം വന്നിട്ടുണ്ടെന്ന ആശങ്ക കൊണ്ടും ഭരതൻ ആകുലചിത്തനായിരുന്നു. കുറുക്കന്മാരും മാനുകളും ചേർന്ന പോലെയുള്ള തന്റെ ബന്ധുഗണത്തിന് എപ്പോളും ആപത്ത് സംഭവിച്ചേക്കാമെന്ന് അദ്ദേഹം ഉൽക്കണ്ഠപ്പെട്ടിരുന്നു. അതിനെ സ്വപ്നം വർദ്ധിപ്പിച്ചു. പെട്ടെന്നുണ്ടായ ദൂതാഗമനം അദ്ദേഹത്തെ കൂടുതൽ ആശങ്കാകുലനാക്കി.

27. സ പ്രോഷിവാനേത്യ പുരം പ്രവേക്ഷ്യൻ
ശുശ്രാവ ഘോഷം ന ജനൌഘജന്യം

ആകർണ്ണയാമാസ ന വേദനാദാൻ
ന ചോപലേഭേ വണിജാം പണായൻ

ഇപ്രകാരം ചിന്തിച്ചുകൊണ്ട് നഗരത്തിൽ പ്രവേശിച്ച ഭരതൻ ജനക്കൂട്ടങ്ങളുടെ ഘോഷമോ വേദനാദമോ വണിക്കുകളുടെ പണത്തിന്റെ ശബ്ദമോ (പണത്തെക്കുറിച്ച് ഉള്ള ചർച്ച എന്നും അർത്ഥം) കേട്ടില്ല. നിശ്ശബ്ദതയാണ് അനുഭവിച്ചത്.

28. ചക്രന്തുരുച്ചൈർനൃപതിം സമേത്യ
തം മാതരോഭ്യർണ്ണമുപാഗതാസ്ത്രാഃ
പുരോഹിതാമാത്യമുഖാശ്ച യോധാം
വിവൃദ്ധമന്യുപ്രതിപൂർണ്ണമന്യാഃ

നൃപതിയെ വിളിച്ച് ഉച്ചത്തിൽ കരയുന്ന അമ്മമാരുടെ ശബ്ദം കേട്ടു. പുരോഹിതന്മാരും മന്ത്രിമാരുമാണ് അദ്ദേഹത്തെ മുഖംകാട്ടിയത്. അവരുടേയും യോദ്ധാക്കളുടേയും മുഖങ്ങളിൽ വിവർദ്ധമാനമായ മന്യു (അടക്കിപ്പിടിച്ച കോപം) ആണ് സ്ഫുരിച്ചിരുന്നത്. പിതൃമരണത്തിലും രാമന്റെ വിരഹത്തിലുമുള്ള ശോകവും തന്റെ അമ്മയോടുള്ള കോപവും ആണ് മന്യുവിന് കാരണമെന്ന് ഭരതന് അപ്പോൾ അറിവുണ്ടായിരുന്നില്ല .

29. ദിദൃക്ഷമാണഃപരിതഃസസീതം
രാമം യദാ നൈക്ഷത ലക്ഷ്മണം ച
രോരുദ്ധ്യമാനഃസ തദാഭ്യപൃഛത്
യദാവഥാഖ്യന്നഥ വൃത്തമസ്മൈ

കാണാനാഗ്രഹിച്ച് ചുറ്റും നോക്കിയ ഭരതൻ രാമലക്ഷ്മണന്മാരെ അവിടെയെങ്ങും കണ്ടില്ല. കരയുന്നതുപോലെ (ഗദ്ഗദത്തോടെ) അദ്ദേഹം തന്നോട് ഉണ്ടായ വൃത്താന്തം അതേപോലെ പറയണേ എന്ന് അഭ്യർത്ഥിച്ചു. എന്താണുണ്ടായതെന്ന് പറയണമെന്ന് അപേക്ഷിച്ചു.

30. ആബദ്ധഭീമഭ്രുകുടീവിഭംഗഃ
ശേശീയമാനാരുണരൌദ്രനേത്രഃ
ഉച്ചൈരുപാലബ്ധ സ കേകയീം ച ശോകേ
മുഹുശ്ചാവിരതം ന്യമാംക്ഷീത്

പുരികം ഭയങ്കരമായി ചുളിച്ച് ,കോപം കൊണ്ട് ചുവന്ന കണ്ണുകളോടെ ശോകസാഗരത്തില് നിമജ്ജനം ചെയ്ത കുമാരൻ (വാർത്ത കേട്ട്) ഉച്ചത്തിൽ കൈകേയിയെ നോക്കി ശകാരിച്ചു.

31. നൃപാത്മജൌ ചിക്ലിശതുഃ സസീതൌ
മമാര രാജാ വിധവാ ഭവത്യഃ
ശോച്യാ വയം ഭൂരനൃപാ ലഘുത്വം
കേകട്യുപത്മം ബത ബഹ്വനർത്ഥം

നൃപാത്മജന്മാർ സീതാസമേതം വനത്തിലേക്ക് അയക്കപ്പെട്ടു. രാജാവ് പരമപദം പൂകി. നീ വിധവയുമായി. രാജ്യം അരാജകത്വത്താൽ ശോചനീ

യസ്ഥിതി പ്രാപിച്ചു. കേകയത്തിലെ അപത്യം(സന്തതിയായ സ്ത്രീ) ആയ നിനക്കല്ലാതെ ആർക്ക് ഇത്രയും വലിയ അനർത്ഥം ചെയ്യാനാവും.

32. നൈതന്മതം മത്കമിതി ബ്രുവാണഃ
സഹസ്രശോസൌ ശപഥാനശപ്യം
ഉദ്വാശ്യമാനഃ പിതരം സരാമം ലുഠ്യൻ
സശോകോ ഭൂവി രോരുദോവാൻ

ഇത് എന്റെ അഭിപ്രായമല്ല, ഞാൻ ചെയ്തതുമല്ല.(പൂർണ്ണമായും കൈകേയീ കൃതമാണ്) എന്ന് സഹസ്രം ശപഥങ്ങൾ ചെയ്തും കൈകേയിയെ ശപിച്ചും, ഹേ താതാ, ഹേ രാമാ എന്ന് പിതാവിനേയും രാമനേയും വിളിച്ച് ശോകത്തോടെ കരഞ്ഞും ഭരതൻ ഭൂമിയിൽ വീണു.

33. തം സുസ്ഥയന്തഃ സചിവാ നരേന്ദ്രം
ദിധക്ഷയന്തഃ സമുദ്ഹുരാരാത്
അന്താഹുതിം ഹാവയിതും സവിപ്രാം-
ശ്ചിചീഷയന്തോദ്ധ്വരപാത്രജാതം

പിന്നീട് സചിവന്മാർ ഭരതനെ ആശ്വസിപ്പിച്ച് സ്വസ്ഥചിത്തനാക്കി. നരേന്ദ്രനെ (ദശരഥനെ) ദഹിപ്പിക്കാനുള്ള ചടങ്ങിന് സന്നദ്ധനാക്കി. വിപ്രന്മാരോടു കൂടി അന്ത്യാഹൂതിച്ചടങ്ങ് ചെയ്യാൻ ജൂഹു മുതലായ യാഗപാത്രങ്ങളേയും തയ്യാറാക്കി നഗരത്തിൽനിന്ന് അതിദൂരത്തിലല്ലാതെ ചിത ഒരുക്കി.

34. ഉദക്ഷിപൻ പട്ടദുകൂലകേതൂ-
നവാദയൻ വേണുമൃദംഗകാംസ്യം
കംബൂശ്ച താരാനധമൻ സമന്താ-
ത്തഥാനയൻ കുങ്കുമചന്ദനാനി

പട്ടങ്ങളും പുതിയ വസ്ത്രാദികളും കൊടികളും കൊണ്ടുവന്നു. വേണു, മൃദംഗം, കാംസ്യം(താളവാദ്യം) ഇവയും താരസ്വരത്തിൽ ശംഖും മുഴങ്ങി. കുങ്കുമചന്ദനാദികളും കൊണ്ടുവന്നു.

35. ശ്രോത്രാക്ഷിനാസാവദനം സരുക്മം
കൃത്വാജിനേ പ്രാക്ശിരസം നിധായ
സംചിത്യ പാത്രാണി യഥാവിധാന-
മൃത്വിഗ്ജുഹാവ ജ്വലിതം ചിതാഗ്നിം

കൃഷ്ണാജിനത്തിൽ ശിരസ്സ് കിഴക്കോട്ടാക്കി കിടത്തി. (തെക്കോട്ട് എന്നതിനു പകരം കിഴക്കോട്ട് എന്ന് പറഞ്ഞിരിക്കുന്നു.) ശ്രോത്രം, കണ്ണ്, നാസാ, മുഖം ഇവ പാത്രങ്ങളിൽ വിധിപ്രകാരം ചിന്തിച്ച്, യഥാവിധി ഋത്വിക്കുകൾ ചിതാഗ്നിയിൽ ഹോമിച്ച് ഉജ്വലിപ്പിച്ചു.

36. കൃതേഷു പിണ്ഡോദകസഞ്ചയേഷു
ഹിത്വാഭിഷേകം പ്രകൃതം പ്രജാഭിഃ
പ്രത്യാനിനീഷുർവ്വിനയേന രാമം
പ്രായാദരണ്യം ഭരതഃസപൌരഃ

പിണ്ഡോദകസമർപ്പണം, അസ്ഥിസഞ്ചയനം ഇത്യാദി ശ്രാദ്ധാനന്തരം ജനങ്ങളും അമാത്യരും അഭിഷേകം നടത്തണമെന്ന് ആഗ്രഹിച്ചു. ഭരതൻ പൌരസമേതം രാമനെ തിരിച്ചുകൊണ്ടുവരാനായി വിനയപൂർവ്വം കാട്ടിലേക്ക് പോയി.

37. ശീഘ്രായമാണൈഃകകുഭോശ്നുവാനൈ-
ർജ്ജനൈരപന്ഥാനമുപേത്യ സുപ്തൈഃ
ശോകാദപൂഷൈരപി ഭ്രൂശ്വകാസാ-
ഞ്ചകാര നാഗേന്ദ്രരഥാശ്വമിശ്രൈഃ

അശ്രുക്കളാൽ നിറഞ്ഞ കണ്ണുകളോടെ വേഗം രാമനെ ദർശിക്കാനുള്ള ആഗ്രഹത്തോടെ ജനപദങ്ങളെ ഉപേക്ഷിച്ച് (വിരക്തിലക്ഷണം) ശോകത്താൽ സർവ്വാഭരണങ്ങളുമുപേക്ഷിച്ചിട്ടും ആന, രഥം, അശ്വം ഇവകളോടെ ഉണർന്നിരുന്നിട്ടും ഉറക്കത്തിലെന്നപോലെ ഭരതൻ (പരമ)ലക്ഷ്യത്തിലെക്ക് സഞ്ചരിച്ചു.

38. ഉച്ചിക്ക്യരേ പുഷ്പഫലം വനാനി
സസ്നുഃപിതൃൂൻ പിപ്രിയുരാപഗാസു
ആരേമുരിത്വാ പുലിനാന്യശങ്കം
ഛായാം സമാശ്രിത്യ വിശശ്രമുശ്വ

പനങ്ങളിലെ പുഷ്പഫലാദികളാൽ സൽക്കരിക്കപ്പെട്ടും നദികളിൽ പിതൃക്കളെ പ്രീതിപ്പെടുത്താനായി തർപ്പണം ചെയ്തും പുളിനങ്ങളിലൂടെ ശങ്കകൂടാതെ സഞ്ചരിച്ചും വൃക്ഷഛായകളിൽ വിശ്രമിച്ചും യാത്ര ചെയ്തു.

39. സംപ്രാപ്യ തീരം തമസാപഗായ
ഗംഗാംബുസമ്പർക്കവിശുദ്ധവിശുദ്ധിഭാജഃ
വിഗാഹിതും യാമുനമംബുപുണ്യം
യയുർനിരുദ്ധശ്രമവൃത്തയസ്തേ

ഗംഗാജലസമ്പർക്കത്താൽ വിശുദ്ധമായ തമസാനദീതീരത്ത് എത്തി. അവിടെനിന്ന് പുണ്യയമുനാതീരത്ത് വന്ന് യാത്രാക്ഷീണമകറ്റി.

40. ഈയുർഭരദ്വാജമുനേർനികേതം
യസ്മിൻവിശശ്രാമ സമേത്യ രാമഃ
ച്യുതാശനായഃഫലവദ്വിഭൂത്യാ വ്യസന്നുദിന്യാം
ശിശിരൈഃപയോഭി

പിന്നീട് ഭരദ്വാജമുനിയുടെ ആശ്രമം കണ്ടു. രാമൻ ഇവിടെ വിശ്രമിച്ചിരുന്നു. ഭക്ഷണം ഉപേക്ഷിച്ച് , ഫലവൃക്ഷസമൃദ്ധമായ ആ ആശ്രമത്തിൽ വെള്ളം മാത്രം കുടിച്ച് ശിശിരം കഴിച്ചിരുന്നു.

41. വാചംയമാൻസ്ഥണ്ഡിലശായിനശ്ച
യുയുക്ഷമാണാനനിശം മുമുക്ഷൂൻ
അദ്ധ്യാപയന്തം വിനയാത്പ്രണേമുഃ
പദ്ഗാ ഭരദ്വാജമുനിം സശിഷ്യം

വാക്കിനെ അടക്കി മൌനവ്രതമാചരിക്കുന്നവരും, തണ്ഡിലത്തിൽ ശയിക്കുന്നവരും, യോഗം പഠിക്കുന്നവരും മുമുക്ഷുക്കളും വിരക്തരായി ബ്രഹ്മവിദ്യ അഭ്യസിക്കുന്നവരും വിനയത്തോടെ പ്രണമിക്കുന്നവരുമായ ശിഷ്യഗണങ്ങളോടെ ഭരദ്വാജമുനിയെ കണ്ടു.

42. ആതിഥ്യമേഭ്യഃപരിനിർവിവപ്സോഃ
കൽപ്പദ്രുമാ യോഗബലേന ഫേലുഃ
ധാമപ്രഥിമ്നോ പ്രദിമാന്വിതാനി
വാസാംസി ച ദ്രാധിമവന്ത്യുദൂഹുഃ

ആതിഥ്യസൽക്കാരത്തിനായി സങ്കൽപ്പിച്ചതെല്ലാം തരുന്ന കൽപ്പദ്രുമത്തെ യോഗബലം കൊണ്ട് തേജോധാമമായ മുനി സൃഷ്ടിച്ചു. ആഹാരാദികളും മൃദുലമായവയും ദൈർഘ്യമുള്ളവയും ആയ പട്ടുവസ്ത്രങ്ങളും നൽകി.

45. ആജ്ഞാം പ്രതീഷുർവ്വിനയാദുപാസ്ഥു-
ർജഗുഃ സരാഗം നനൃതു സഹാവം
സവിഭ്രമം നേമുരുദാരമൂചു-
സ്തിലോത്തമാദ്യാ വനിതാശ്ച താസ്മിൻ

ഭരതന്റെ ആജ്ഞ പ്രതീക്ഷിച്ചുകൊണ്ട്, അദ്ദേഹത്തെ സേവിക്കാനായി തിലോത്തമാദികളായ അപ്സരകന്യകമാർ വിനയപൂർവ്വം കാത്തുനിന്നു. അവർ സവിലാസം (സവിഭ്രമം) നേമു (പ്രണമിച്ചു.) സരാഗം (രാഗത്തോടുകൂടി, അനുരാഗമെന്നും സംഗീതത്തിലെ രാഗമെന്നും) സഭാവം അഥവാ ശൃംഗാരചേഷ്ടകളോടെ നനൃത്യ (നൃത്തം ചെയ്തു). ഉദാരമെന്നതുകൊണ്ട് ഗംഭീരമായ സംഗീതനൃത്താദികളെന്നും അറിയണം.

46. വസ്ത്രാന്നപാനം ശയനം ച നാനാ
കൃത്വാവകാശേ രുചിസംപ്രക്ലുപ്തം
താൻ പ്രീതിമാനാഹ മുനിസ്തതഃസ്മ
നിവധ്വമാധ്വം പിബതാത്ത ശോദ്ധ്വം

വസ്ത്രാന്നപാനങ്ങളും ശയനവും എല്ലാവരുടേയും രുചിക്കനുസരിച്ച് നൽകി പ്രീതനായ മുനീശ്വരൻ യഥേഷ്ടം ഉപയോഗിക്കുവാൻ അനുമതി നൽകി. നന്നായി ശോദ്ധ്യം ചെയ്ത സുഷ്ഠുവായ ശുദ്ധഭക്ഷണപാനീയമെന്ന്

47. തേ ഭുക്ത്വവന്തഃസുസുഖം വസിത്വാ
വാസാംസ്യുഷിത്വാ രജനീം പ്രഭാതേ
ദ്രുതം സമദ്ധ്വാ രഥവാജിനാഗൈ-
മിന്ദാകിനീം രമ്യവനാം സമീയുഃ

അവരെല്ലാം സുഖമായി ഭക്ഷിച്ച് പുതുവസ്ത്രങ്ങളണിഞ്ഞ് രാത്രി ഉറങ്ങി. പ്രഭാതത്തിൽ വേഗം യാത്രക്ക് ഒരുങ്ങി. രഥം, കുതിര, ആന മുതലായവ യുള്ള ചതുരംഗപ്പടയെ മന്ദാകിനീനദീതീരത്ത് രമ്യവനത്തിൽഒരുക്കിനിർത്തി. ഇത് ഗംഗാനദിയല്ല, ഭരദ്വാജാശ്രമത്തിനടുത്ത് ചിത്രകൂടത്തിലുള്ള കാഞ്ചനന ദിയാണ് എന്ന് ഭാഷ്യം എടുത്തുപറയുന്നു.

48. വൈഖാനസേഭ്യഃശ്രുതരാമവാർത്താ-
സ്തതോ വിശിഞ്ജാനപതത്രിസംഘം
അഭ്രംലിഖാഗ്രം രവിമാർഗ്ഗസംഗ-
മാനംഹിരേന്ദ്രിം പ്രതി ചിത്രകൂടം

വൈഖാനസവനേവാസിവാനപ്രസ്ഥാശ്ച താപസഃ എന്നതനുസരിച്ച് വൈഖാനസർ വാനപ്രസ്ഥരായ താപസരാമ്. അവരും ശിഞ്ജാനത്തോടെ കൂവുന്ന, പാടുന്ന, പക്ഷിവൃന്ദവും രാമവാർത്ത പാടുന്നതുകേട്ടു. അവരുടെ ഗാനം മേഖമാലകളുടെ ശിഖരം തൊട്ട്, സൂര്യമാർഗ്ഗം സ്പർശിച്ച് ചിത്രകൂടാദ്രിയുടെ മുകളിലെല്ലാം മുഴങ്ങിക്കേട്ടു.

49. ദ്രഷ്ടോർണ്ണുവാനാൻ കകുഭോ ബലൌഘാൻ
വിതത്യ ശാർങം കവചം വിനഹ്യ
തസ്ഥൌ സസംഗ്രാമയിഷുഃ ശിതേഷുഃ
സൌമിത്രിരക്ഷിഭ്രുവമുജ്ജിഹാനഃ

സേനയെ വിസ്താരമുള്ള ശാർങവില്ലുപോലെ (വില്ലു ധരിച്ച്) കവചധാരികളായി വരുന്നതുകണ്ട് സംഗ്രാമം (യുദ്ധം) ഇഛിച്ച് വരുന്നവരാണെന്ന് സൌമിത്രി വിചാരിച്ചു. അദ്ദേഹം പ്രതിപക്ഷഭ്രാന്തി കൊണ്ട് സുരക്ഷക്കായി സന്നദ്ധനായി പുറപ്പെട്ടു.

50. ശുക്ലോത്തരാസംഗഭൃതൌ വിശസ്ത്രാൻ
പാദൈഃശനൈരാപതതഃ സമന്യൂൻ
ഔഹിഷ്ടതാൻ വീത വിരുദ്ധബുദ്ധീൻ
വിവന്ദിഷൂൻ ദാശരഥിഃ സ്വവർഗ്ഗ്യാൻ

രാമൻ വെളുത്ത ഉത്തരീയം മാത്രം ധരിച്ച് കവചം ധരിക്കാതെ ശസ്ത്രം ധരിക്കാതെ നിരായുധനായി പതുക്കെ നടന്നുവരുന്ന അടക്കിപ്പിടിച്ച ശോകത്തോടെ ഭരതനെ അനുഗമിച്ച് വരുന്നസൈന്യത്തെ കണ്ടു. വന്ദിക്കേണ്ടവരും പ്രണമിക്കേണ്ടവരുമായ സ്വവർഗ്ഗത്തിലുള്ളവരെ ഇപ്രകാരം വിരുദ്ധബുദ്ധിയോടെ നിന്ദിക്കുന്നതെന്താണ് എന്ന് ലക്ഷ്മണനോട് ചോദിച്ചു.

51. സമൂലകാഷം ചകഷൂ രുദന്തോ
രാമാന്തികം ബൃംഹിതമന്യുവേഗാഃ
ആവേദയന്തഃ ക്ഷിതിപാലമുച്ചൈഃ
കാരം മൃതം രാമവിയോഗശോകാത്

അടക്കിപ്പിടിച്ച ശോകവേഗം കൊണ്ട് ഉറക്കെ കരഞ്ഞും കൊണ്ട് ക്ഷിതിപാലൻ (ദശരഥൻ) രാമവിയോഗശോകം സഹിക്കാതെ മൃതനായ വിവരം പറഞ്ഞുകൊണ്ട് ഭരതൻ രാമന്റെ അടുത്തെത്തി.

52. ചിരം രുദിത്വാ കരുണം സശബ്ദം
ഗോത്രാഭിധായം സരിതം സമേത്യ
മദ്ധ്യേ ജലാദ്രാഘവലക്ഷ്മണാഭ്യാം
പ്രത്തം ജലം ദ്വജ്ജലമന്തികോപാം

രാമലക്ഷ്മണന്മാർ ഒട്ടേറെ കരുണസ്വരത്തിൽ ഉച്ചത്തിൽ കരഞ്ഞ് ഗോത്ര മെന്ന് പേരുള്ള നദിക്കരയിലെത്തി മദ്ധ്യത്തിൽ അന്ത്യോപചാരമായി, നദി പോലെ ഒഴുകുന്ന സ്വന്തം കണ്ണുനീരും നദീജലവും അർപ്പിച്ചു.

53. അരണ്യയാനേ സുകരേ പിതാ മാം
പ്രയുക്ത രാജ്യേ ബത ദുഷ്കരേ ത്വാം
മാംഗാഃശുചം വീര ഭരം വഹാമു-
മാഭാഷി രാമേണ വചഃ കനീയാൻ

വത്സാ, പിതാവ് എനിക്ക് എളുപ്പമായ ആരണ്യവാസവും നിനക്ക് പ്രയാസമുള്ള രാജ്യഭാരവുമാണ് നിയോഗിച്ചത്. ധീരാ, എന്റെ വനവാസം കൊണ്ടുണ്ടായ ശോകം ഉപേക്ഷിക്കുക. പിതൃദത്തമായ രാജ്യഭാരം വഹിക്കുക. പിതാവിന്റെ ആജ്ഞ അനുസരിക്കുക എന്ന് രാമൻ അനുജനോട് പറഞ്ഞു.

54. . കൃതി ശ്രുതി വൃദ്ധമതേഷു ധീമാം-
സ്ത്വം പൈതൃകം ചേദ്വചനം ന കുര്യാഃ
വിഛിത്യമാനേപി കുലേ പരസ്യ
പുംസഃകഥം സ്യാദിഹ പുത്രകാമ്യാ

ജ്ഞാനവൃദ്ധരായ പിതൃക്കളുടെ അഭിപ്രായം(മതം), ശ്രുതി, കൃതി അവരുടെ വചനം ഇവ നമ്മുടെ പൈതൃകമാണ്. അവരുടെ വാക്ക് അനുസരിക്കാഞ്ഞാൽ നമ്മുടെ മാത്രമല്ല, അന്യരുടേയും കുലത്തിന് നാശം വരും. പുത്രകാമികൾ കുലഛിദ്രം വരുത്തുകയില്ല.

55. അസ്മാകമുക്തം ബഹുമന്യസേ ചേ-
ദ്യദീശിഷേ ത്വം ന മയി സ്ഥിതേ ച
ജിഹ്വേഷ്വധിഷ്ഠന്യദി താതവാക്യേ ജഹീഹി
ശങ്കാം വ്രജ ശാധി പൃഥ്വീം

നീ എന്റെ വാക്യം ബഹുമാനിക്കുന്നു എന്നുണ്ടെങ്കിൽ, (അഛനും ജ്യേഷ്ഠനും സമമെന്നു വരികിൽ)നീ എന്നിൽ സ്ഥിതിചെയ്യുന്നു എന്ന് വരികിൽ, എന്റെ നാവിലിരിക്കുന്ന താതവാക്യം അനുസരിച്ച് ശങ്ക ഇല്ലാതെ അയോദ്ധ്യയിലേക്കു പോയി രാജ്യം ഭരിക്കുക.

56. വൃദ്ധൌരസാം രാജ്യധുരാം പ്രവോഢും
കഥം കനീയാനഹമുത്സഹേയ മാ
മാം പ്രയുക്ഥാഃ കുലകീർത്തിലോപേ പ്രാഹ സ്മ
രാമം ഭരതോപി ധർമ്മ്യം

ജ്യേഷ്ഠനാണ് വൃദ്ധൻ, രാജ്യം ഭരിക്കേണ്ടവൻ. അനുജനായ ഞാനെങ്ങ നെ രാജ്യം ഭരിക്കും എന്ന് വിചാരപ്പെടേണ്ട. കുലകീർത്തിക്ക് ലോപം വരുത്താതിരിക്കാൻ ഞാനും നീയും കടമപ്പെട്ടവരാണ്. രാമനും ഭരത നും ഒരുപോലെ ധർമ്മം പാലിക്കേണ്ടവരാണ്.

57. ഊർജ്ജസ്വലം ഹസ്തിതുരംഗമേദ-
ദമൂനി രത്നാനി ച രാജഭാഞ്ജി രാജന്യഹം

ചൈതദഹം ക്ഷിതീന്ദ്ര- സ്ത്വയിസ്ഥിതേ സ്വാമിതി ശാന്തമേതത്

ഊർജ്ജസ്വലമായ ഹസ്തിതുരഗാദികളുള്ള ചതുരംഗസേനയും ധാരാളം രത്നങ്ങളുള്ള രാജഭണ്ഡാരവും അനേകം രാജന്യ(ക്ഷത്രിയ)രുള്ള സമൂഹവും നിന്റെ അധീനത്തിലാണ്. ഞാനാണ് ക്ഷിതീന്ദ്രനെന്ന അഹംഭാവം കൂടാതെ ശാന്തമായി അവയെ പരിപാലിക്കുക.

58. ഇതി നിഗദിതവന്തം രാഘവസ്തം ജഗാദ
വ്രജ ഭരത ഗൃഹീത്വാ പാദുകേ ത്വം മദീയേ
ച്യുതനിഖിലവിശങ്കഃപൂജ്യമാനോ ജനൌഘൈഃ
സകലഭുവനരാജ്യം കാരയാസ്മന്മതേന

രാമന്റെ ഈ വാക്കുകൾ ഭരതൻ കേട്ടു. ഭരതാ, നീ എന്റെ പാദുകം ഗ്രഹിച്ച് വ്രജത്തിലേക്ക് പോവുക. എല്ലാ ശങ്കയും ഇല്ലാതായി, ജനങ്ങളുടെ പൂജക്ക് പാത്രമായി, എന്റെ മതമനുസരിച്ച് സകലഭുവനവും ഭരിക്കുക.

ഇതി ഭട്ടികാവ്യേ പ്രകീർണ്ണകാണ്ഡേ രാമപ്രവാസോ നാമ തൃതീയഃസർഗ്ഗഃ

ഇതി ശ്രീപദവാക്യപ്രമാണപാരാവാരപാരീണശ്രീമഹോപാദ്ധ്യായ
കോലാചലമല്ലീനാഥസൂരിവിരചിതേ ഭട്ടികാവ്യവ്യാഖ്യാനേ
സർവ്വപഥീനാഖ്യാനേ തൃതീയഃസർഗ്ഗഃ

ചതുർത്ഥസർഗ്ഗം

1. നിവൃത്തേ ഭരതേ ധീമാനത്രേ രാമസ്തപോവനം
പ്രപേദേ പൂജിതസ്തസ്മിൻ ദണ്ഡകാരണ്യമീയിവാൻ

ഭരതന്റെ ഗമനശേഷം ഇനി ജനങ്ങൾ വരരുതെന്ന് നിശ്ചയിച്ച ധീമാനായ രാമൻ അത്രിമഹർഷിയുടെ തപോവനത്തിലേക്ക് പോയി. അവിടെ പൂജിതനായി, ദണ്ഡകാരണ്യത്തിലേക്ക് പ്രവേശിച്ചു.

2. അടാഢ്യമാനോരണ്യാനിം സസീതഃസഹലക്ഷ്മണഃ
ബലാത്ബുഭുക്ഷുണോത്ക്ഷിപ്യ ജഹേ ഭീമേന രക്ഷസാ

ആ മഹാരണ്യത്തിൽ സീതയോടും ലക്ഷ്മണനോടും കൂടി പ്രവേശിച്ച രാമൻ വിശപ്പു സഹിക്കാതെ നടക്കുന്ന ഒരു ഭീമരാക്ഷസനെ കണ്ടു.

3. അവാക്ശിരസമുത്പാദം കൃതാന്തേനാപി ദുർദ്ദമം
ഭംക്ത്വാ ഭുജൌ വിരാധാഖ്യം തം തൌ ഭുവി നിചഖ്നതുഃ

താഴേക്ക് ശിരസ്സും മുകളിലേക്ക് പാദങ്ങളുമായി, യമനുപോലും വധിക്കാനാവാത്ത വിരാധനെന്ന അവനെ കൈകൾ മുറിച്ച് ഭൂമിയിൽ വീഴ്ത്തി.

4. ആംഹിഷാതാം രഘുവ്യാഘ്രൌ ശരഭംഗാശ്രമം തതഃ

അദ്ധ്യാസിതം ശ്രിയാ ബ്രാഹ്യാ ശരണം ശരണൈഷിനാ

അതിന്നുശേഷം രഘുവ്യാഘ്രനായ രാമൻ ശരഭംഗാശ്രമത്തിലെത്തി. വൈദികശ്രീയാൽ പുറത്തു ശോഭിക്കുന്ന ആ സ്ഥലത്ത് ശരണം ആഗ്രഹിക്കുന്നവർക്ക് ശരണം കൊടുക്കുന്ന രാമൻ ചെന്നു.

5. പുരോ രാമസ്യ ജുഹവാഞ്ചകാര ജ്വലനേ വപുഃ
ശരഭംഗഃപ്രദിശ്യാരാത് സുതീഷ്ണമുനികേതനം

രാമന്നു മുമ്പിൽ സ്വശരീരം യോഗാഗ്നിയിലെരിക്കുന്ന ശരഭംഗൻ സുദീഷ്ണാശ്രമത്തലേക്ക് പോകുവാനായി രാമനോടു പറഞ്ഞു.

6. യൂയം സമൈഷ്യഥേത്യസ്മിന്നാസ്ഷ്മഹി വയം വനേ
ദൃഷ്ടാഃസ്ഥ സ്വസ്തി വോ യാമഃ സ്വപുണ്യവിജിതാം ഗതിം

നിങ്ങളെ(മൂന്നുപേരേയും) കണ്ട് ഞങ്ങൾ കൃതാർത്ഥരായി. ഈ വനത്തിൽ നിങ്ങൾക്ക് സ്വസ്തി. ഇവിടെ സ്വപുണ്യജീവിതം കൊണ്ട് നേടിയ പരമഗതി ഞങ്ങൾക്കുണ്ടായിരിക്കുന്നു. (സാക്ഷാൽ വിഷ്ണുദർശനത്താലെന്ന് ഭാഷ്യം)

7. തസ്മിൻകൃശാനുസദ്ഭൂതേ സുതീഷ്ണമുനിസന്നിധൌ
ഉവാസ പർണ്ണശാലായാം ഭ്രമന്നനിശമാശ്രമാൻ

ശരഭംഗമുനി അഗ്നിയിൽ എരിച്ചുകളഞ്ഞ ആശ്രമത്തിനരികേ സുതീഷ്ണമുനിസന്നിധിയിൽ. പർണ്ണശാല കെട്ടി ആശ്രമസംരക്ഷണം ചെയ്യുക

8. വനേഷു വാസതേയേഷു നിർവ്വസൻപർണ്ണസംസ്തരഃ
ശയ്യോത്ഥായം മൃഗാന്വിദ്ധ്യന്നാതിഥേയോ വിചക്രമേ

വാസയോഗ്യമായ ആ വനത്തിൽ ഇലകളെക്കൊണ്ടുള്ള പർണ്ണശാല കെട്ടി പർണ്ണശയ്യയിൽനിന്ന് (രാവിലെ) ഉണർന്ന ശേഷം ഉപദ്രവിക്കാനായി വരുന്ന മൃഗങ്ങളെ ഓടിക്കുക(വധിക്കുക). കുക്ഷി നിറക്കാനായി വരുന്ന അതിഥികളെ അതിഥിസൽക്കാരം ചെയ്യുന്നതിനല്ല.

9. ഋഗ്യജുഷമധീയാനാൻ സാമന്യാഞ്ച സമർച്ചയൻ
ബുഭുജേ ദേവസാത്കൃത്വാ ശൂല്യമുഖ്യം ച ഹോമവാൻ

അപ്രകാരം രാമൻ ശൂലത്തിൽ കുത്തി മരത്തടിയിൽ വേവിച്ച മാംസം ദേവന്മാർക്ക് സമർപ്പിച്ച് (ഭൂതബലി) പർണ്ണശാല കെട്ടി. അവിടെ ഋക്കും യജുസ്സും സാമവും മന്ത്രങ്ങളുച്ചരിച്ച് നിത്യവും അഗ്നിഹോമം ചെയ്ത് വസിച്ചു. ബഭുജേ എന്നതുകൊണ്ട് ഭൂതബലി കഴിഞ്ഞ് ഹോമിച്ച മാംസം രാമൻ പ്രസാദമായി ഭക്ഷിച്ചിരിക്കണമെന്ന് ഭാഷ്യം. ഇത് വാത്മീകിവാക്യത്തിന് വിപരീതമാണ്. (രാമോ വിഗ്രഹവാൻ ധർമ്മ എന്ന ലേഖനം കാണുക).

10. വസാനസ്തന്ത്രകനിഭേ സർവ്വാംഗിണേ തരുത്വചൌ
കാണ്ഡീരഃഖാണ്ഡികഃശാർങ്ഗി രക്ഷൻ വിപ്രാംസ്തനുത്രവാൻ

താന്ത്രികം (തന്ത്രപടം അഥവാ തന്തുവായരാൽ നിർമ്മിതമായ വസ്ത്രം) എന്ന വസ്ത്രത്തിനു സമാനമായി സർവ്വാംഗവും വൽക്കലം കൊണ്ട് ആഛാദനം ചെയ്ത്, കാണ്ഡീരവും (അസ്ത്രം) ശാർങവും (ധനുസ്സ്) ഏന്തിയ രാമൻ വിപ്രന്മാരുടെ ദേഹരക്ഷ ചെയ്തു.

11. ഹിത്വാശിതംഗവീനാനി ഫലൈരൈഷ്വാശിതംഭവം
തേഷ്വസൌ ദന്തശൂകാരിവനേഷ്വാനഭ്ര നിർമ്മയഃ

ഹിതഭക്ഷണം മിതഭക്ഷണം മാത്രം ഭക്ഷിച്ച് , ഫലമൂലാദികളാൽ സംതൃപ്തനായി, ദന്തശൂകരെ (രാക്ഷസരെ) വനത്തിൽനിന്ന് അകറ്റി , കാട്ടിൽ ആകാശസഞ്ചാരിയെപ്പോലെ നിർബ്ബാധം സഞ്ചരിച്ചു.

12. വ്രാതിനവ്യാലദീപ്താസ്ത്രഃ സുത്വനഃ പരിപൂജയൻ
പർഷദ്വലാൻ മഹാബ്രഹ്മൈരാട നൈകടികാശ്രമാൻ

വ്യാളത്തിന്റെ ആകുതിയുള്ള അസ്ത്രം ധരിച്ച വ്രാത്യന്മാരും സുതനുക്കളും മഹാബ്രാഹ്മണരും അദ്ദേഹത്തെ പൂജിച്ചു. അടുത്തുള്ള ആശ്രമത്തിൽ വസിക്കുന്നവരും വന്നുചേർന്നു. നാനാജാതീയരും അനിയതവൃത്തരും വ്രതമില്ലാതെ ജീവിക്കുന്നവരുമാണ് വ്രാത്യർ. സുനബതി സോമാമിതി സുത്വാനഃ സോമസുതഃ സോമയാജിനഃ എന്ന് സുത്വന പദത്തിന് അർത്ഥം. മഹാന്തോ ബ്രഹ്മണോ മഹാബ്രഹ്മഃമഹാബ്രാഹ്മണാഃ ബ്രാഹ്മണോത്തമാഃ പരിതഃ സീദന്തീതി പരിഷത് സഭാഃ ഇപ്രകാരം പർഷൈ ത്രൈവിധ്യമാന എന്ന് ഭാഷ്യം. വ്രാത്യപരിഷത്ത്, സോമയാജിപരിഷത്ത്, മഹാബ്രാഹ്മണ രുടെ പരിഷത്ത്. പർഷദ്വലാൻ എന്നേ കവി പറയുന്നുള്ളു. വ്രാത്യരെ ഒഴിവാക്കിയത് അവർക്ക് പരിഷത്തുകളില്ലാത്തതിനാലാവാം.

13. പരേധവ്യധ പൂർവ്വേധുരന്യേധുശ്ചാപി ചിന്തയൻ
വൃദ്ധിക്ഷയൌ മുനീന്ദ്രാണാം പ്രിയംഭാവുകമാഗതാത്

പകലിന്റെ പരിധിയിലും മുനീന്ദ്രന്മാരുടെ വൃദ്ധിക്ഷയങ്ങളും അവരുടെ യോഗക്ഷേമോപായങ്ങളും ചിന്തിച്ച് മനനംചെയ്ത് പ്രിയത്തിനും ഭാവുക ത്തിനുമായി പ്രവർത്തിക്കുന്ന രാമൻ അവരുടെയെല്ലാം ഏറ്റവും പ്രിയങ്ക രനായിത്തീർന്നു.

14. ആതിഷ്ഠദ്ഗു ജപൻസന്ധ്യാം പ്രക്രാന്താമഗതീഗവം
പ്രാതസ്തരാം പതത്രിഭ്യഃ പ്രബുദ്ധഃ പ്രണമൻ രവിം

പശുക്കൾ വീടണയുന്ന സായംസന്ധ്യയിൽ സാവിത്രീജപവും പക്ഷികൾ പ്രബുദ്ധരായി ഉണർന്ന് പ്രഭാതത്തെ എതിരേൽക്കുന്ന പ്രഭാതസന്ധ്യയിൽ ഗായത്രീജപവും ചെയ്ത് സൂര്യനെ പ്രണമിച്ചു.

15. ദദൃശേ പർണ്ണശാലായാം രാക്ഷസ്യാഭികയാഥ സഃ
ഭാര്യോഢം തമവജ്ഞായ തന്ഥേ സൌമിത്രയേസകൌ

പർണ്ണശാലയിൽ ഭാര്യയോടുകൂടി ഇരിക്കുന്ന രാമനെ രാക്ഷസി കണ്ടു (ശൂർപ്പണഖ). അടുത്ത് ഏകനായിരിക്കുന്ന ലക്ഷ്മണനേയും അവജ്ഞ യോടെ വീക്ഷിച്ചു.

16. ദധാനാ വലിഭം മദ്ധ്യം കർണ്ണജാഹവിലോചനാ
വാക്ത്വചേനാദിസർവ്വേണ ചന്ദ്രലേഖേവ പക്ഷതൌ

മദ്ധ്യഭാഗത്ത് സൌന്ദര്യലക്ഷണമായ ത്രിവലികളുള്ളവളും ചെവിവരെ നീണ്ട വിലോചനങ്ങളുള്ളവളും വാക്കും ത്വക്കും സർവ്വാംഗവും സൌന്ദ ര്യം തികഞ്ഞ് പക്ഷമൂലത്തിലെ ചന്ദ്രലേഖയെപ്പോലെ ശോഭിക്കുന്നവളും എന്ന് ശൂർപ്പണഖാവർണ്ണനം.

17. സുപാദ ദ്വിരദനാസോരുമൃദുപാണിതലാംഗുലീഃ
പ്രഥിമാനം ദധാനേന ജഘനേന ഘനേന സാ

ശോഭനമായ പാദങ്ങൾ, ദ്വിരദനാസാ (രണ്ടു പല്ലു പുറത്തുകാണുന്ന മൂക്ക്- ആനയുടേതുപോലെ,അഥവാ ഹ്രിംസമൃഗസദൃശം) നാസോരു എന്ന് രൂപം എന്ന അർത്ഥത്തിലും തുട എന്ന അർത്ഥത്തിലും ഊരുപദം ഉപയോഗിക്കു ന്നു. മൃദുലമായ പാണിതലവും വിരലുകളും, പൃഥുലമായ ഘനനിബിഢ മായ നിതംബം ഇപ്രകാരമുള്ള രാക്ഷസിയുടെ രൂപവർണ്ണന.

18. ഉന്നസം ദധതി വക്ത്രം ശുദ്ധദല്ലോലകുണ്ഡലം
കുർവ്വാണാ പശ്യതഃശംയൂൻ സ്രഗ്വിണി സുഹസാനനാ

ഉയർന്ന മൂക്കും മുഖവും ,ശുദ്ധവും ശുഭ്രവുമായ ലോലകുണ്ഡലം, സ്രഗ് അഥവാ മാലകൾ ധരിച്ചവൾ, ചിരിക്കുന്ന മുഖത്തോടുകൂടിയവൾ ആനന്ദ വതിയായവൾ .

19. പ്രാപ്യ ചഞ്ചൂര്യമാനാസൌ പ്രതീയന്തി രഘൂത്തമം
അനുകാ പ്രാർത്ഥയാഞ്ചക്രേ പ്രിയാകർത്തും പ്രിയംവദാ

രഘൂത്തമനെ പതിയായി ലഭിക്കണമെന്ന് ആഗ്രഹിച്ച് ആ അനുക(കാമിനി) അവിടേക്ക് ചെന്നു. പ്രിയംവദയായി പ്രിയം ചെയ്യാനായി പ്രാർത്ഥിച്ചു.

20. സൌമിത്രേ മാമുപായംസ്ഥാഃകമ്രാമിച്ഛുർവശംവദാം
സ്വഭോഗിനാം സഹചരീമശങ്കഛപുരുഷായുഷം

സൌമിത്രേ, കമ്രയും വശംവദയും സ്വഭോഗികൾക്ക് സഹചരിയുമായ എന്നെ ശങ്കകൂടാതെ സ്വീകരിക്കുക. പുരുഷായുസ്സു മുഴുവനും നിനക്ക് സഹചരിയായിരിക്കണമെന്ന് ഞാൻ ഇച്ഛിക്കുന്നു

21. താമുവാച സ ഗൌഷ്ഠീനേ വനേ സ്ത്രീപുംസഭീഷണേ
അസൂര്യപശ്യരൂപാ ത്വം കിമഭീരുരരാര്യസേ

ലക്ഷ്മണൻ പറഞ്ഞുഃ- സ്ത്രീപുരുഷന്മാർക്കെല്ലാം ഭയങ്കരമായിത്തോന്നുന്ന തും സൂര്യനുപോലും പ്രവേശിക്കാനാവാത്തതുമായ ഈ വനത്തിലെ ഗൌ ഷ്ഠീനത്തിലേക്ക് ഭയമില്ലാതെ നീ എങ്ങനെ പ്രവേശിച്ചു.

22. മാനുഷാനഭിലഷ്യന്തി രോചിഷ്ണുർദിവ്യധർമ്മിണി
ത്വമപ്സരായമാണേഹ സ്വതന്ത്രാ കഥമഞ്ജസി

ദിവ്യദേവതമാരുടെ രൂപധർമ്മാദികളുള്ള അപസരയെപ്പോലെയുള്ള ഭവതി സ്വതന്ത്രയായി, ഏകയായി മനുഷ്യരെല്ലാം അഭിലഷിക്കുന്ന വിധം ഈ കാട്ടിലെങ്ങനെ സഞ്ചരിക്കുന്നു.

23. ഉഗ്രംപശ്യാകുലേരണ്യേ ശാലീനത്വവിവർജ്ജിതാ
കാമുകപ്രാർത്ഥനാപടു പതിവത്നി കഥം ന വാ

ഉഗ്രവും ആകുലവുമായ വനത്തിൽ ശാലീനത്വം വെടിഞ്ഞ്, കാമുകപ്രാർത്ഥനയിൽ പാടവത്തോടെ നടക്കുന്ന നിനക്ക് പതിയായി ഇരിക്കുന്നത് എപ്രകാരം

24. രാഘവം പർണ്ണശാലായാമിഛാനുരഹസം പതിം
യഃസ്വാമി മമ കാന്താവാനൌപകർണ്ണികലോചനഃ

പതിയെ വരിക്കണമെങ്കിൽ രാഘവനെ വരിച്ച് പർണ്ണശാലയിൽ രഹസ്യമായി ജീവിക്കുക. ഭാര്യാസമേതനും ചെവിവരെ നീണ്ട മനോഹരനേത്രങ്ങളുള്ളവനുമായ അദ്ദേഹം എന്റെ സ്വാമിയാണ്.

25. വപുശ്ചാന്ദനികം യസ്യ കാർണ്ണവേഷ്ടനികം മുഖം
സംഗ്രാമേ സർവ്വകർമ്മാണൌ പാണി യസ്യൌപജാനകൌ

അദ്ദേഹത്തിന്റെ ശരീരം ചന്ദനം പോലെയാണ്.(ചന്ദനമരം).കർണ്ണവേഷ്ടനങ്ങളാൽ (കുണ്ഡലം) മുഖം അലംകൃതമാണ്. സംഗ്രാമത്തിൽ(യുദ്ധം) ധനുരാകർഷണാദി സർവ്വകർമ്മത്തിലും പാണി സദാ വ്യാപൃതമാണ്. ഉപജാനുക്കളും ആജീനുലംബിതങ്ങളാണ്. സർവ്വകർമ്മക്ഷമങ്ങളാണ്.

26. ബദ്ധോ ദുർബ്ബലരക്ഷാർത്ഥമസിര്യേനൌപനീവികഃ
യശ്ചാപമാശ്മനപ്രഖ്യം സേഷും ധത്തേന്യദുർവ്വഹം

ദുർബ്ബലന്മാരുടെ രക്ഷക്കായി അദ്ദേഹത്തിന്റെ വാളും ഉപനീവികവും ബദ്ധമാണ്. ശിലപോലെയുള്ളതെന്ന് പ്രസിദ്ധവും മറ്റൊരാൾക്കും എടുത്തു പൊന്തിക്കാനാവാത്തതുമായ ചാപം ധരിക്കുന്ന ധനുർദ്ധാരിയാണ്.

27. ജേതാ യജ്ഞദ്രുഹാം സംഖ്യേ ധർമ്മസന്താനസൂർവ്വനേ
പ്രാപ്യ ദാരഗവാണാം യം മുനീനാമഭയം സദാ

യജ്ഞം നശിപ്പിക്കുന്നവരെ ജയിക്കുന്നവനും (രാക്ഷസരെ) ധർമ്മപരമ്പരയെ നിരന്തരം സംരക്ഷിക്കുന്നവനും മുനിമാർക്ക് സദാ അഭയം കൊടുക്കുന്നവനുമായ അവനെ പ്രാപിച്ച് അഭ്യർത്ഥിക്കുക. ദാരാംശ്ച ഗാവോ ഹോമധേനവശ്ച ദാരഗവം എന്ന് ഭാഷ്യം. ദാരം എന്നാൽ പത്നിയുമാണ്.

28. തതോ വാവൃത്യമാനാസൌ രാമശാലാം ന്യവിക്ഷത
മാമുപേയംസ്ത രാമേതി വദന്തി സാദരം വചഃ

ലക്ഷ്മണവാക്യം കേട്ട് രാമാശ്രമത്തിലേക്ക് ചെന്ന അവൾ രാമാ എന്നെ പരിഗ്രഹിക്കുക എന്ന് സാദരം പറഞ്ഞു

29. അസ്ത്രീകോസാവകം സ്ത്രീമാൻ സ പുഷ്യതിതരാം തവ
പതിരിത്യബ്രവീദ്രാമസ്തമേഷ വ്രജ മാമുചഃ

ഞാൻ സ്ത്രീയോടുകൂടിയവനാണ്, ഭാര്യാസമേതനാണ്. അവൻ സ്ത്രീസമേതനല്ല. എന്നെ വിട്ടേക്കു. ലക്ഷ്മണനെ വരിക്കുക എന്ന് രാമൻ പറഞ്ഞു.

30. ലക്ഷ്മണം സാ വൃഷസ്യന്ദി മഹോക്ഷം ഗൌരിവാഗമം
മന്മഥായുധസമ്പാതവ്യഥ്യമാനമതിഃപുനഃ

ഇതുകേട്ട രാക്ഷസി രേതസ്സു ചിന്തുന്ന മഹാഋഷഭവുമായി സംഗമം കൊതിക്കുന്ന പശുവിനെപ്പോലെ മന്മഥായുധം പതിച്ച മഹാവ്യഥയോടുകൂടി വീണ്ടും ലക്ഷ്മണനെ സമീപിച്ചു.

31. തസ്യാഃ സാസധ്യമാനായാ ലോലൂയാവാത്രഘൂത്തമഃ
അസിം കൌക്ഷേയമുദ്യമ്യ ചകാരാപനസം മുഖം

രഘൂത്തമനായ ലക്ഷ്മണൻ കൌക്ഷേയമെന്ന ലോഹനിർമ്മിതമായ വാളെടുത്ത് മുഖത്തെ അപനസം (നാസികയില്ലാത്തത്) ആക്കി.

32. അഹം ശൂർപ്പണഖാം നാമ്നാ നൂനം നാജ്ഞായിഷി ത്വയാ
ദണ്ഡോയം ക്ഷേത്രിയോ യേന മയ്യപാതീതി സാബ്രവീത്

ഞാൻ ശൂർപ്പണഖാനാമമുള്ളവളാണ്. നിന്നാൽ ശൂർപ്പണഖമുഖിയായവളെന്ന് അറിയപ്പെടുകയില്ല. ഞാൻ പരക്ഷേത്രത്തിലെ ക്ഷേത്രീയന്മാരാൽ ദണ്ഡിക്കപ്പെടുകയില്ല. മൂക്കില്ലാതെയും ഞാൻ ദണ്ഡിക്കുന്നവളാണ്. ഉയർത്തിപ്പിടിച്ച ശിരസ്സോടെ ഇപ്രകാരം അവൾ അഹങ്കരിച്ച് പറഞ്ഞു.

33. പത്ഥ്യശാപ്സീദ് ദിവിഷ്ഠാസൌ സന്ദർശ്യ ഭയദം വപുഃ
അപിസ്ഫവഞ്ച ബന്ധൂനാം നിനംക്ഷുർവിക്രമം മുഹുഃ

അവൾ ആകാശം തൊടുന്ന ഭയങ്കരരൂപം ധരിച്ചു.സ്വന്തരൂപം പ്രദർശിപ്പിച്ച് ആക്രോശിച്ചു. തന്റെ ബന്ധുക്കളായ ഖരദൂഷണാദികളോട് വിക്രമം വർദ്ധിപ്പിക്കും വിധം പറയാനായി നിമിഷനേരം കൊണ്ട് പോയി.

34. ഖരദൂഷണയോർഭ്രാത്രോഃ പര്യദേവിഷ്ട സാ പുരഃ
വിജിഗ്രാഹയിഷൂ രാമം ദണ്ഡകാരണ്യവാസിനോഃ

ഖരദൂഷണന്മാരെന്ന ഭ്രാതാക്കളുടെ മുമ്പിലെത്തി. ദണ്ഡകാരണ്യവാസിയായ രാമനോട് വിദ്വേഷം തോന്നിപ്പിക്കാനായി പരിദേവനം (വിലാപം) ചെയ്തു.

35. കൃതേ സ്വഭാഗിനേയസ്യ ഭരതസ്യ വിവാസിതൌ
പിത്രാ ദൌർഭാഗിനേയൌ യൌ പശ്യതം ചേഷ്ടിതം തയോഃ

സുഭഗയുടെ പുത്രനായ (സൌഭാഗ്യനേയ) ഭരതനാൽ നാട്ടിൽനിന്ന് ആട്ടിയോടിക്കപ്പെട്ടവരും പിതാവിന് ദൌർഭാഗ്യം വരുത്തിയവരുമായ അവരെ (രണ്ടുപേരെ) ഞാൻ കണ്ടു. അവരുടെ ചേഷ്ടിതം കണ്ടില്ലേ. ആകസ്മികമായി രാജ്യലാഭം വന്നതിനെയാവാം ഭരതൻ സൌഭാഗ്യവതിയുടെ പുത്രനെന്നു പറഞ്ഞതിനു കാരണം. പിതാവ് നാട്ടിൽനിന്ന് ഓടിച്ചത് ദുശ്ചേഷ്ടിതത്താലാണെന്ന് വ്യംഗ്യം. തന്റെ കാര്യത്തിൽ അവർ ചെയ്ത ദുശ്ചേഷ്ടിതം കണ്ടില്ലേ എന്ന് ചോദിക്കുന്നു.

36. മമ രാവണനാഥായ ഭഗിന്യാ യുവയോഃപുനഃ
അയം താപസകാജ് ധ്വംസഃ ക്ഷമധ്വം യദി വഃ ക്ഷമം

രാവണനാഥന്റെ ഭഗിനിയും യുവതിയുമായ എന്നെ ആ താപസകന്മാർ ധ്വംസിച്ച് വിരൂപയാക്കിയിരിക്കുന്നു. നിങ്ങൾ ക്ഷമാഗുണം ഉപേക്ഷിക്കുക. ഇവിടെ ഈ അപമാനത്തിൽ ക്ഷമക്ക് സ്ഥാനമില്ല.

37. അസംസ്കൃതിമസംഖ്യാനാവനുത്രിമഫലാശിനൌ
അഭൃത്രിമപരിവാരൌ പര്യഭൂതാം തഥാപി മാം

സംസ്കൃതമാക്കാത്ത വൽക്കലം വസ്ത്രമായി ഉടുത്തവരും പാകം വരാത്ത പഴം ഭക്ഷിക്കുന്നവരും ഭൃത്യരോ പരിവാരങ്ങളോ ഇല്ലാത്തവരും (ഭരണത്തിൽ നിന്ന് നിഷ്കാസിതരാകയാലാണ് ഭൃത്യപരിവാരങ്ങളില്ലാത്തതെന്ന് സൂചിതം) ആയ അവർ എന്നിട്ടും (ഇങ്ങനെയെല്ലാം ആയിരുന്നിട്ടും) എന്നെ ഇപ്രകാരം വിരൂപിയാക്കി.

38. ശ്വഃശ്രേയസമവാപ്താസി ഭ്രാതൃഭ്യാം പ്രത്യഭാണി സാ
പ്രാണിവസ്തവ മാനാർത്ഥം വ്രജാശ്വാസിഹി മാ രുദഃ

വത്സേ കരയരുത്. സ്വന്തം ശ്രേയസ്സുതന്നെയാണ് ഭ്രാതാക്കന്മാരുടെ ശ്രേയസ്സ്. ഓരോ പ്രാണിക്കും പ്രാണനാണ് വലുത്,ശ്രേയസ്സ്. നിന്റെ മാനത്തിനായി ഞങ്ങളെ വ്രജത്തിലേക്ക് (അവരിരിക്കുന്ന സ്ഥലത്തേക്ക്) നയിക്കുക.

39. ജക്ഷിമോനപരാധേപി നരാന്നക്തന്ദിവം വയം
കുതസ്ത്യം ഭീരു യത്തേഭ്യോ ദുഹ്യദ്ഭ്യോപി ക്ഷമാമഹേ

ഹേ,ഭീരു, അപരാധമൊന്നും ചെയ്തില്ലെങ്കിലും നമ്മൾ രാക്ഷസന്മാർ, രാത്രിയും പകലും മനുഷ്യരെ ഭക്ഷിക്കുന്നവരാണ്. അപ്രകാരമിരിക്കെ സഹോദരിയോട് അപരാധകൃത്യം ചെയ്തവരോട് ഞങ്ങളെന്തിന് ക്ഷമിക്കണം.

40. തൌ ചതുർദ്ദശസാഹസ്രബലൌ നിര്യയതുസ്തതഃ
പാരശ്വാധികധാനുഷ്കശാക്തികപ്രാസിതാന്വിതൌ

അവർ 14000 സൈന്യത്തെ അതിന്നായി നിയോഗിച്ചു. അവരെല്ലാവരും പരശു, ധനുസ്സ്, ശക്തി, കുന്തം (പ്രാസികം) മുതലായ പ്രഹരണായുധങ്ങൾ ധരിച്ചവരായിരുന്നു.

41. അഥ സംപതതോ ഭീമാൻ വിശിഖൈ രാമലക്ഷ്മണൌ
ബഹുമൂർദ്ധ്നോ ദ്വിമൂർദ്ധാംശ്ച ത്രിമൂർദ്ധാംശ്ചാഹതേ മൃധേ

സംപദത്തിൽ രാമലക്ഷ്മണന്മാരുടെ ഭയങ്കരങ്ങളായ വിശിഖങ്ങളാൽ ബഹുമൂർദ്ധാക്കളും ദ്വിശിരസ്സുകളും ത്രിശിരസ്സുകളും രണാങ്കണത്തിൽ വീണു.

42. തൈ്രർവ്യക്ണാരുഗ്ണസംഭുഘ്നക്ഷുണ്ണഭിന്നവിഭിന്നകൈഃ
നിമഗ്നോദ്വിഗ്നസംഹ്രീണൈഃ പപ്രേ ദീനശ്ച മേദിനി

തീക്ഷ്ണവും പ്രഹാരവേഗതയാൽ വേദനകൊണ്ട് പുളയുന്നതും പൊടിപൊടിയായി ഭിന്നിപ്പിക്കുന്നതും കുത്സിതമായി വിഭിന്നമാക്കുന്നതും ഭൂമിയിൽ നിമഗ്നമാക്കുന്നതും ഭീതി ഉണ്ടാക്കുന്നതും ഹ്രീ (ലജ്ജ) ജനിപ്പിക്കുന്നതും സൈന്യബലത്തെ ദീനമാക്കുന്നതുമായ അസ്ത്രങ്ങളാൽ പ്രഹരിക്കപ്പെട്ട രാക്ഷസന്മാരാൽ മേദിനി (ഭൂമി) മൂടി.

43. കേചിദ്വേപഥുമാസേദുരന്യേ ദവഥുമുത്തമം
സരക്തം വമഥും കേചിദ് ഭ്രാജഥും ന ച കേചന

ചിലർ വേപഥുപൂണ്ടും ചിലർ ഉത്തമമായ മഹാന്തം (മരണം) വരിച്ചും ആസകലം രക്തം വമിച്ചും ഭൂമിയാകെ ദീപ്തമായി (ഭ്രാജഥും).

44. മൃഗയുമിവ മൃഗോഥ ദക്ഷിണേർമ്മാ
ദിശമിവ ദാഹവതീം മരാവുദന്യൻ
രഘുതനയമുപായയൌ ത്രിമൂർദ്ധാ
വിഷഭൃദിവോഗ്രമുഖം പതത്രിരാജം

ദിശകളെല്ലാം ദഹിക്കുന്ന മരുപ്രദേശത്ത് , വേട്ടയിൽ ദക്ഷിണാംഗത്തിൽ മുറിവേറ്റ വ്യാധനെപ്പോലെ, (മൃഗായു വ്യാധൻ) വിഷം വമിക്കുന്നതും ഗരുഡന്റെ ഉഗ്രമുഖമുള്ളതും ആയ ത്രിശിഖകളുള്ള അസ്ത്രം പ്രയോഗിച്ചു. ത്രിശിരസ്സെന്ന രാക്ഷസന്റെ നേർക്ക് ത്രിശിഖയുള്ള അസ്ത്രം .

45. ശിതവിശിഖനികൃത്തകൃത്സ്നവക്ത്രഃ
ക്ഷിതിഭൃദിവ ക്ഷിതികമ്പകീർണ്ണശൃംഗഃ
ഭയമുപനിദധേ സ രാക്ഷസാനാ-
മഖിലകുലക്ഷയപൂർവ്വലിംഗതുല്യഃ

ഭൂകമ്പവും ഉൽപ്പാതവും കൊണ്ട് ഇടിഞ്ഞ് താഴെവീണ ശൃംഗങ്ങളോടുകൂടിയ പർവ്വതം പോലെ(ക്ഷിതിഭൃത്ത്) മൂർച്ചയേറിയ വിശിഖങ്ങളാൽ ഛേദിക്കപ്പെട്ട ശിരസ്സുകളോടെ രാക്ഷസൻ നിന്നു. അതുകണ്ട് മറ്റു രാക്ഷസന്മാരിൽ അഖിലരാക്ഷസകുലത്തിനും ക്ഷയം വരുന്നതിനുള്ള ലക്ഷണം പോലെ തോന്നി ഭയമുളവായി. ഇതി ഭട്ടികാവ്യേ പ്രകീർണ്ണകാണ്ഡേ ചതുർത്ഥഃസർഗ്ഗഃഇതി ശ്രീപദവാക്യപ്രമാണപാരാവാരപാരീണശ്രീമഹോപാദ്ധ്യായകോലാചലമല്ലാനാഥസൂരിവിരചിതേ ഭട്ടികാവ്യവ്യാഖ്യാനേ ചതുർത്ഥഃ സർഗ്ഗഃ

പഞ്ചമസർഗ്ഗം

1. നിരാകരിഷ്ണൂ വർത്തിഷ്ണൂ വർദ്ധിഷ്ണൂ പരിതോ രണം
ഉത്പത്തിഷ്ണൂ സഹിഷ്ണൂ ച ചേരതുഃഖരദൂഷണൌ

പ്രതിപക്ഷനിരാകരണശീലരും രണോത്സാഹം വർദ്ധിച്ചവരും അതിപ്രഹരത്തിൽ സ്ഥായിയായി വർത്തിക്കുന്നവരും ഉത്പതിഷ്ണുക്കളും പ്രഹരങ്ങൾ സഹിക്കുന്നവരും ആയ ഖരദൂഷണർ രണഭൂമിയിൽ സർവ്വത്ര ചരിച്ചു. ഇവിടെ ഉപയോഗിച്ച വാക്ക് ചേരതു എന്നാണ്. ചേരതു ബഭ്രമതു എന്ന് ഭ്രമണം ചെയ്ത് ചലിക്കുക എന്ന് അർത്ഥം ഭാഷ്യം പറയുന്നു. ചരേതി ചരിക്കുന്നവരെന്നാണ് ചേരശബ്ദത്തിന് അർത്ഥം. നാരായണീയത്തിലും ഇക്കാര്യം ഞാൻ ചൂണ്ടിക്കാട്ടിയിരുന്നു. ഇതേ അർത്ഥത്തിലാണ് മേൽപ്പത്തൂരും ഈ പദം ഉപയോഗിക്കുന്നത്.

2. തൌ ഖഡ്ഗമുശലപ്രാസചക്രബാണഗദാധരൌ
അകാഷ്ടാർമ്മായുധഛായാം രജഃസന്തപസേ രണേ

അവർ സ്വാംഗങ്ങളിൽ ഖഡ്ഗം,മുസലം, പ്രാസം, ചക്രം,ബാണം,ഗദ മുതലായവ ധരിച്ച് ആയുധഛായയിൽ തമസ്സിനെ രജസ്സിൽ ഒളിപ്പിച്ച് രണാങ്കണത്തിൽ വന്നു.

3. അഥ തീക്ഷ്ണായസൈർബാണൈരധിമർമ്മ രഘൂത്തമൌ
വ്യാധം വ്യാധമമൂഢൌ തൌ യമസാച്ചക്രതുർദ്വിഷൌ

പിന്നീട്, തീക്ഷ്ണങ്ങളായ ലോഹബാണങ്ങളെക്കൊണ്ട് രാമലക്ഷ്മണന്മാർ ദ്വേഷികളായ ഖരദൂഷണന്മാരെ വ്യാധന്മാരെപ്പോലെ മർമ്മത്തിൽ പ്രഹരിച്ച് കാലപുരിക്ക് അയച്ചു.

4. ഹതബന്ധുർജ്ജഗാമാസൌ തതഃശൂർപ്പണഖാ വനാത്
പാരേസമുദ്രം ലങ്കായാം വസന്തം രാവണം ഗതിം

ബന്ധുജനങ്ങളെല്ലാം ഹതരായതു കണ്ട് ശൂർപ്പണഖ വനത്തിനും സമുദ്രത്തിനും മദ്ധേയുള്ള (ജനസ്ഥാനത്തിലെ വനത്തിനും സമുദ്രത്തിനും മദ്ധ്യത്തിലുള്ള)ലങ്കയിൽ വസിക്കുന്ന രാവണനെ ശരണം പ്രാപിച്ചു.

5. സംപ്രാപ്യ രാക്ഷസസഭം ചക്രന്ദ ക്രോധവിഹ്വലാ
നാമഗ്രാഹമരോദീത്സാ ഭ്രാതരൌ രാവണാന്തികേ

ക്രോധവിഹ്വലയായ ശൂർപ്പണഖ രാക്ഷസസഭയിലെത്തി. അവൾ ഭ്രാതാക്കന്മാരുടെ പേരു പറഞ്ഞ് ആക്രന്ദനം ചെയ്തുകൊണ്ട് രാവണസവിധത്തിലെത്തി.

6. ദണ്ഡകാനദ്ധ്യവാതാം യൌ വീരഃ രക്ഷഃപ്രകാണ്ഡകൌ
നൃഭ്യാം സംഖ്യേകൃഷാതാം തൌ സഭ്യത്യൌ ഭൂമിവർദ്ധനൌ

ദണ്ഡകവനത്തെ തൂണുകളെപ്പോലെ സംരക്ഷിച്ചിരുന്ന പ്രശസ്തരായ വീര ന്മാർ (ഖരദൂഷണർ) സൈന്യസമേതം (ഭൃത്യരോടുകൂടി) നൃപകുമാരന്മാരാൽ വധിക്കപ്പെട്ടിരിക്കുന്നു.

7. വിഗ്രഹസ്തവ ശക്രേണ ബൃഹസ്പതിപുരോധസാ
സാർദ്ധം കുമാരസേനാന്യാ ശൂന്യശ്ചാസീതി കോ നയഃ

ബൃഹസ്പതി പുരോഹിതനും സേനാപതി കുമാരനുമായ ശക്രനെപ്പോലും വിഗ്രഹിച്ച അങ്ങ് (തോൽപ്പിച്ച) ഇപ്രകാരം ഒന്നും ചെയ്യാതിരിക്കുന്നത് എന്തു ന്യായമാണ്.

8. യദ്യഹം നാഥ നായാസ്യം വിനസാ ഹതബാന്ധവാ
നാജ്ഞാസ്യത്വമിദം സർവ്വം പ്രമാധ്യംശ്ചാരദുർബ്ബലഃ

നാഥാ, നാസികയില്ലാതെ, ബന്ധുക്കളെല്ലാം കൊല്ലപ്പെട്ട് അനാഥയായി, പ്രമത്തയെപ്പോലെ ഞാൻ വന്നിരിക്കുന്നു. ദുർബ്ബലരായ നിന്റെ ചാരന്മാർ ഇതൊന്നുമറിഞ്ഞിട്ടില്ല. (അത് ഗർവ്വമുള്ള രാവണന് ഭാവിയിൽ അനർത്ഥ മാണെന്ന് സൂചന)

9. കരിഷ്യമാണം വിജ്ഞേയം കാര്യം കിം നു കൃതം പരൈഃ
അപകാരേ കൃതേപ്യജ്ഞോ വിജിഗീഷുർന വാ ഭവാൻ

ശത്രുക്കളോട് ചെയ്യേണ്ട കാര്യം എന്താണെന്ന് അറിഞ്ഞിരിക്കേണ്ടത് വിജിഗീഷുക്കൾക്ക് അവിടുന്ന് ശത്രു ചെയ്ത അപരാധം അറിയാതെയി രിക്കുന്നു. പിന്നെ എങ്ങനെ പ്രതികാരം ചെയ്ത് വിജിഗീഷുവാവും.

10. വ്യതസ്ത്വം പാത്രേസമ്മിതൈഃഖട്വാരൂഢപ്രമാദവാൻ
പാനശൌണ്ഡഃ ശ്രിയം നേതാ നാത്യന്തീനത്വമുന്മനാഃ

അങ്ങ് ഭോജനപാത്രത്തിൽ മാത്രം താൽപര്യപ്പെട്ടും പരതൽപത്തിൽ ആരൂഢനായും പ്രമാദിയായി ,ലഹരിപാനം കൊണ്ട് ഉന്മത്തനായും വിഷയസുഖത്തിലേക്ക് മാത്രം ഉന്മനനായും (ഉത്സാഹചിത്തൻ) ശ്രീ (ലക്ഷ്മി) അന്യാധീനമായിപ്പോകും.

11. അദ്ധ്വരേഷ്വഗ്നിചിദ്വസ്തു സോമസുത്വത ആശ്രമാൻ
അത്തും മഹേന്ദ്രിയം ഭഗമൈതി ദുശ്ച്യവനോധുനാ

യജ്ഞത്തിൽ അഗ്നിചിത്തുക്കളായ (അഗ്നിചയനം) സോമസുതർ (സോമപു ത്രർ,സോമയാജികൾ) മഹേന്ദ്രാദിദേവതകൾക്ക് സമർപ്പിച്ച സോമഭാഗം ഭ ക്ഷിക്കാനായി ഉടനേ ആശ്രമത്തിലെത്തും. ച്യവനപദത്തിന് മല്ലിനാഥൻ ദുഷ്ടം ച്യവതേ പരദാരേഷു രേതശ്ചോതതേ ദുഃഖേന ച്യവതേ രണാദിതി വാ ദുശ്ച്യവനഃ ദിവസ്പതിഃ എന്നാണ് അർത്ഥം പറയുന്നത്. ഈ പദം മഹാകാവ്യങ്ങളിൽ ഉപയോഗിക്കാൻ പാടില്ലെന്നും പറയുന്നു.

12. ആമിക്ഷീയം ദധിക്ഷീരം പുരോഢാശം തഥൌഷധം
ഹവിർഹൈയംഗവീനം ച നാപ്യുപഘ്നന്തി രാക്ഷസാഃ

ആമിക്ഷീയം, ദധിക്ഷീരം, പുരോഡാശം, ഔഷധം , ഹവിസ്സ്, ഘൃതം ഇവ യൊന്നും രാക്ഷസന്മാർ ഭക്ഷിക്കാറില്ല. ആമിക്ഷീയം തിളപ്പിച്ച വെള്ളത്തിൽ പാകം ചെയ്തത്. ദധിക്ഷീരം ദധിയും പാലും. വിഭാഷ വൃക്ഷമൃഗതൃണാ -വ്യഞ്ജനമില്ലാതെ വേവിക്കാതെ പച്ചയായി ഭക്ഷിക്കുന്നവരാണ് എന്ന് സാരം. ആമിക്ഷീയത്തേയും പുരോഡാശത്തേയും ഹവിസ്സെന്ന് പറയുന്നു. ഹവിസ്സും അപൂപവും എന്ന് വിഭാഷ. ഔഷധി വ്രീഹിയവാദികളാണ്. ഹൈയംഗവീനം നെയ്യ്. നോപഘ്നന്തി എന്നാൽ ആഗ്രഹിക്കാറില്ല.

13. യുവധാനിദ്ധനുഷ്പാണിർഭൂമിഷ്ഠഃ ഖവിചാരിണഃ
രാമോ യജ്ഞദ്രുഹോ ഹന്തി കാലകൽപ്പശിലീമുഖഃ

യുവതിയായ ജായയോടുകൂടിയവനും ധനുർദ്ധരനും ഭൂമിയിൽ കാലുറപ്പിച്ചവനാണെങ്കിലും ആകാശചാരിയുമായ രാമൻ, കാലനെപ്പോലുള്ള അസ്ത്രമുഖങ്ങളെക്കൊണ്ട് രാക്ഷസനമാരെ മുഴുവനും യജ്ഞം ചെയ്യും. (ആയോധനയജ്ഞത്തിൽ വധിക്കും.)

14. മാംസാന്യോഷ്ഠാവല്ല്യോപ്യാനി സാധനീയാനി ദേവതാഃ
അശ്നന്തി രാമാദ്രക്ഷാംസി ബിഭ്യത്യ ശ്രുവതേ ദിശാഃ

മാംസം , മൃദുവാ. മറ്റു ഹോമസാധനങ്ങൾ എന്നിവ രാക്ഷസന്മാരാണ് ഭക്ഷിച്ചിരുന്നത്, അവരെ ഭയന്ന് ദേവതകളെല്ലാം ദിക്കുകളിലേക്ക് ഓടുകയായിരുന്നു, ഇനി രാമനെ കണ്ട് ഭയപ്പെട്ട രാക്ഷസന്മാരാണ് ദിശകളിലേക്കെല്ലാം ഓടിപ്പോയി വ്യാപിക്കുന്നത്.

15. കുരു ബുദ്ധിം കുശാഗ്രീയാമനുകാമിനതാം ത്യജ
ലക്ഷ്മീം പരസ്പരീണാം ത്വം പുത്രപൌത്രീണതാം നയ

ബുദ്ധിയെ കുശാഗ്രം പോലെ സൂക്ഷമമാക്കുക. സൂക്ഷ്മദർശിയാവുക. അതിനെ അവിടെയിവിടെ അലയാൻ വിടുന്നത് ത്യജിക്കുക. ലക്ഷ്മി നിന്റേതാണ്. പരമ്പരയായി ലഭിച്ച ലക്ഷ്മിയെ പുത്രപൌത്രന്മാർക്ക് അനുഭവിക്കാനാക്കുക.

16. സഹായവന്ത യദ്യുക്താ ബഹവോ നിപുണാശ്ച യാം
ശ്രിയമാശാസതേ ലോലാം താം ഹസ്തേകൃത്യ മാശ്വസിഃ

പറയപ്പെട്ട ശ്രീ സഹായം കൊണ്ട് (കോശം,ദണ്ഡം,പ്രഭുശക്തി, ഉത്സാഹശീലം ഇവയുടെ) മാത്രമാണ് സ്ഥിരമായിരിക്കുന്നത്. സ്വതേ ലോലവും അസ്ഥിരവുമാണ് അവൾ. മന്ത്രാലോചനാനിപുണരായ സഹായികളാൽ അവളെ സ്ഥിരമാക്കണം. എന്നേക്കും നിന്റെ കയ്യിലൊതുക്കണം. എന്നെ വിശ്വസിച്ചാലും.

17. ലക്ഷ്മിഃപുംയോഗമാശംസുഃ കുലടേവ കുതൂഹലാത്
അന്തികേപി സ്ഥിതാ പ്രത്യുഞ്ചലേനാന്യം നിരീക്ഷതേ

ലക്ഷ്മി കുതൂഹലം കൊണ്ട് കുലടയെപ്പോലെ പുരുഷസംയോഗം ആഗ്രഹിക്കുന്നവളാണ്. പതിയുടെ സമീപത്ത് സ്ഥിതി ചെയ്യുമ്പോളും ഛലം(വഞ്ചന) കൊണ്ട് അന്യന്മാരെ നിരീക്ഷിക്കുന്നവളാണ്.

18. യോഷിദ്വൃന്ദാരികാ തസ്യ ദയിതാ ഹംസനാദിനി
ദൂർവ്വാകാണ്ഡമിവ ശ്യാമാ ന്യഗ്രോധപരിമണ്ഡലാ

രാമന്റെ ഭാര്യ ഹംസഗാമിനിയും ഹംസനാദിനിയും ദൂർവ്വാദളംപോലെ ശ്യാമയും ആലിലപോലെ ഉദരമുള്ളവളും ദേവകന്യകയെപ്പോലെ സുന്ദരിയുമാണ്. അവൾ നിന്റെ വൃന്ദാരികമാരിൽ മുഖ്യയാവാനുള്ള യോഗ്യത ഉള്ളവളാണ്. സാമുദ്രികശാസ്ത്രപ്രകാരം കാകകുക്ഷിയും ന്യഗ്രോധപരിമണ്ഡലയുമായ കന്യക ഒറ്റ പുത്രനെ മാത്രം ജനിപ്പിക്കും. അവൻ ചക്രവർത്തിയാവുകയും ചെയ്യും.

19. നാസ്യം പശ്യതി യസ്തസ്യാ നിംസ്തേ ദന്തഛദം ന വാ
സംശൃണോതി ന ചോക്താനി മിഥ്യാസൌ വിഹിതേന്ദ്രിയഃ

അവളെ ഇന്ദ്രിയങ്ങളെയെല്ലാം ജയിച്ചിട്ടാണ് ധാതാവ് സൃഷ്ടിച്ചത്. അവളിൽ ഒരു കുറവും കാണുന്നില്ല. കേൾക്കുന്നുമില്ല. പല്ലുകൾപോലും യാതൊരു ഛദവുമില്ലാതിരിക്കുന്നു.

20. സാരോസാവിന്ദ്രിയാർത്ഥാനാം യസ്യാസൌ തസ്യ നന്ദഥുഃ
തൽപ്പേ കാന്താന്തരൈഃ സാർദ്ധം മന്യേഹം ധിങ്നിമജ്ജഥും

ആ സ്ത്രീ രൂപവിഷയസംബന്ധമായ സർവ്വേന്ദ്രിയാർത്ഥങ്ങളുടേയും സാരമാണ്. ഏറ്റവും ഉത്കൃഷ്ടമായ ഇന്ദ്രിയരസമാണ്. അവൾ അവിടുത്തെ ആനന്ദിപ്പിക്കും. മറ്റു കാന്തമാരുടെ പോലെ തൽപ്പത്തിൽ അവളുമായി സാർദ്ധമായി, (തൽപ്പത്തിൽ പകുതി കൊടുത്ത്) നിമജ്ജനം ചെയ്യുക (ശയിക്കുക) കഷ്ടം (ധിക്) ഞാനിതാണ് ആഗ്രഹിക്കുന്നത് എന്ന് ധിക് ശബ്ദം കൊണ്ട് പറയുന്നു.

21. ന തം പശ്യാമി തസ്യാസൌ ഭവേന്നോദേജയാ മതേഃ
ത്രൈലോക്യേനാപി വിന്ദസ്ത്വം താം ക്രീത്വാ സുകൃതീ ഭവ

ത്രിലോകങ്ങളിലും അവളെപ്പോലെ ഒരു സുന്ദരീരത്നത്തെ കാണുന്നില്ല. ഭവാനാൽ കമ്പിതയാക്കപ്പെടാൻ അവളല്ലാതെ മറ്റാരും യോഗ്യയല്ല. അവൾക്ക് നാഥനാവാൻ (അവളെ ലഭിക്കാൻ) നീയല്ലാതെ ആരും അർഹനുമല്ല. അതിനാൽ ആ സ്ത്രീരത്നത്തെ ജയിച്ച് സുകൃതിയായി ഭവിച്ചാലും.

22. നൈവേന്ദ്രാണി ന രുദ്രാണി ന മനാവി ന രോഹിണി
വരുണാനി ന നാഗായി തസ്യാഃ സീമന്തിനീ സമാ

ഇന്ദ്രാണിയോ രുദ്രാണിയോ മാനവിയോ(മനുപത്നി) രോഹിണിയോ വരുണാനിയോ ആഗ്നായിയോ ആരുംതന്നെ ആ സീമന്തിനിക്ക് സമമല്ല.

23. പ്രത്യൂചേ രാക്ഷസേന്ദ്രസ്ത്വാമാശ്വസിഹി ബിഭേഷി കിം
ത്യജ നക്തഞ്ചരി ക്ഷോഭം വാചാടേ രവണോ ഹ്യഹം

രാവണൻ പ്രതിവചിത്തു. രാക്ഷസീ, എന്തിനാണിത്ര അപേക്ഷ. ഹേ, വാചാടോപം ചെയ്യുന്ന ബഹുഭാഷിണീ, നിന്റെ ക്ഷോഭം ത്യജിക്കുക. ഞാൻ രാവണനാണ്. രാവയിതി ലോകാനിതി രാവണ എന്ന് ലോകപ്രശസ്തി നേടിയ രാവണനാണ് താനെന്ന് ആശ്വസിപ്പിക്കുന്നു.

24. മാമുപാസ്ത ദിദൃക്ഷാവാൻ യഷ്ടീകവ്യാഹതോ ഹരിഃ
ആജ്ഞാലാഭോന്മുഖോ ദൂരാത് കാക്ഷേണാനാദരേക്ഷിതഃ

എന്നെ കാണാനാഗ്രഹിച്ചുകൊണ്ട് യഷ്ടിക (വേത്രം) ധരിച്ച് ഹരി എന്റെ ആജ്ഞ(അനുജ്ഞ) ലഭിക്കാനുത്സുകനായി, അനാദരവോടെ നോക്കി ദൂരത്ത് കാത്തുനിൽക്കുകയാണ്.

25. വിരുഗ്ണോരഗ്രധാരാഗ്രഃകുലിശോ മമവക്ഷസി
അഭിന്നം ശതധാത്മാനം മന്യതേ ബലിനം ബലിഃ

അനേകം അസ്ത്രധാരകളാലും മൂർച്ചയുള്ള വജ്രത്താലും എന്റെ വക്ഷസ്സിനെ ഭിന്നമാക്കാനാവാതെ ഇന്ദ്രൻ എന്നെ മഹാബലവാനമാരിൽ വെച്ച് ബലവാനെന്ന് അംഗീകരിക്കുന്നു

26. കൃത്വാ ലങ്കാദ്രുമാലാനമഹമൈരാവതം ഗജം
ബന്ധനേനുപയോഗിത്വാന്ന തം തൃണവദത്യജം

ഐരാവതത്തെ ലങ്കാദ്രുമത്തോട് ബന്ധിച്ച് ഉപയോഗിക്കുന്നവനാണ് ഞാൻ ഇന്ദ്രഗജത്തെ പുല്ലുപോലെ വിചാരിക്കുന്നവനാണെന്ന് മേനി പറയുന്നു.

27. അഹോ പുരുഷികാം പശ്യ മമ സദ്രത്നകാന്തിഭിഃ
ധ്വസ്താന്ധകാരേപി പുരേ പൂർണ്ണേന്ദോഃസന്നിധിഃസദാ

എന്റെ പുരുഷത്വം (പൌരുഷകർമ്മം) കാണുക. എന്റെ സദ്രത്നകാന്തിയും കാണുക. കനത്ത അന്ധകാരത്തിലും അവയുടെ ശോഭകൊണ്ട് പുരത്തിൽ എപ്പോഴും പൂർണ്ണചന്ദ്രസാന്നിദ്ധ്യം പോലെ പ്രകാശമുണ്ട്.

28. ഹൃതരത്നശ്ച്യുതോദ്യോഗേ രക്ഷോഭ്യഃ കരദോ ദിവി
പൂതക്രതായീമഭ്യാതീ സത്രപം കിം ന ഗോത്രഭിത്

രത്നത്തേക്കാളും മഹത്തായവയെ പറയുന്നു. അവയുടെ ശക്തി നശിച്ചാലും രക്ഷക്കായി, പൂതക്രതുവായ ഗോത്രഭിത്ത് (ഇന്ദ്രൻ) ഭയപ്പെട്ടുവിറച്ച് അവന്റെ ശോഭയുള്ള സ്ത്രീയെ(ശചി,ഇന്ദ്രാണി) ദിവത്തിൽ നിർത്തിത്തരുന്നു.

29. അതുല്യമഹസാ സാർദ്ധ രാമേണ മമ വിഗ്രഹഃ
ത്രപാകരസ്തതാപ്യേഷ യതിഷ്യേ തദ്വിനിഗ്രഹേ

അതുല്യമഹസ്സുകൊണ്ട് (അസമമായ ബലം കൊണ്ട്) എന്നെക്കാൾ തുച്ഛനായ രാമനോട് വിരോധം വെക്കുന്നത് ആലോചിക്കുമ്പോൾത്തന്നെ ഞാൻ ലജ്ജ കൊണ്ട് വിറക്കുന്നു. പിന്നെയാണോ അവനെ വധിക്കുന്നത്.

30. ഉത്പത്യ സ്വം ദശഗ്രീവോ മനോയായി ശിതാസ്ത്രഭൃത്
സമുദ്രസവിധാവാസം മാരീചം പ്രതി ചക്രമേ

നിശിതമായ അസ്ത്രങ്ങൾ ധരിക്കുന്ന ദശഗ്രീവൻ മനോവേഗിയുമാണ്. സമുദ്രസവിധത്തിൽ വസിക്കുന്ന മാരീചനോട് പറയാം.(വധകാര്യം) സ്വമുത്പത്യ സമുദ്രതീരവാസിനം മാരീചം പ്രതി ത്വമുദ്ദിശ്യ ചക്രമേ ജഗാമ. എന്ന് ഭാഷ്യം.

31. സംപത്യ തസ്സനീഡേസൌ തം വൃത്താന്തമശിശ്രവത്
ത്രസ്നുനാഥ ശ്രുതാർത്ഥേന തേനാഗാതി ദശാനനഃ

ഇപ്രകാരം രാവണൻ മാരീചനികടത്തിനു സമീപം ചെന്നു. ശൂർപ്പണഖാക ഥിതമായ വൃത്താന്തം മുഴുവനും കേട്ട് അദ്ദേഹം ഭയം കൊണ്ട് വിറച്ചു.

32. അന്തർധ്വത്സ്വ രഘുവ്യാഘ്രാത്തസ്മാത്വം രാക്ഷസേശ്വര
സ രണേ ദുരുപസ്ഥാനോ ഹസ്തരോധം ദധദ്ധ്വനുഃ

ഹേ,രാക്ഷസേശ്വരാ, അവിടുന്ന് ആ രഘുവ്യാഘ്രന്റെ പ്രഭാവം അറിയാത്ത തുകൊണ്ടാണ് ഇങ്ങനെ ഒരു അന്തർഹിതം ഉണ്ടായത്. യുദ്ധത്തിൽ ദൃഢമുഷ്ടിയാൽ പിടിക്കപ്പെട്ട് ആ ധനുസ്സിൽ നിന്ന് വരുന്ന അസ്ത്രങ്ങളെ പ്രതിരോധിക്കാനാവില്ല.

33. ഭവന്തം കാർത്തവീര്യോ യോ ഹീനസന്ധിമചീകരം
ജിഗായ തസ്യ ഹന്താരം സ രാമഃ സർവ്വലൌകികഃ

നീ ഏതൊരു കാർത്തവീര്യനോടു തോറ്റ് അവനുമായി ഹീനസന്ധി ചെയ്യേ ണ്ടിവന്നുവോ, ആ കാർത്തവീര്യനെ വധിച്ചവനോടു പോലും ജയിച്ചവ നാണ് ഈ രാമനെന്നത് സർവ്വലോകപ്രസിദ്ധമാണ്.

34. യമാസ്യദൃശ്വരീ തസ്യ താടകാ വേത്തി വിക്രമം
ശൂരമ്മന്യോ രണാംഛാഹം നിരസ്തഃ സിംഹനർദ്ദിനാ

യമസദൃശമായ മുഖമുള്ള താടകക്ക് രാമന്റെ വിക്രമം തടയാനായില്ല. രണ ത്തിൽ ഞാൻ വലിയ ശൂരനാണ് എന്നഹങ്കരിക്കുന്ന എല്ലാവരും ആ സിം ഹനാദത്താൽ നിരസ്തരായിത്തീരും.

35. ന ത്വം തേനാന്വഭാവിഷ്ഠാ നാന്വഭാവീ ത്വയാപ്യസൌ
അനുഭൂതാ മയാ ചാസൌ തേന ചാന്വഭവിഷ്യഹം

ആർക്കും യുദ്ധത്തിൽ രാമന്റെ ശക്തി അറിയില്ല, നിനക്കും അറിയില്ല. ഞാൻ അത് അനുഭവിച്ചവനായതുകൊണ്ടാണ് എനിക്കറിയാവുന്നത്.

36. അദ്ധ്യംങ് ശസ്ത്രഭൃതാം രാമോ നഞ്ചസ്തം പ്രാപ്യ മദ്വിധാഃ
സ കന്യാശുൽക്കമഭനങ്മിഥിലായാം മഘേ ധനുഃ

ശസ്ത്രമെടുത്തവരിൽ വെച്ച് രാമൻ എല്ലാവരിലും ഉപരിയാണ്. എന്നെപ്പോലെ രാമനെ യുദ്ധത്തിൽ പ്രാപിക്കാൻ നിനക്ക് ആവില്ല. ആ

രാമൻ മിഥിലാപുരത്തിൽ മഘത്തിൽ കന്യാശുൽക്കമായി മഹാചാപം ഭഞ്ജിച്ചവനാണ്.

37. സംവിത്തഃസഹയുദ്ധാനൌ തഛക്തിം ഖരദൂഷണൌ
യജ്വാനശ്ച സസുത്വാനോ യാനഗോപാൻമഘേഷു സഃ

ഒരുമിച്ച് യുദ്ധത്തിനു ചെന്ന ഖരദൂഷണന്മാരും അവന്റെ ശക്തിക്ക് സമമായില്ല. യജ്ഞത്തിൽ മറഞ്ഞിരുന്ന് (ഗോപം) യാഗരക്ഷ ചെയ്യുന്ന അവന്റെ ശക്തി ഊഹിക്കാവതല്ല.

38. സുഖജാതഃ സുരാപീതോ നൃജഗ്ദ്ധോ മാല്യധാരയഃ
അധിലംഘം സ്ത്രിയോ ദീവ്യ മാരബ്ധാ ബലിവിഗ്രഹം

കള്ളു കുടിച്ചും മനുഷ്യമാംസം തിന്നും മാലകൾ ധരിച്ചും സ്ത്രീകളുമായി ക്രീഢിച്ചും സുഖജാതനായി അധിലങ്കയിലിരിക്കുന്ന നീ അവനുമായി കടുത്ത വിരോധം വെക്കരുത്. അത് നിനക്ക് നല്ലതല്ലെന്ന് വ്യംഗ്യം.

39. തം ഭീതങ്കാരമാകൃശ്യ രാവണഃപ്രത്യഭാഷത
യാതമായം വിജിതവാൻ സ രാമം യദി കിം തതഃ

രാവണൻ മാരീചനെ ഭീരുത്വമെന്നു കരുതി ഭർത്സിച്ചുകൊണ്ട് ഭയപ്പെടുത്തി ഇപ്രകാരം പറഞ്ഞു.വൃദ്ധത്വം കൊണ്ട് ഗതരസനായ ജാമദഗ്ന്യനെ വിജയിച്ചത് രാമന് എന്ത് കീർത്തിയാണ് തരുന്നത്.

40. അധാനി താടകാ തേന ലജ്ജാഭയവിഭൂഷണാ
സ്ത്രീജനേ യദി തശ്ലാഘ്യം ധിഗ് ലോകം ക്ഷുദ്രമാനസം

ഇനി താടകയുടെ കാര്യം. സ്ത്രീകൾ ലജ്ജ,ഭയം ഇവകളാൽ അലംകൃതരാണ്. അപ്രകാരമുള്ള ഒരു സ്ത്രീയെ വധിച്ചിട്ട് ശ്ലാഘിക്കുക എന്നത് ക്ഷുദ്രമാനസരായ ലോകർ മാത്രമേ ചെയ്യുകയുള്ളു.

41. യദ്ഗേഹേനർദ്ദിനമസൌ ശരൈർഭീരുസമായതം
കുബ്രഹ്മയജ്ഞകേ രാമോ ഭവന്തം പൌരുഷം ന തത്

ആരാണോ ഗൃഹത്തിൽ മാത്രം ശൂരനായിരിക്കുന്നത് അവൻ ഭീരു എന്നാണ് അറിയപ്പെടുന്നത്. ആഗന്തുകബ്രാഹ്മണനായ കുബ്രാഹ്മണന്റെ (വിശ്വാമിത്ര) യജ്ഞത്തിൽ കാണിച്ച ശരപ്രയോഗം രാമന്റെ പൌരുഷമില്ലായ്മയെ കാണിക്കുന്നു.

42. ചിരകാലോഷിതം ജീർണ്ണം കീടാനിഷ്കൃഷിതം ധനുഃ
കിം ചിത്രം യദി രാമേണ ഭഗ്നം ക്ഷത്രിയകാന്തികേ

ചിരകാലം പഴകി ജീർണ്ണിച്ച് കീടങ്ങളാൽ ഭക്ഷിക്കപ്പെട്ട ഒരു വഴയ വില്ല് രാമൻ ഒടിച്ചു എന്നതിലെന്താണിത്ര അത്ഭുതപ്പെടാനുള്ളത്. അത് ക്ഷത്രിയകന്മാർക്ക് (ക്ഷത്രിയാഭാസർ.ക്ഷാത്രഹീനർ) പോലും എളുപ്പമല്ലേ.

43. വനതാപസകേ വീരൌ വിപക്ഷേ ഗലിതാദരൌ
കിം ചിത്രം യദി സാവജ്ഞൌ മമ്രതുഃ ഖരദൂഷണൌ

വനത്തിൽ താപസകർക്കിടയിൽ ജീവിച്ച ഖരദൂഷണർ വീരരെങ്കിലും മുനിമാരിൽ ആദരവു വന്നതിനാൽ ശസ്ത്രവിഷയത്തിൽ നിഷ്പ്രയത്നം ഹേതുവായി (നിത്യാഭ്യാസം ഇല്ലാതെ) അവജ്ഞക്കിരയായി മരിച്ചതിലും എന്താണിത്ര അത്ഭുതം.

44. ത്വന്തു ഭീരുശ്ച ദുർബുദ്ധേ നിത്യം ശരണകാമ്യസി
ഗുണാംശ്ചാപഹ്നുഷേസ്മാകം സ്തൌഷി ശത്രൂംശ്ച നഃസദാ

നീ ഭീരുവും ദുർബുദ്ധിയും നിത്യവും ശരണം കാമിക്കുന്നവനുമാണ്. വീരനല്ല. സ്വന്തം ജീവനിൽ കൊതിയുണ്ടെങ്കിൽ ശത്രുവിനെ സ്തുതിക്കാതെ എന്നെ പ്രശംസിക്കുക. നിന്നെ കൊന്നാലും വലിയ പൌരുഷമൊന്നുമല്ല എന്ന് പറയുന്നു.

45. ശീർഷച്ഛേദമതോഹം ത്വാം കരോമി ക്ഷിതിവർദ്ധനം
കാരയിഷ്യാമി വാ കൃത്യം നിജിദുക്ഷുർവ്വനൌകസൌ

ക്ഷിതിവർദ്ധനകരമായ നിന്റെ ശീർഷച്ഛേദകർമ്മം ഞാൻ ഉടനെ ചെയ്യുന്നുണ്ട്. അതിനുശേഷം വേണം രാജ്യഭ്രഷ്ടരായി വനത്തിൽ അലയുന്ന അവരെ വധിക്കാൻ.

46. തമുദ്ധതനിശാതാസി പ്രത്യുവാച ജിജീവിഷുഃ
മാരീചോനുനയംസ്ത്രാസാദഭ്യമിവ്യോ ഭവാമി തേ

ജീവിക്കാനിച്ഛിച്ച മാരീചൻ, രാക്ഷസന്റെ ഉയർത്തിപ്പിടിച്ച നിശിതഖഡ്ഗം കണ്ട് പ്രതിവചിച്ചു. രാവണനെ അനുനയിപ്പിക്കാനായി, ഞാൻ അവിടുത്തെ നന്മ ഉദ്ദേശിച്ചു മാത്രം പറഞ്ഞതാണെന്ന് പറഞ്ഞു.

47. ഹരാമി രാമസൌമിത്രി മൃഗാ ഭൂത്വൌ മൃഗാധുവൌ
ഉദ്യോഗമഭ്യമിത്രീണോ യഥേഷ്ടം ത്വം ച സന്തനു

ദിവ്യമൃഗരൂപമെടുത്ത് രാമസൌമിത്രിമാരെ മൃഗയാവിനോദത്തിന് ആകർഷിച്ച് ഞാനവരെ ആശ്രമത്തിൽനിന്ന് ദൂരെ കൊണ്ടുപോകാം. നീ മിത്രരൂപത്തിൽ ചെന്ന് യഥേഷ്ടം നിന്റെ ആഗ്രഹം നിറവേറ്റുക.

48. തതശ്ചിത്രിയമാണോസൌ ഹേമരത്നമയോ മൃഗഃ
യഥാമുഖീനഃ സീതായാഃ പുപ്ലുവേ ബഹു ലോഭയൻ

മാരീചൻ രത്നഹേമമയമായ മൃഗരൂപമെടുത്തു. ബഹുവിചിത്രമായ ആ രൂപം കണ്ട് സീതക്ക് അതിനെ ലഭിക്കണമെന്ന് അത്യധികമായ ലോഭം ജനിച്ചു.

49. തേനാദുധൂഷയദ്രാമം മൃഗേണ മൃഗലോചനാ
മൈഥിലീ വിപുലോരസ്കം പ്രാവുവൂർഷം മൃഗാജിനം

മൃഗലോചനയായ മൈഥിലി ആ മൃഗത്തിന്റെ മൃഗാജിനം വേണമെന്ന് ആശിച്ചു. വിപുലോരസ്കനായ രാമനോട് ആവശ്യപ്പെട്ടു.

50. യോഗക്ഷേമകരം കൃത്വാ ജാനക്യാ ലക്ഷ്മണം തതഃ
മൃഗസ്യാനുപദീ രാമോ ജഗാമ ഗജവിക്രമഃ

ജാനകിയുടെ യോഗക്ഷേമരക്ഷ ചെയ്യാൻ ലക്ഷ്മണനെ ഏൽപ്പിച്ച് ,ഗജവിക്രമനും ഗജഗതിയുള്ളവനുമായ രാമൻ മൃഗത്തെ അനുഗമിച്ച് പോയി.

51. സ്ഥായം സ്ഥായം കചചിധ്യാന്തം ക്രാന്ത്വാ ക്രാന്ത്വാ സ്ഥിതം കചചിത്
വീക്ഷമാണോ മൃഗം രാമശ്ചിത്രവൃത്തിം വിസിഷ്മിയേ

ഇടക്കിടക്ക് നിൽക്കും. പിന്നെ രാമനെ നോക്കും. പിന്നെയും ഓടും.ഇപ്രകാരം വിചിത്രമായ വൃത്തിയോടുകൂടിയ ആ മാനിനെ വീക്ഷിച്ച് രാമൻ വിസ്മയിച്ചു.

52. ചിരം ക്ലിശിത്വാ മർമ്മാവിദ്രാമോ വിലുഭിതപ്ലവം
ശബ്ദായമാനമവ്യാത്സീദ്ഭയദം ക്ഷണദാചരം

ചിരനേരം ക്ലേശിച്ചും പിടിക്കാനാവാതെ വന്നപ്പോൾ രാമൻ ശബ്ദായമാനവും ഭയമുളവാക്കുന്നതും മർമ്മം പിളർക്കുന്നതുമായ അസ്ത്രം പ്രയോഗിച്ചു. ഹാ സീതേ ഹാ ലക്ഷ്മണാ എന്ന് മാരീചനെക്കൊണ്ട് നിലവിളിപ്പിച്ച അസ്ത്രമെന്ന് ശബ്ദായമാനമെന്നതിന് ഭാഷ്യകാരൻ.

53. ശ്രുത്വാ വിസ്ഫൂർജ്ജഥുപ്രഖ്യം നിനാദം പരിദേവിനീ
മത്വാ കഷ്ടശ്രിതം രാമം സൌമിത്രിം ഗന്തുമൈജിഹത്

വജ്രഘോഷം പോലെയുള്ള ആ നാദം സീത കേട്ടു. രാമന് ഏതോ കഷ്ടം ആപത്ത് സംഭവിച്ചതുകൊണ്ടാണ് ആ പരിദേവനമെന്ന് കരുതി സീത പരിദേവനം ചെയ്തു. സൌമിത്രിയെ രാമന്റെ രക്ഷക്കായി പറഞ്ഞയച്ചു.

54. ഏഷ പ്രാവൃഷിജാംബോദനാദി ഭ്രാതാ വിരൌതി തേ
ജ്ഞാതേയം കുരു സൌമിത്രേ ഭയാത് ത്രായസ്വ രാഘവം

പ്രാവൃഢത്തിലെ നാദം പോലെ നിന്റെ സഹോദരന്റെ നാദം കേട്ടില്ലേ. സൌമിത്രേ, രാഘവനെ ഭയത്തിൽനിന്ന്-ആപത്തിൽനിന്ന്- സംരക്ഷിക്കുക.

55. രാമസംഘുഷിതം നൈതന്മൃഗസ്യൈവ വിവഞ്ചിഷോഃ
രാമസ്വനിതസങ്കാശഃസ്വാന ഇത്യവദത്സ താം

ആര്യേ, ഇത് രാമനാൽ ഉണ്ടാക്കപ്പെട്ട ശബ്ദമല്ല. വഞ്ചിക്കാനായി ഏതോ മൃഗം രാമന്റെ സ്വരത്തിനു സദൃശമായ സ്വരത്തിൽ കരഞ്ഞതാണ്. ഇപ്രകാരം ലക്ഷ്മണൻ പറഞ്ഞു.

56. ആപ്യാനസ്കന്ദകണ്ഠാംസം രുഷിതം സഹിതും രണേ
പ്രോർണുവന്തം ദിശേ ബാണൈഃ കാകുത്സ്ഥം ഭീരു കഃ ക്ഷമഃ

ഹേ,കാതരേ (ഭീരു), കണ്ഠം,തോൾ,ബാഹു ഇപ്രകാരം ശരീരമാസകലം രണത്തിനു സന്നദ്ധവും ശക്തവും രുഷിതവും എന്തും സഹിക്കാനുള്ള ത്രാണിയുള്ളതുമായ രാമന്റെ ഒരു ദീനശബ്ദം പുറപ്പെടില്ല. ഏതു ദിശയി

ലേക്കും രൂക്ഷമായ ബാണനിരകളെ പ്രയോഗിക്കുന്ന രാമന്ന് ഈ കരച്ചി ലെങ്ങനെ വരും.

57. ദേഹം ബിഭ്രക്ഷുരസ്ത്രാഗ്നൌ മൃഗഃപ്രാണൈർദിദേവിഷൻ
ജ്യാധ്യുഷ്ടകഠിനാംഗുഷ്ഠം രാമമായാന്മുമൂർഷയാ

ദേഹം മുഴുവനും അസ്ത്രാഗ്നിയിൽ നീറി പ്രാണൻ വെടിയുന്ന മൃഗം മായയാൽ രാമനെ അനുകരിച്ച് ഉണ്ടാക്കിയ ശബ്ദമാണ്. രാമനോട് എതി രിട്ടവർ ആ കഠിനമായ തള്ളവിരലിന്റെ ശക്തിയാൽ മരിച്ചതല്ലാതെ രാമന്ന് മരണം സംഭവിക്കയില്ല.

58. ശത്രൂൻഭിഷയമാണം തം രാമം വിസ്മാപയേത കഃ
മാ സ്മ ഭൈഷീസ്ത്വയാധൈവ കൃതാർത്ഥോ ദ്രക്ഷ്യതേ പതിഃ

ശത്രുക്കളെ ഭയപ്പെടുത്തുന്നവനും വധിക്കുന്നവനുമായ അവിടുത്തെ പതി, ഇപ്പോൾ കൃതകൃത്യനായി, വിജയത്തോടെ വരുന്നത് കാണാം.

59. യായാസ്ത്വമിതി കാമോ മേ ഗന്തുമുത്സഹതേ ന ച
ഇഛുഃ കാമയിതും ത്വം മാമിത്യസൌ ജഗദേ തയാ

നീ രാമാന്വേഷണത്തിനു പോകാൻ ഉത്സാഹം കാണിക്കാത്തത് എന്നെ കാമിക്കുന്നതുകൊണ്ടാണെന്ന് ലക്ഷ്മണനോട് സീത പറയാൻ പാടില്ലാത്ത അപവാദവാക്ക് ഉച്ചരിച്ചു.

60. മൃഷോധ്യം പ്രവദന്തീം താം സത്യവധ്യോ രഘൂത്തമഃ
നിരഗാച്ഛത്രുഹസ്തം ത്വം യാസ്യസീതി ശപൻ വശീ

സത്യവാദിയായ ആ രഘൂത്തമൻ (ലക്ഷ്മണൻ) ഇന്ദ്രിയങ്ങളെ വശീകരിച്ച് ഇന്ദ്രിയജിതനായ തന്നെ അപ്രകാരം കാമിയെന്ന് പറയുന്നതുകേട്ട് വളരം ദുഃഖിച്ചു. ശത്രുഹസ്തത്തിലകപ്പെടുമെന്ന ശാപവാക്യം പറഞ്ഞുകൊണ്ട് (അനിഷ്ടാഗമം വരാനിരിക്കുന്നതു മുൻകൂട്ടി കണ്ട്) അദ്ദേഹം അവിടെനിന്ന് പോയി.

61. ഗതേ തസ്മിൻ ജലശുചിഃ ശുദ്ധദൻ രാവണഃശിഖീ
ജജ്ജപൂകോക്ഷമാലാവാൻ ധാരയോ മൃദലാബുനഃ

അവൻ പോയപ്പോൾ ജലശുചിയായി(കുളിച്ച്) ദന്തം ശുദ്ധിയാക്കി, ശിഖിക ളോടുകൂടി (ജടകളോടുകൂടി)ജജ്ജപൂകനായി (മായാവിത്വം കൊണ്ട് ഗർഹി തജാപിയായി) അക്ഷമാല ധരിച്ച് മൃത്തുകൊണ്ട് ഉണ്ടാക്കിയ അലാബുഫല പാത്രം ധരിച്ച് രാവണൻ വന്നു.

62. കമണ്ഡലുകപാലേന ശിരസാ ച മൃജാവതാ
സംവശ്യ ലാക്ഷികേ വസ്ത്രേ മാത്രാഃ സംഭാണ്ഡ്യ ദണ്ഡവാൻ

കമണ്ഡലു കപാലത്താൽ ശിരസ്സിൽ ശുദ്ധമാക്കി (മൃജാവതാ) ലാക്ഷ കൊ ണ്ട് (രക്തം പോലെയുള്ള നിറം) നിറം കോടുത്ത വസ്ത്രത്താൽ ആഛാ

ദനം ചെയ്ത്, പൂർവ്വോക്തമായ അലാബു മുതലായവ സംഭരിച്ച് (സംഭാണ്ഡ്യ) ദണ്ഡവാനായി (ത്രിദണ്ഡം ധരിച്ച്) വന്നു.

63. അധീയന്നാത്മവിധിധ്യാം ധാരയന്മസ്കരീവ്രതം
വദൻബഹ്വംഗുലീസ്ഫോടം ഭ്രൂക്ഷേപം യ വിലോകയൻ

ആത്മവിദ്യയായ ഉപനിഷധം തനിക്കധീനമായതുപോലെ മസ്കരീവ്രതം (പരിവ്രാജകവ്രതം) ധരിച്ചവനെപ്പോലെ ബഹുവായി അംഗുലീസ്ഫോടം ചെയ്തുകൊണ്ടും(അംഗുലികളെ ചലിപ്പിക്കുക) ഭ്രൂക്ഷേപം ചെയ്തും എല്ലാം നോക്കിക്കണ്ടു.

64. സംദിദർശയിഷു സാമ നിജഹ്ലൂഷുഃക്ഷപാടതാം
ചംക്രമാവാൻ സമാഗമ്യേ സീതാമൂചേ സുഖാഭവ

രാക്ഷസഭാവം മറച്ചുവെച്ച് നന്നായി കാണാനിഛരിച്ച്, ക്രൌര്യം മറച്ച് ശാന്തിഭാവം പൂണ്ട്, ചംക്രമം (കുടിലമായ ഗതി) ചെയ്ത് ആ കുടിലൻ സീതാസമാഗമത്തിലുള്ള(സീതയെ കണ്ടതിലുള്ള) സുഖം അനുഭവിച്ചു. അവളോട് പറഞ്ഞു

65. സായന്തനീം തിഥിപ്രണ്യഃപങ്കജാനാം ദിവാതനീം
കാന്തിം കാന്ത്യാ സദാതന്യാ ഹേപയന്തി ശുചിസ്മിതാ

ശുചിസ്മിതയായ സീതേ, തിഥികളുടെ ദേവനായ ചന്ദ്രന്റെ കാന്തി സായന്തനിക്കും, സൂര്യകാന്തി പകലിൽ പങ്കജത്തിനും കാന്തി തരുന്നു. നിന്റെ കാന്തിയാൽ എപ്പോഴും (സനാതനമായി) കാന്തി പരക്കുന്നു. (രാത്രിപകലെന്ന ഭേദമില്ലാതെ)

66. കാ ത്വമേകാകിനീം ഭീരു നിരന്വവചനേ വനേ
ക്ഷുദ്ധ്യന്തോപ്യധസൻ വ്യാലാസ്ത്വാമപാലാം കഥം ന വാ

മനുഷ്യരാരും പ്രവേശിക്കാത്ത വനത്തിൽ നീ എപ്രകാരമാണ് ഏകാകിനിയായി (നിസ്സഹായ) വന്നത്. ഭക്ഷിക്കാനായി വിശന്ന് നടക്കുന്ന വ്യാളങ്ങൾ ആരും പാലിക്കാത്ത നിന്നെ ഭക്ഷിക്കുകയില്ലേ .

67. ഹൃദയംഗമമൂർത്തിസ്ത്വം സുഭഗം ഭാവുകം വനം
കുർവ്വാണാ ഭീമമപ്യേതദ്വദാഭ്യൈഃ കേന ഹേതുനാ

സൌമ്യേ, നിന്റെ രൂപം ഹൃദയംഗമമായിരിക്കുന്നു. ഭീമവും ഭയങ്കരവുമായ വനം നിന്നാൽ സുഭഗവും ഭാവുകവുമായിത്തീർന്നിരിക്കുന്നു.ഏതു കാരണത്താലാണ് നീ ഇവിടേക്ക് വന്നത്.

68. സുകൃതം പ്രിയകാരി ത്വം കം രഹസ്യുപതിഷ്ഠതേ
പുണ്യകൃച്ചാടുകാരസ്തേ കിങ്കരഃസുരതേഷു കഃ

സുഭഗേ, നീ രഹസ്യത്തിൽ (ഏകാന്തം) പ്രിയകാരിത്വം ചെയ്യുന്ന സുകൃതിനിയാണെന്ന് തോന്നുന്നു. അനുകൂലവർത്തിനിയായ നിന്റെ ആ സുകൃതം ലഭിച്ചവനാരാണ്. സുരതത്തിൽ നിന്റെ കിങ്കരത്വം (ദാസത്വം) ലഭിച്ച സുകൃ

തശാലി ആരാണ്. നിന്റെ ഭർത്താവാര് എന്നു ചോദിക്കുന്നതിനു പകരം ഇപ്രകാരം വ്യംഗ്യമായി ശൃംഗാരം പ്രയോഗിച്ച് രസാഭാസമാണ് രാവണൻ സൃഷ്ടിക്കുന്നത്.

69. പരിപര്യുദധേ രൂപമാധുലോകാച്ച ദുർല്ലഭം
ഭാവത്കം ദൃഷ്ടവത്തേതദസ്മാസ്വധി സുജീവിതം

സമുദ്രത്തെ പരിത്യജിച്ച് രൂപം ധരിച്ച് , ഭൂമിയിലുള്ളവർക്കും സ്വർഗ്ഗവാസികൾക്കും ദുർല്ലഭയായ നിന്നെ കണ്ടതുകൊണ്ട് എന്റെ ജീവിതം സുജീവിതമായി. (ലക്ഷ്മീദേവിയെന്ന് വ്യംഗ്യം)

70. പ്രപീതമധുകാ ഭൃംഗൈഃസുദിവേവാരവിന്ദിനി
സത്പരിമലലക്ഷ്മികാ നാപുംസ്കാസേതി മേ മതിഃ

ഭൃംഗങ്ങളാൽ കുടിക്കപ്പെടാത്ത തേൻ, സുദിനപ്രഭാതത്തിൽ അർക്കകരം സ്പർശിക്കാത്ത താമരപ്പൊയ്ക,ഇവ പരിമളവിമർദ്ദഗന്ധസമ്പത്തുണ്ടെങ്കിലും കൂടി പരിമളമില്ലാത്തവളാണ്. അതുപോലെ പുരുഷസമ്പർക്കമില്ലാത്ത നീയും എന്ന് ഞാൻ വിചാരിക്കുന്നു.

71. മിഥ്യേവ ശ്രീഃ ശ്രിയമ്മന്യാ ശ്രീമന്മന്യോ മൃഷാ ഹരിഃ
സാക്ഷാത്കൃത്യാഭിമന്യേഹം ത്വാം ഹരന്തി ശ്രിയഃശ്രിയം

ശ്രീ ഞാൻ ശ്രീയാണെന്ന് അഭിമാനിക്കുന്നത് മിഥ്യയാണ്. ഹരി അവളെ ലഭിച്ച ശ്രീമാനാണെന്ന് അഭിമാനിക്കുന്നതും അപ്രകാരം തന്നെ. സാക്ഷാത്കരിക്കപ്പെട്ട, പ്രത്യക്ഷയായ ശ്രീയായ നിന്നെ ആരാണോ ഹരിക്കുന്നത്, അവനാണ് ശരിയായ ശ്രീമാനായ ഹരി.

72. നോദകണ്ഠിഷ്യതാത്യർത്ഥം ത്വാമൈക്ഷിഷ്യത ചേത്സ്മരഃ
വേലായന്നനിശം നാപി സജൂഃകൃത്യ രതിം വസേത്

സ്മരൻ(കാമൻ) നിന്നെ കണ്ടതിനാൽ, രതിയെ സഹചാരിയാക്കിവെച്ച് ക്രീഢിക്കുന്നുണ്ടേങ്കിലും അതിൽപ്പോലും ഉത്കണ്ഠ (താൽപര്യം) ഇല്ലാത്തവനായി.

73. വൽഗൂയന്ത്യം വിലോക്യ ത്വാം സ്ത്രീ ന മന്തൂയതീയഹാ
കാന്തിം നാഭിമനായേത കോ വാ സ്ഥാണുസമോപി തേ

നിന്റെ ശരീരഭംഗി കണ്ടിട്ട് നീ ഈ ലോകത്തിലുള്ള സ്ത്രീയാണെന്ന് തോന്നുന്നില്ല. സ്ഥാണുസമനായ (മരക്കട്ടപോലുള്ള, ശിവസദൃശനായ എന്ന് രണ്ട് അർത്ഥം) പുരുഷനും കൂടി ഈ കാന്തിയിൽ മോഹിച്ചുപോകും.

74. ദുഃഖായതേ ജനഃസർവ്വഃ സ ഏവൈകഃ സുഖായതേ
യത്യോത്സുകായമാനാ ത്വം ന പ്രതീപായസേന്തികേ

ജനങ്ങളെല്ലാവരും ദുഃഖം അനുഭവിക്കുമ്പോളും നിന്നെ ലഭിച്ച ഏകനൊരാൾ മാത്രം സുഖമനുഭവിക്കുന്നു. നിന്നിൽ ഉത്സുകനായ ആരും തന്നെ

നിന്റെ അരികിൽ അപ്രതികൂലനായി ഭവിക്കുകയില്ല,അനുകൂലമായി വസിക്കും.

75. കഃ പണ്ഡിതായമാനസ്ത്വാമാദായാമിഷന്നിഭാം
ത്രസ്യൻ വൈരായമാണേഭ്യഃശൂന്യമന്വവസദ്വനം

ഏതൊരു പണ്ഡിതമ്മന്യനാണോ മാംസസന്നിഭമായി ശോഭിക്കുന്ന നിന്റെ മൃദുശരീരത്തെ ലഭിച്ചിട്ടും വൈരമുള്ളതുപോലെ അതിനെ ത്യജിക്കുന്നത്, ആ പുരുഷന്റെ വനജിവിതം ശൂന്യമായി ഭവിക്കുന്നു.

76. ഓജായമാനാ തസ്യാർഘ്യം പ്രണീയ ജനകാത്മജാ
ഉവാച ദശമൂർദ്ധാനം സാദരാ ഗദ്ഗദം വചഃ

മൂർത്തിമത്തായ ഓജസ്സുപോലെയുള്ള സീത, അവന് അർഘ്യം കൊടുത്തു. (ഓജസോപ്തരസോ നിത്യം പയസസ്തു വിഭാഷയാത് എന്ന് ഭാഷ്യം) അർഘ്യപാദ്യാദികൾ കൊണ്ട് പൂജിച്ചത് സന്യാസിയാണെന്ന് വിചാരിച്ചാണ്. അവൾ രാവണനോട് സാദരം ഗദ്ഗദത്തോടെ പറഞ്ഞു.

77. മഹാകുലീന ഐക്ഷ്വാകേ വംശേ ദാശരഥിർമ്മമ
പിതൃഃപ്രിയങ്കരോ ഭർത്താ ക്ഷേമകാരസ്തപസ്വിനാം

മഹാകുലീനമായ ഇക്ഷ്വാകുവംശത്തിലെ ദാശരഥിയാണ് പ്രിയങ്കരനായ എന്റെ ഭർത്താവ്. അദ്ദേഹം തപസ്വികൾക്ക് ക്ഷേമകാരനാണ്.

78. നിഹന്താ വൈരകാരാണാം സതാം ബഹുകരഃസദാ
പാരശ്വധികരാമസ്യശക്തേരന്തകരോ രണേ

വൈരികളെ വധിക്കുന്നവനാണ്. സദാ പലർക്കും പലവിധം ഉപകാരം ചെയ്യുന്നതിൽ ജാഗരൂകനാണ്. രണത്തിൽ പരശുധരിച്ച രാമന്റെ പോലും ശക്തി നശിപ്പിച്ചവനാണ്.

79. അധ്വരേഷ്വിഷ്ടിനാം പാതാ പൂർത്തി കർമ്മസു സർവദാ
പിതൃന്നിയോഗാദ്രാജത്വം ഹിത്വാ യോഭ്യാഗമദ്വനം

അധ്വരങ്ങളിൽ(യജ്ഞം) ഇഷ്ടമുള്ളവരുടെ പാത പൂർത്തീകരിച്ച് അവരുടം കർമ്മം സംരക്ഷിക്കുന്നവനാണ്. പിതൃനിയോഗത്താൽ, രാജത്വം ത്യജിച്ച് വനത്തിലേക്ക് വന്നതാണ്.

80. പതത്രിക്രോഷ്ടുജുഷ്ടാനി രക്ഷാംസി ഭയദേ വനേ
യസ്യ ബാണനികൃത്താനി ശ്രേണീഭൂതാനി ശേരതേ

ഭയങ്കരമായ വനത്തിൽ വസിക്കുന്ന രാക്ഷസശ്രേണികളെ അദ്ദേഹത്തിന്റെ ബാണങ്ങൾ ശീഘ്രം ദീർഘനിദ്രയിലേക്കയച്ച് പക്ഷികൾക്കും കുറുക്കന്മാർക്കും ഭക്ഷണമാക്കുന്നു.

81. ദിവ്യമാനം ശിതാൻബാണാനസ്യമാനം മഹാഗദാഃ
നിഘ്നാനം ശാത്രവാത്രാമം കഥം ത്വം നാവഗച്ഛസി

ദിവ്യവും നിശിതവുമായ ആ ബാണങ്ങൾ മഹാദുഃഖം വരുത്തിക്കൊണ്ട് ശത്രുക്കളെ നിഗ്രഹിക്കുന്നവയാണ്. നിനക്ക് ആ രാമനെപ്പറ്റി എങ്ങനെയാണ് അറിയാതെ പോയത്.

82. ഭ്രാതരി ന്യസ്യ യാതോ മാം മൃഗാവിൻമൃഗയാമസൌ
ഏഷിതും പ്രേഷിതോ യാതോ മയാ തസ്യാനുജോ വനം

അദ്ദേഹം എന്റെ രക്ഷക്ക് ഭ്രാതാവിനെ ഏൽപ്പിച്ചിട്ട് മൃഗയാവിനോദത്തിന് (മൃഗവേട്ട) പോയതാണ്. എന്നാൽ അയക്കപ്പെട്ട ആ ഭ്രാതാവ് വനത്തിൽ എല്ലായിടവും അദ്ദേഹത്തെ തിരഞ്ഞുപോയിരിക്കയാണ്.

83. അഥായസ്യൻ കഷായാക്ഷഃ സ്യന്നസ്വേദകപോൽവണഃ
സന്ദർശിതാന്തരാകൂതസ്താമവാദിദ്യശാനനഃ

സീതാവാക്യം കേട്ട് ക്രോധരക്താക്ഷനായ രാവണൻ ക്രോധം പ്രയാസപ്പെട്ട് അടക്കി. കോപം കൊണ്ട് കവിൾ ചുവന്നു,വിയർപ്പു പൊടിഞ്ഞു. തന്റെ സന്ദർശനത്തിന്റെ ആന്തരലക്ഷ്യം ഓർത്ത് സീതയോട് ഇപ്രകാരം പറഞ്ഞു.

84. കൃതേ കാനിഷ്ഠിനേയസ്യ ജൈഷ്ഠിനേയം വിവാസിതം
കോ നഗ്നമുഷിതപ്രഖ്യം ബഹു മന്യേത രാഘവം

അനുജനായ ഭരതനാൽ വസ്ത്രംപോലും അപഹരിക്കപ്പെട്ട് നഗ്നനെപ്പോലെ നടക്കുന്ന ജ്യേഷ്ഠനായ രാഘവനെ നീ എന്തിനാണിത്ര ബഹുമാനിക്കുന്നത്.

85. രാക്ഷസാൻബഹുയജ്ഞേഷു പിണ്ഡീശൂരാൻ നിരസ്തവാൻ
യദ്യസൌ കൂപമണ്ഡൂകി തവൈതാവതി കഃസ്മയഃ

വളരെ യജ്ഞങ്ങളിൽ നിരസ്തവാന്മാരായ രാക്ഷസരെ വധിച്ചത് പിണ്ഡീശൂരത്വമാണ്, രണശൂരത്വമല്ല. (പിണ്ഡം ഉരുള. അന്നം. ഗൃഹശൂരത്വം മാത്രം). കൂപമണ്ഡൂകീ, അതിലെന്താണിത്ര വിസ്മയിക്കാനുള്ളത്.

86. നിർല്ലങ്കോ വിമദഃ സ്വാമീ ധനാനാം ഹൃതപുഷ്പകഃ
അദ്ധ്യാസ്തേന്തർഗിരം യസ്മാത് കസ്തന്നാവൈതി കാരണം

എന്നെപ്പേടിച്ച് ധനാധിപനായ കുബേരൻ വിമർദ്ദനായി (അഹങ്കാരം ഉപേക്ഷിച്ച്) ലങ്കയെ ഉപേക്ഷിച്ച് ഓടിപ്പോയി. അവന്റെ പുഷ്പകവിമാനം ഞാൻ ഹരിച്ചു. അവൻ ഗിരിയുടെ അകത്ത് പോയി ഒളിച്ചതിന്ന് കാരണം എന്റെ വിക്രമമാണ്.

87. ഭിന്നനൌക ഇവ ധ്യായൻമത്തോ ബിഭ്യത്ത്യമഃസ്വയം
കൃഷ്ണിമാനം ദധാനേന മുഖേനാസ്തേ നിരുദ്ധ്യതി

കപ്പൽ തകർന്നവനെപ്പോലെ മത്തനും ഭീതനും മലിനമുഖനുമായി രക്ഷപ്പെടാനുള്ള വഴി ധ്യാനിച്ച് യമൻ സ്വയം ജലത്തിനു നടുവിൽ പോയി ഒളിച്ചിരിക്കുകയാണ്.

88. സമുദ്രോപത്യകാ ഹൈമീ പർവ്വതാധിത്യകാ പുരീ
രത്നപാരായണം നാമ്നാ ലങ്കേതി മമ മൈഥിലി

ഹേ,മൈഥിലീ, സമുദ്രതീരത്തുള്ളതും പർവ്വതോപരി സ്ഥിതി ചെയ്യുന്നതും ഹേമമയിയും സർവ്വരത്നങ്ങളുടേയും ഇരിപ്പിടവുമായ ലങ്ക എന്ന നാമമുള്ള നഗരം എന്റേതാണ്.

89. ആവാസേ സിക്തസംമൃഷ്ടേ ഗന്ധൈസ്ത്വം ലിപ്തവാസിതാ
അർപ്പിതോരുസുഗന്ധസ്യഗ് തസ്യാം വസ മയാ സഹ

അവിടെ സന്തോഷപൂർവ്വം സുഗന്ധലേപനം ചെയ്തും ഗന്ധധൂപാദികളാൽ സുവാസിതയായും സുഗന്ധമാല്യങ്ങളാൽ സമർപ്പിതയായും എന്നോടുകൂടി വസിച്ചാലും.

90. സംഗച്ഛ പൌംസ്നി സ്ത്രൈണം മാം യുവാനം തരുണി ശുഭേ
രാഘവഃ പ്രോഷ്യപാപീയാൻ ജഹീഹി തമകിഞ്ചനം

ഹേ,ശുഭേ, തരുണി, പൈൗംസ്നീ, (പുരുഷന് ഹിതവും അർഹവുമായത് പൌംസ്നി) സ്ത്രൈണവും (സ്ത്രീകൾക്ക് ഹിതവും അർഹവുമായത് സ്ത്രൈണം.) യുവാവുമായ എന്നെ രാജ്യഭ്രഷ്ടനും അകിഞ്ചനനും (നിസ്വൻ) പാപിയുമായ രാമനെ ഉപേക്ഷിച്ച് പ്രാപിച്ചാലും

91. അശ്നീതപിബതീയന്തി പ്രസിതാ സ്മരകർമ്മണി
വശേകൃത്യ ദശഗ്രീവം മോദസ്വ വരമന്ദിരേ

കാമന്റെ കർമ്മത്തിൽ(സുരതം) ആസക്തയായി (പ്രസിത) സുഖം എന്ന ലഹരി മോന്തിയവളെപ്പോലെ ദശഗ്രീവന്റെ സ്വാമിനിയായി, വശംവദയായി, അവനെ വശീകരിച്ച് ശ്രേഷ്ഠമായ മന്ദിരത്തിൽ മോദിച്ച് വാഴുക.

92. മാ സ്മ ഭൂഗ്രാഹിണീ ഭീരു ഗന്തുമുത്സാഹിനീ ഭവ
ഉദ്ഭാസിനാ ച ഭൂത്വാ നോ വക്ഷസമ്മർദ്ദിനീ ഭവ

ഹേ,ഭീരു, എന്നിൽ പ്രതികൂലഭാവം കാട്ടരുതേ. ഉത്സാഹിനിയാവുക. ഉദ്ഭാസിനിയായി ഭവിച്ച് , വക്ഷസമ്മർദ്ദിനിയാവുക. (വക്ഷസ്സിനെ മർദ്ദിക്കുക)

93. താം പ്രാതികൂലികീം മത്വാ ജിഹീർഷുർഭ്രാമവിഗ്രഹഃ
ബാഹൂപപീഠമാശ്ലിഷ്യ ജഗാഹേ ധ്യാം നിശാചരഃ

നിശാചരൻ സീത പ്രതികൂലവർത്തിനിയാണെന്നും അനുനയിക്കാനാവില്ലെന്നും മനസ്സിലാക്കി.ബലം കൊണ്ട് അപഹരിക്കാൻ ഇച്ഛിച്ചു. ദ്യോവിനെ മുട്ടുന്ന സ്വന്തം ആകാരം സ്വീകരിച്ചു, ബാഹുക്കളെ ഉപപീഠമാക്കി എടുത്തു പൊക്കി, ആശ്ലേഷിച്ചു.

94. ത്രസ്യന്തീം താം സമാദായ യതോ രാത്രിഞ്ചരാലയം
തൂർണ്ണീംഭൂയ ഭയാദാസാഞ്ചക്രിരേ മൃഗപക്ഷിണഃ

പേടിച്ചുവിറക്കുന്ന സീതയെ എടുത്ത് രാക്ഷസാലയത്തിലേക്ക് (ലങ്ക) ഗമിച്ചു. മൌനികളായ മൃഗപക്ഷികളും കൂടി ഭയത്താൽ കരഞ്ഞു.

95. ഉച്ചൈ രാരസ്യമാനാം താം കൃപണൌ രാമലക്ഷ്മണൌ
ജടായുഃ പ്രാപ പക്ഷീന്ദ്രഃ പരുഷം രാവണം വദൻ

രാമലക്ഷ്മണന്മാരെ വിളിച്ചുകൊണ്ടുള്ള, ഉച്ചത്തിലുള്ള ദീനരോദനം കേട്ട് പക്ഷീന്ദ്രനായ ജടായു രാവണനോടു പരുഷവാക്യം പറഞ്ഞു. രാവണനോട് രേരേ ചോര ദുരാത്മാവേ എന്ന് പരുഷമായും സീതയോട് വത്സേ ഭയപ്പെടരുത് എന്ന് ആശ്വാസവാക്കും പറഞ്ഞു എന്നാണ് ഭാഷ്യം.

ഇപ്രകാരം പ്രകീർണ്ണിക.